Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മിഥുനം 2 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം . 1954 ജൂൺ 16 | ലക്കം 41

## കമ്മ്യൂണിസ്റ്റ്‌വിരുദ്ധസേന റഷ്യയിൽ രഹസ്യപ്രവർത്തനം നടത്തുന്നു

(എ. ജി. അഗസ്റ്റിൻ, ബി. ഏ. ബി. എൽ.)


റഷ്യയിലും റഷ്യയുടെ സാമന്തരാജ്യങ്ങളിലും ഒരു കമ്മ്യൂണിസ്റ്റ്‌വിരുദ്ധ നിഗൂഢസേന വിജയകരമായി പ്രവർത്തനം നടത്തുന്നുണ്ട്. ദൈവവിശ്വാസവും മതാനുഷ്ഠാനങ്ങളും പ്രചരിപ്പിക്കുകയാണ് അവരുടെ ലക്ഷ്യം. സോവ്യററധികൃതന്മാർക്കു ഇതേപ്പററി കുറെക്കൊല്ലക്കാലമായിട്ടു നല്ല പോലെ അറിയാം. ഈ പ്രസ്ഥാനത്തെ അടിച്ചമർത്തുന്നതിനു ഗവമ്മെണ്ടു് സർവ്വവിധ ഉപായങ്ങളും പ്രയോഗിക്കുന്നുണ്ടു്. വിദ്യാലയങ്ങൾ, പത്രമാസികകൾ, റേഡിയൊ എന്നിവ മുഖേനയും രഹസ്യപ്പോലീസ്, ചാരസംഘം, എന്നിവർ വഴിയും മർദ്ദനം, തടങ്കലിൽവയ്ക്കൽ, വധശിക്ഷ എന്നിവ മുഖേനയും കമ്മ്യൂണിസ്റ്റ്‌വിരുദ്ധസേനയെ ഉന്മൂലനം ചെയ്യുന്നതിനുള്ള സോവ്യററുഗവമ്മെണ്ടിൻെറ യത്നങ്ങൾ പരാജയപ്പെട്ടുവരികയാണു്; പ്രത്യുത ആ സേനയിൽ കൂടുതൽ ആളുകൾ ചേർന്നു സുസംഘടിതമായ പ്രവർത്തനം തുടരുകയും ചെയ്യുന്നു.

റഷ്യൻജനതയിൽ പത്തിലൊന്നുപേർ ഈ സേനയിൽ ചേർന്നിട്ടുണ്ടെന്നാണു് അഞ്ചുകൊല്ലക്കാലം അതിൻെറ കീഴിൽ സേവനം ചെയ്തശേഷം കുറച്ചുനാൾ മുൻപു സോവിയററു നാട്ടിൽനിന്നു രക്ഷപ്പെട്ടുപോന്ന ഒരു നേതാവു് കണക്കാക്കിയിരിക്കുന്നതു്. ഈ കണക്കനുസരിച്ചു ഒരു കോടി 80 ലക്ഷം പേർ അതിലെ അംഗങ്ങളായി കാണണം. ഒരു പക്ഷെ ഇതു കുറച്ചു അതിശയോക്തിപരമായ ഒരു കണക്കായിരിക്കാം. എങ്കിലും 63 ലക്ഷത്തിലധികം പേർ കമ്മ്യൂണിസ്റ്റ്‌വിരുദ്ധസേനയിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ടെന്നു പറയുന്നതിൽ തെററുണ്ടാവുകയില്ല. അതു് ഏററവും മിതമായ ഒരു കണക്കാണു്.


രാഷ്ട്രാരാധനയ്ക്കെതിരായി ദൈവാരാധന നടപ്പാക്കണമെന്നുള്ള പരിപാടിയാണു് ഈ സേനയ്ക്കുള്ളതു്. തൊഴിലാളികൾ, കർഷകർ, അദ്ധ്യാപകന്മാർ, ഡോക്ടറന്മാർ, അഭിഭാഷകന്മാർ, സാങ്കേതികവിദഗ്ദ്ധന്മാർ, എന്നുവേണ്ട ജീവിതത്തിൻെറ വിവിധ നിലകളിലുള്ളവരും പല തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരുമായ പൗരന്മാർ ഈ സംഘടനയിൽ ചേർന്നിട്ടുണ്ടു്. കൃഷിസ്ഥലങ്ങളിലും ഫാക്ടറികളിലും സോവ്യററുസേനാവ്യൂഹത്തിലും രാഷ്ട്രീയതടവുകാരുടെ കാരാഗൃഹങ്ങളിലും കമ്മ്യൂണിസ്റ്റ്‌പാർട്ടിയിൽതന്നെയും ഒരുപക്ഷെ ഗവമ്മെണ്ടുദ്യോഗരംഗങ്ങളിലും കമ്മ്യൂണിസ്റ്റ്‌വിരുദ്ധസേനാഭടന്മാർ നുഴഞ്ഞുകയറിയിട്ടുണ്ടു്. അംഗങ്ങൾ വിവിധ മതാവലംബികളാണു്.

ക്രിസ്ത്യാനികളേയും യഹൂദന്മാരേയും മുഹമ്മദീയരേയും ഈ സേനയിൽ കാണാം. എല്ലാ മതങ്ങളും മർദ്ദനത്തിനു കീഴ്പെട്ടിരിക്കയാൽ അവക്കെല്ലാം ഏറെക്കുറെ ഒരേ പ്രശ്നമാണു അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ളതു്.

മതപ്രചരണതല്പരരായ പലരും പലപ്പോഴായി ഓരോരോ വേഷത്തിൽ റഷ്യയിൽ കടന്നു മതാനുഷ്ഠാനങ്ങൾ പ്രോത്സാഹിപ്പിക്കാൻ ഉററുശ്രമിച്ചിട്ടുണ്ടു്. അക്കൂട്ടത്തിൽ ഒരു പോളിഷ് കത്തോലിക്കാ വൈദികൻെറ കാര്യം പ്രത്യേകം പ്രസ്താവ്യമാണു്. പെട്രോവിച്ചു് എന്ന ഒരു റഷ്യൻ ഭടൻെറ പാസ്പോർട്ടോടുകൂടി കഴിഞ്ഞ ലോകമഹാ യുദ്ധത്തിനു അല്പം മുൻപു അദ്ദേഹം റഷ്യയിൽ കടക്കുകയുണ്ടായി. ലാററ്‌വിയായിൽ റിഗ എന്നിടത്തെ സൈനികകേന്ദ്രത്തിൽ നിയമിതനായ അദ്ദേഹം അവിടെ ദൈവാരാധന പ്രചരിപ്പിക്കുന്നതിൽ രഹസ്യമായിട്ടാണെങ്കിലും വിജയകരമായി വ്യാപരിച്ചു. കമ്മ്യൂണിസ്റ്റ്‌ചാരന്മാർക്കു പിടികൊടുക്കാതെ പതിനഞ്ചുമാസക്കാലം അദ്ദേഹം തൻെറ ആദ്ധ്യാത്മിക ജോലികൾ നിർവ്വഹിച്ചുപോന്നു. 1941-ൽ ഒളിവിൽ നടത്തപ്പെട്ടിരുന്ന ഒരു കപ്പേളയിൽ കുരിശുരൂപത്തിൻെറ മുമ്പിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന അവസരത്തിൽ കമ്മ്യൂണിസ്റ്റു ഭടന്മാർവന്നു അദ്ദേഹത്തെ ബന്ധിച്ചുകൊണ്ടുപോയി. മരണക്കിടക്കയിൽവെച്ചു ആ വൈദികൻെറ കരങ്ങളിൽനിന്നു ഒടുവിലത്തെ ഒപ്രുശുമ സ്വീകരിച്ച ഒരു വൃദ്ധയുടെ കമ്മ്യൂണിസ്റ്റുകാരനായ മകനാണു് അദ്ദേഹത്തെ ഒററിക്കൊടുത്തതു്. അദ്ദേഹം മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടുവെങ്കിലും ഹിററ്‌ലരുടെ ആക്രമണം ആ ദിവസത്തിലായിരുന്നതിനാൽ ശിക്ഷ ജീവപര്യന്തം തടവായി കുറച്ചു. ഒടുവിൽ അദ്ദേഹം സ്റ്റാലിൻഗ്രാഡ് മിലിററി ആസ്പത്രിയിലെ ഒരു ഡോക്ടർ എന്ന നിലയിൽ 1942-43-ൽ പ്രത്യക്ഷപ്പെടുന്നതായിട്ടാണു് കാണുന്നതു്. ശസ്ത്രക്രിയയിൽ അത്ഭുതകരമായ വൈദഗ്ദ്ധ്യം അദ്ദേഹം പ്രകടിപ്പിച്ചു. മാത്രമല്ല, ദൈവത്തെപ്പററി പരസ്യമായി സംസാരിക്കുക, കുരിശടയാളം വരയ്ക്കുക, കുമ്പസാരം കേൾക്കുക, രോഗികളെ ആശീർവ്വദിക്കുക, കൂദാശകൾ നൽകുക എന്നിങ്ങനെയുള്ള ആദ്ധ്യാത്മിക ജോലികളും അദ്ദേഹം നിർവ്വിശങ്കം നടത്തിപ്പോന്നു. സോവ്യററധികൃതർ ഇതെല്ലാം മനസ്സിലാക്കിയിരുന്നുവെങ്കിലും, ജർമ്മൻകാർ നഗരം ആക്രമിച്ചുവളഞ്ഞിരുന്ന ആ ആപത്സന്ധിയിൽ നല്ല ശസ്ത്രക്രിയാവിദഗ്ദ്ധന്മാരുടെ ആവശ്യം വളരെയധികം ഉണ്ടായിരുന്നതുകൊണ്ടു് നമ്മുടെ വൈദികൻെറ പ്രവർത്തനങ്ങളെ അവർ വകവെച്ചുകൊടുക്കുകയാണു് ചെയ്തതു്. മരിച്ചവർക്കുവേണ്ടി പരസ്യപ്രാർത്ഥന നടത്താൻ അനുവദിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് 1943-ൽ സ്റ്റാലിൻഗ്രാഡിലെ ജനങ്ങൾ പ്രസ്തുത വൈദികൻെറ പ്രചോദനത്തിൻകീഴ് സ്റ്റാലിനു് ഒരു ഹർജി കൊടുക്കുകയുണ്ടായി. സ്റ്റാലിൻഗ്രാഡിലെ 7 ലക്ഷം പൗരന്മാർ മാത്രമല്ല, റഷ്യയുടെ മററുഭാഗങ്ങളിലെ അനേകലക്ഷം പൗരന്മാരും ഹർജിയിൽ ഒപ്പിട്ടു. സ്റ്റാലിൻ മനസ്സില്ലാമനസ്സോടെ ഈ അപേക്ഷ അനുവദിച്ചുകൊടുത്തുവെങ്കിലും ഇ



പഴയ നിയമത്തിലെ മൽക്കിസദേക്കിൻെറ ബലിയർപ്പണം



പുതിയ നിയമത്തിലെ മിശിഹായുടെ ദിവ്യബലിയർപ്പണം

# "ഹിററ്ലറായിരുന്നു എന്റെ തലതൊട്ടപ്പൻ"

(ജോസഫ് കുട്ടമ്മേൽ)

(തുടർച്ച)

"ഇന്നു നാം ചെയ്യേണ്ട സുകൃതം ഇതായിരിക്കാം നിക്കളോസ്" പടിക്കൽ തളർന്നുവീഴാറായി വിറപൂണ്ടുനില്ക്കുന്ന ബാലപേലവത്തെ നോക്കിക്കൊണ്ടു് ആ ഗൃഹനായിക അവളുടെ ഭർത്താവിനോടു പറഞ്ഞു. ബാലനായ മാർട്ടിൻ പുനർജീവിച്ചു. കർഷകനായ (Hohenwartuer) ഹോഹൻവാർട്ടനറോടും ഭാര്യയോടുംകൂടി അവൻ ജീവിതം വീണ്ടും ആരംഭിച്ചു. അവന്റെ ആരോഗ്യം വീണ്ടെടുത്തു.

മാർട്ടിനു അവിടെ ജോലി അധികമൊന്നുമുണ്ടായിരുന്നില്ല. ആ മലമ്പ്രദേശത്തെ സ്വച്ഛമായ അന്തരീക്ഷത്തിൽ അവൻ ധാരാളം വിശ്രമിച്ചു. "ഇവിടെയാണു് ഞാൻ ക്രൈസ്തവജീവിതരീതി ആദ്യമായി നേരിട്ടു കണ്ടതു്," അവൻ പറഞ്ഞു. "ഈ സാധുകർഷകസുഹൃത്തുക്കളുടെ മൂഢമതവിശ്വാസംകണ്ടു് ഞാൻ ആദ്യമാദ്യം പൊട്ടിച്ചിരിച്ചുപോയിട്ടുണ്ടു്. എന്നാൽ അവരെയും അവരുടെ മതത്തെയും ബഹുമാനിക്കാൻ പിന്നീടു് വളരെവേഗം ഞാൻ പഠിച്ചു. അവരുടെ ക്രിസ്തുമതം നിമിത്തവും ഈശ്വരച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സഹോദരങ്ങളോടു അവർക്കുള്ള വിനീതാദരവുകൊണ്ടുമാണല്ലോ എന്നെ അവർ സ്വീകരിച്ചതു്. അവരുടെ മൂഢവിശ്വാസം അവരിൽ ഉദ്ദീപിപ്പിച്ച ചൈതന്യം ഞാൻ വേണ്ടുവോളം അനുഭവിച്ചു. അവരുടെ മതത്തെക്കുറിച്ചു് എനിക്കു ജിജ്ഞാസ ഉണ്ടായി. അവരുടെ സഭാപ്രസിദ്ധീകരണങ്ങൾ ഞാൻ വായിച്ചുതുടങ്ങി. അവയെല്ലാം ഞാൻ പഠിച്ചു. ഒടുവിൽ എന്റെ ജീവിതത്തിൽ ആദ്യമായി ഞാൻ ബൈബിൾ എടുത്തു് ആദ്യന്തം വായിച്ചു. യക്ഷികഥകൾപോലെയാണു് അതു് ആദ്യമെനിക്കു് തോന്നിയതു്. എങ്കിലും അതു രസകരവും സുഗ്രാഹ്യവുമായിത്തോന്നി. ജനങ്ങൾ എന്തിനാണു് പള്ളിയിൽ പോകുന്നതു്; ഈ ഗ്രന്ഥത്തിലെ കഥകൾ എല്ലാം അവർ എങ്ങനെ വിശ്വസിക്കുന്നു എന്നൊന്നും അന്നെനിക്കു മനസ്സിലായിരുന്നില്ല.

ഒരുദിവസം ഞങ്ങളുടെ വയലിൽ ഒരു യുവവൈദികൻ വന്നു. ജർമ്മൻ തടങ്കൽപ്പാളയത്തെക്കുറിച്ചും അവയിൽ തടവുകാർ അനുഭവിക്കുന്ന കഠിനയാതനകളെക്കുറിച്ചുമെല്ലാം അദ്ദേഹം സംസാരിച്ചു. "പച്ചക്കള്ളം, പച്ചക്കള്ളം" എന്നു് വിളിച്ചുകൂവാൻ എനിക്കാവേശമുണ്ടായി. അദ്ദേഹം വിവരിച്ച ഭയങ്കരകൃത്യങ്ങൾ ജർമ്മൻകാർ ചെയ്തുവെന്നു് വിശ്വസിക്കുവാൻ എനിക്കു പ്രയാസമായിരുന്നു. എങ്കിലും അവഗണിക്കുവാൻ പാടില്ലാത്ത എന്തോ ഒരു വൈശിഷ്ട്യം ആ വൈദികനിൽ ഉണ്ടായിരുന്നതായി എനിക്കുതോന്നി.

ഒററയ്ക്കിരുന്നു അല്പം ഒന്നാശ്വസിക്കാൻവേണ്ടി ഞാൻ പുറത്തേക്കുപോയി. എന്നാൽ അവിടെയും അദ്ദേഹം എന്നെ കണ്ടുപിടിച്ചപ്പോൾ എന്റെ ഹൃദയം സ്തംഭിച്ചുപോയെന്നുതന്നെ പറയാം. ഞങ്ങൾ കുറച്ചുനേരം വീണ്ടും സംസാരിച്ചു. എന്റെ ഉള്ളിൽ നടക്കുന്ന സമരമെന്താണെന്നു് അദ്ദേഹം മനസ്സിലാക്കി. യാത്രപറഞ്ഞപ്പോൾ അദ്ദേഹം എന്റെ കണ്ണുകളിലേക്കു് തുറിച്ചുനോക്കിപ്പറഞ്ഞു. "ദൈവം നിന്നെ ഉപേക്ഷിക്കയില്ല; അദ്ദേഹത്തിൽ വിശ്വാസം അർപ്പിക്കുക."

ആ വൈദികൻ എന്നെ വിട്ടുപിരിഞ്ഞപ്പോൾ ശല്യം ഒഴിഞ്ഞല്ലോ എന്നു് ഞാൻ സന്തോഷിച്ചു. എന്നാൽ എന്റെ മനസ്സു് വീണ്ടും അദ്ദേഹത്തിന്റെ പക്കലേക്കു് ചിറകടിച്ചു പറന്നുതുടങ്ങി. നാസ്സികലാലയങ്ങളിൽനിന്നു് എനിക്കു ലഭിച്ച അഭ്യസനവും അറിവുകളും ശരിയാണോയെന്നു് എനിക്കു സംശയമായി.

ആ അപകടം! അതു് 1946-ൽ സംഭവിച്ചു. മറെറാരു കർഷകന്റെകൂടെ ജീവിക്കുവാൻ സാഹചര്യങ്ങൾ മാർട്ടിനു് ഇടയാക്കി. ആ കർഷകനാകട്ടെ കേവലം നാമമാത്രനായ ഒരു കത്തോലിക്കനായിരുന്നു. നാസ്സിഭരണം വീണ്ടുംവരുമെന്നു അവർ ഇരുവരുംവിശ്വസിച്ചു് സ്വപ്നലോകത്തിൽനാസ്സിസാമ്രാജ്യപ്രഭുത്വം ദർശിച്ചുകൊണ്ടിരുന്നു. മാർട്ടിന്റെ മതപരമായ പ്രവണതകൾ ക്രമേണ അസ്തമിച്ചുതുടങ്ങി.

ദൈവം അവനെ കൈവെടിഞ്ഞില്ല. 1947-ൽ വീണ്ടും അവൻ പഴയ കർഷകസുഹൃത്തുക്കളിലേക്കുതന്നെ പിൻതിരിഞ്ഞു. ഹാർട്ടൻ വാർട്ടനറുടെ സ്നേഹനിധിയായ ഭാര്യ ധാരാളം പള്ളിപ്രസിദ്ധീകരണങ്ങൾ മാർട്ടിനുവേണ്ടി സൂക്ഷിച്ചുവച്ചിട്ടുണ്ടായിരുന്നു! "ഒരു വാചകം എന്നെ വല്ലാതെ സ്പർശിച്ചു" മാർട്ടിൻ പറയുകയാണു്, "അവ ഉച്ചരിക്കുവാൻകൂടി എനിക്കു വിഷമമായിത്തോന്നി. "ദൈവം ഭയങ്കരനായ ഒരു ന്യായാധിപനായിരിക്കണമോ, അതോ കരുണാനിധിയായ ഒരു രക്ഷകനായിരിക്കണമോ എന്നു് തീരുമാനിക്കേണ്ടതു നീതന്നെയാണു്. നിന്റെ ദൈവത്തിൽനിന്നു് നിനക്കു വഴുതിമാറാൻ സാധിക്കയില്ല;" ഇതു വായിച്ചു കഴിഞ്ഞപ്പോൾ ഞാൻ ലജ്ജിതനായി. എനിക്കു കരയുവാൻതോന്നി."

ദുസ്സഹമായ തണുപ്പുള്ള ഒരു ദിവസമായിരുന്നു അടുത്ത ഞായറാഴ്ച. മഞ്ഞു നിറഞ്ഞുകിടന്ന ആൽപയിൻ താഴ്വരകളിൽക്കൂടി മൂന്നു മണിക്കൂർ വലിഞ്ഞിഴഞ്ഞുനടന്നാണു് അവൻ മരിയകെർച്ചെൻതാൾ (Maria Kerchenthual) എന്ന ഗ്രാമത്തിലെ ദേവാലയത്തിലെത്തിയതു്. പള്ളിക്കർമ്മങ്ങൾക്കുശേഷം ആ വൈദികന്റെ ബംഗ്ലാവിലേക്കു ഒന്നു പോകണമെന്നു് അവനു തോന്നി. എന്നാൽ ആത്മധൈര്യക്കുറവുകൊണ്ടു് ഉടനെ ചെയ്തതു് അടുത്തുണ്ടായിരുന്ന ഒരു റെസ്റ്റോറന്റിലേക്കു കയറുകയായിരുന്നു. ഒടുവിൽ ആ യുവവൈദികന്റെ ഭവനത്തിലേക്കുതന്നെ അവൻ തിരിച്ചു. വാതിൽ സാദരം തുറന്നു. ഭീരുവായ മാർട്ടിൻ നമ്രശിരസ്കനായി അകത്തുകടന്നു. ഒരക്ഷരംപോലും ഉരിയാടാൻ കെല്പില്ലാതെ അവൻ അവിടെ നിശ്ചേഷ്ടനായി നിന്നുപോയി. "അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചു" അവൻ തുടരുകയാണു്. "മൂന്നുമണിക്കൂർ അദ്ദേഹവുമായി ഞാൻ സംസാരിച്ചു. തദനന്തരം എല്ലാ ഞായറാഴ്ചയും ഞാൻ അദ്ദേഹത്തെ സന്ദർശിച്ചുപോന്നു. മെയ് 4-ാംതീയതി ഞാൻ ജ്ഞാനസ്നാനം സ്വീകരിച്ചു. അമ്മയും സഹോദരന്മാരും ഇക്കഥ അറിയുമ്പോൾ എന്തുവിചാരിക്കുമോ. എനിക്കു ശങ്കയായി."

ശേഷിച്ച മാർട്ടിൻ കുടുംബത്തിനു് എന്തു സംഭവിച്ചുവെന്നറിയേണ്ടേ? എട്ടംഗങ്ങളാണു് ഒടുവിൽ മാർട്ടിൻ കുടുംബത്തിൽ ശേഷിച്ചതു്. അവന്റെ അമ്മ ഗെർദാബോർമാനും, മററു സഹോദരീസഹോദരന്മാരും മാത്രമായിരുന്നു. യുദ്ധത്തിന്റെ അന്തിമഘട്ടത്തിൽ ഗെർദാബോർമാന്റെ ഇറാലിയിൽ ആൽപ്സ് പർവ്വതപ്രാന്തത്തിലുള്ള ടൈറോൾ (Tyrol) എന്ന സ്ഥലത്തെത്തി. ഉദരസംബന്ധമായ അർബുദരോഗംനിമിത്തം ആറുമാസം കഴിഞ്ഞു് അവർ ഇഹലോകജീവിതം വെടിഞ്ഞു. അതോടുകൂടിത്തന്നെയെന്നുപറയാം ഇളയകുട്ടിയും.

ഭാഗ്യവശാൽ ഗെർദാബോർമാനു് തെക്കേ ടൈറോളിലെ കത്തോലിക്കാസൈനിക ചാപ്ലയിനായിരുന്ന ഫാ. തിയോഷിമിസുമായി പരിചയമുണ്ടായിരുന്നു. തന്റെ കുട്ടികളുടെ രക്ഷാകർത്തൃസ്ഥാനം കൈയേൽക്കണമെന്നു് മരിക്കുന്നതിനു മുൻപു് അവർ അദ്ദേഹത്തോടപേക്ഷിക്കുകയുണ്ടായി. ഓരോ കുട്ടിയേയും ആ വൈദികൻ ഓരോ കത്തോലിക്കാഭവനത്തിൽ ഏല്പിച്ചു. ഇപ്പോഴും അവർ ടൈറോളിൽ ക്ഷേമപൂർവ്വം വളരുന്നു.

"ബോർമാൻകുഞ്ഞുങ്ങളുടെ മേൽ യാതൊരു ശാപവുമില്ല" ഫാ. ഷിമിസു് അഭിമാനംകൊള്ളുകയാണു്. "ദൈവം അവരെ ശരിയായി നയിച്ചു. ഈ നിർദ്ദോഷികളായ പെൺകുഞ്ഞുങ്ങളുടെയും ആൺകുട്ടികളുടെയും ശാന്തജീവിതം ഭഞ്ജിക്കപ്പെടുകയില്ലെന്നുതന്നെയാണു് എന്റെ വിശ്വാസം. അവർക്കു വന്നുകൂടാവുന്ന ഏററവും വലിയ വിപത്തു് അവരുടെ പിതാവിന്റെ ആകസ്മികമായ പ്രത്യാഗമനമായിരിക്കും."

യുദ്ധാനന്തരം മാസ്റ്റർ ബോർമാന്റെ മൂത്ത സഹോദരിയായ ഐക്കിൽനിന്നു 1948-ൽ ലഭിച്ച അപ്രതീക്ഷിതമായ കത്തു അവന്റെ പുതിയ ജീവിതത്തിലെ ഏററം സന്തോഷകരമായ ഒരു സംഭവമായിരുന്നു. എന്നാൽ സന്തോഷം അടുത്ത ക്ഷണത്തിൽ ഭയമായി മാറി. എന്തുകൊണ്ടെന്നാൽ "മാർട്ടിൻ ബോർമാൻ" എന്നാണു് ഐക്കു് മേൽവിലാസം വച്ചിരുന്നതു്. സൈനികചാരന്മാർ ഉടൻതന്നെ മാസ്റ്റർ ബോർമാനെ പിടികൂടി. അവർ അവനെ ചോദ്യംചെയ്തുതുടങ്ങി. "നിന്റെ പിതാവു് എവിടെ" ഭീഷണിയുടെയും ഭത്സനങ്ങളുടെയുംകൂടെ അവർ അവനു് ചോക്ലേററും സിഗററുമെല്ലാം നൽകിനോക്കി. അർദ്ധരാത്രി ഉറക്കത്തിൽനിന്നു പെട്ടെന്നു പിടിച്ചു് എണീപ്പിച്ചു ചൂടുള്ള പ്രകാശം അവന്റെമേൽ ഏല്പിച്ചിട്ടു ചോദിക്കും "പറയൂ, നിന്റെ അച്ഛൻ എവിടെ?" പാവം മാർട്ടിനു ഒരു മറുപടിമാത്രമേ പറയാനുണ്ടായിരുന്നുള്ളൂ—"എനിക്കറിവില്ല."

മോചിക്കപ്പെട്ടയുടനെ നമ്മുടെ കഥാനായകൻ സേക്രഡ്ഹാർട്ടു് മിഷനറിമാരുടെ സിമ്മനാരിയിലേക്കാണു് പോയതു്. 1951 ജൂണിൽ പ്രസ്തുത വൈദികകലാലയത്തിലെ അഭ്യസനം പൂർത്തിയാക്കിയശേഷം ഉപരിപഠനത്തിനായി ആസ്ത്രിയായിലെ സേക്രഡ്ഹാർട്ടു് സെമ്മിനാരിയിൽ പ്രവേശിക്കുകയുണ്ടായി. ഒരു മിഷനറിവൈദികനാകാനാണു് മാർട്ടിൻ ബോർമാൻ ആഗ്രഹിക്കുന്നതു്.

1950-ലെ ഈസ്റ്റർവാരത്തിൽ മാർട്ടിനും സഹോദരിമാരായ ഐക്കും ഐർമിയും കൂടി മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുകയുണ്ടായി. ഐർമി അപ്പോഴും പ്രോട്ടസ്റ്റൻറായി കഴിഞ്ഞതിൽ തിരുമേനിക്കു് അല്പം ആശ്ചര്യം തോന്നാതിരുന്നില്ല. മാതൃസഭയിലേക്കു് പിൻതിരിയാൻ തീരുമാനിച്ചിരിക്കുകയാണെന്നു് പരിശുദ്ധപിതാവിനെ അറിയിച്ചുകൊണ്ടാണു് ഐർമി വിടവാങ്ങിയതു്.

ബോർമാൻ കുടുംബത്തിന്റെ സമ്പാദ്യങ്ങളൊന്നും ഒളിച്ചുവച്ചിട്ടില്ലെന്നാണു് ഫാ. ഷിമിസു് പറയുന്നതു്. നാസ്സിനേതാക്കളിലൊരാളായിരുന്ന (Hofer) ഹോഫറിന്റെ ആസ്ഥാനത്തുനിന്നു് അഞ്ചു രജതപേടകങ്ങളിൽ സൂക്ഷിച്ചിരുന്ന ബോർമാൻ കുടുംബത്തിന്റെ സ്വകാര്യസമ്പാദ്യങ്ങൾ സങ്കലിതസൈന്യമേധാവികൾ കണ്ടെടുക്കുകയുണ്ടായി. എന്നാൽ പിന്നീടു് ആ പെട്ടികൾക്കു് എന്തു സംഭവിച്ചുവെന്നു് അറിഞ്ഞുകൂടാ. ഫാ. ഷിമിസു് തുടർന്നു: "ടാൻജിയറിലെ ഒരു പ്രസിദ്ധീകരണശാല ബോർമാൻ ദമ്പതിമാരുടെ കുറെ കത്തുകൾ പ്രസിദ്ധംചെയ്യുന്നുണ്ടു്. 9000 ഡോളറായിരുന്നു ആ കത്തുകളുടെ വില. എന്നാൽ അതിൽ ഒരു പൈപോലും പാവപ്പെട്ട ബോർമാൻ കുഞ്ഞുങ്ങൾക്കു ലഭിക്കുകയുണ്ടായില്ല.

എന്നാൽ ഇതൊന്നും യുവാവായ മാർട്ടിൻ ബോർമാനെ തെല്ലും അലട്ടുന്നില്ല. അജയ്യമായ ഈശ്വരവിശ്വാസത്തിൽ അവൻ ധൈര്യപൂർവ്വം വർത്തിക്കുകയാണു്. "ഒരു മിഷനറിവൈദികനാകാൻ വേണ്ടുന്ന അനുഗ്രഹവും ശക്തിയും ദൈവം എനിക്കു നൽകട്ടെ" ആ നിരീശ്വരപുത്രൻ ഇന്നു പ്രാർത്ഥിക്കുകയാണു്.

—0—

മേയ്മാസറാണിയുടെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

By, C. V. Kuruvila
Kettamam

കാര്യത്തിൽ മുൻകൈയെടുത്തവരെ അറസ്റ്റു ചെയ്യാനും ഉത്തരവിട്ടു. എന്നാൽ ആരെയും പിടികിട്ടിയില്ല. പ്രസ്തുത വൈദികൻ റഷ്യയിൽനിന്നു ഓടി രക്ഷപ്രാപിച്ചിട്ടു് ഏതാനും നാളുകളായി രാഷ്ട്രീയതടവുകാരുടേയും രക്ഷപ്രാപിച്ചവരുടേയുമിടയിൽ, കമ്മ്യൂണിസ്റ്റു് വിരുദ്ധസേനയിൽ ചേർന്നു് രഹസ്യപ്രവർത്തനം നടത്തുന്ന അനേകംപേരെ തനിക്കു നേരിട്ടു കാണാൻ കഴിഞ്ഞിട്ടുണ്ടെന്നാണു് അദ്ദേഹം പറയുന്നതു്.

ഏതാപത്തിനേയും നേരിടാൻ കരുത്തുള്ളവരാണു് ഈ സേനയിൽ അംഗത്വം സ്വീകരിച്ചുപ്രവർത്തിക്കുന്നതു്. ഇവരുടെ പരിശ്രമഫലമായി സോവിയററ്നാട്ടിൽ ആദ്ധ്യാത്മികമോ രാഷ്ട്രീയമോ ആയ ഒരു പരിവർത്തനം ഏതു സമയത്തും പെട്ടെന്നു ഉണ്ടാകാമെന്നാണു് നിരീക്ഷകന്മാർ പറയുന്നതു്. കമ്മ്യൂണിസ്റ്റു വിപത്തിൽനിന്നു റഷ്യയിലേയും സാമന്തരാജ്യങ്ങളിലേയും ജനങ്ങളെ രക്ഷിക്കുവാനുള്ള ഏററവും ആശാവഹമായ ഉപകരണം ഈ കമ്മ്യൂണിസ്റ്റു് വിരുദ്ധസേനയാണെന്നു പറയാം.



# പെട്രോവ് ദമ്പതികൾ

## റഷ്യയുടെ ചാരവൃത്തികൾ വെളിപ്പെടുന്നതിലുള്ള വെപ്രാളം

മി. വ്ളാഡിമിർ പെട്രോവും മിസ്സിസ് പെട്രോവും ആസ്ത്രേലിയായിലെ സോവ്യററ് എംബസ്സിയിൽ ഉദ്യോഗം വഹിച്ചുപോന്നു. മി. പെട്രോവു എംബസ്സിയിലെ തേർഡ്ക്ലാക്ക ജോലിയിലാണ് 1951-ൽ കാൻബറായിൽ വന്നതു്. പക്ഷെ അദ്ദേഹംവഴി നടന്നിരുന്നതു് പ്രധാനമായും ചാരവൃത്തിയായിരുന്നു. റഷ്യക്കു വിവരങ്ങൾ ചോർത്തിക്കൊടുക്കുവാൻ തയ്യാറുള്ള സജീവപ്രവർത്തകരെ സംഘടിപ്പിക്കുക; റഷ്യയുടെ ഏജൻറുമാരോ സഹായികളോ ആയിട്ടുള്ളവരുമായി സമ്പർക്കം പുലർത്തുക; റഷ്യൻ ഏജൻറുമാരെ ആസ്ത്രേല്യായിലേക്കു കൊണ്ടുവരിക; റഷ്യക്കെതിരായി യുദ്ധമുണ്ടായാൽ ഒളിവിലുള്ള അഞ്ചാംപത്തി പ്രവർത്തനങ്ങളെ പുരോഗമിപ്പിക്കുക; ആസ്ത്രേല്യായുടെ വിദേശനയം സംബന്ധിച്ചും ആസ്ത്രേല്യായും മററു രാജ്യങ്ങളുമായുള്ള ബന്ധവും എഴുത്തുകുത്തുകളും സംബന്ധിച്ചും രഹസ്യവിവരങ്ങൾ കരസ്ഥമാക്കുക മുതലായവയായിരുന്നു അദ്ദേഹംവഴി റഷ്യ ആസ്ത്രേല്യായിൽ നിർവ്വഹിച്ചുപോന്നതു്.

മിസ്സിസ് പെട്രോവും റഷ്യൻ രഹസ്യപ്പോലീസ് ഗണത്തിലെ ഒരംഗമായിരുന്നു. അതിൽ "കാപ്ററൻ" എന്ന ഉയർന്ന ഒരു റാങ്കാണ് അവർക്കുണ്ടായിരുന്നതു്. എംബസ്സിയിലെ സൈഫർക്ലാർക്ക എന്ന ഉദ്യോഗത്തിലാണ് മി. പെട്രോവുമൊരുമിച്ചു കാൻബറായിലെ എംബസ്സിയിൽ അവർ ചാർജ്ജെടുത്തതു്.

മലങ്കോവിൻെറ അധികാരാധിപത്യം നടപ്പാക്കുകയും ബെറിയാ "ലിക്വിഡേററു" ചെയ്യപ്പെടുകയും ചെയ്തതോടെ മി. പെട്രോവിനു പല ആശങ്കകളും സംഭ്രാന്തിയും ഉളവായി. കാരണം അദ്ദേഹം ഒരു ബെറിയാപക്ഷക്കാരനായിരുന്നു. ജീവരക്ഷാർത്ഥം തക്ക സമയത്തു വേണ്ടതു പ്രവർത്തിച്ചുകൊള്ളണമെന്നുള്ള അന്തരംഗപ്രചോദനം അദ്ദേഹത്തിൽ ശക്തിപ്പെട്ടു. "സോവ്യററു യൂണിയനിലേക്കു മടങ്ങിപ്പോകാൻ എനിക്കു അശേഷം ആഗ്രഹമില്ല. റഷ്യയിലേക്കു മടങ്ങിയാൽ ഞാൻ കൊല്ലപ്പെടുമെന്നു എനിക്കറിയാം" എന്നായിരുന്നു ഏപ്രിൽ 2-ാംനു- ആസ്ത്രേല്യൻ സെക്യൂരിട്ടിസേനയിലെ ഒരംഗത്തോടു മി. പെട്രോവു വെളിപ്പെടുത്തിയതു്. ഏപ്രിൽ 16-ാംതീയതി അദ്ദേഹം സോവ്യററു എംബസ്സിയിൽനിന്നും കടന്നു ആസ്ത്രേല്യൻ ഗവമ്മെണ്ടിനോടു ആസ്ത്രേല്യായിൽ തനിക്കു രാഷ്ട്രീയാഭയം നൽകണമെന്നപേക്ഷിച്ചു. അതനുസരിച്ചു ആസ്ത്രേല്യൻഗവമ്മേണ്ടു് അദ്ദേഹത്തിനു സംരക്ഷണം നൽകി.

പിറേറദിവസം റഷ്യൻപത്രങ്ങൾ മി. പെട്രോവിനെ ആസ്ത്രേല്യാക്കാർ പിടിച്ചുകൊണ്ടുപോയി എന്നും അദ്ദേഹത്തെ വധിച്ചുവെന്നും പരസ്യപ്പെടുത്തി. അതേത്തുടർന്നു മിസ്സിസ് പെട്രോവിനെ സാന്ത്വനപ്പെടുത്തുന്നതിനും അവരുമായി ഒരു കൂടിക്കാഴ്ച്ചനുവദിക്കുന്നതിനും മി. പെട്രോവു് ആസ്ത്രേല്യൻ ഗവമ്മേണ്ടുവഴി റഷ്യൻ എംബസ്സിയെ അറിയിച്ചു. ഇതേത്തുടർന്നു റഷ്യയും ആസ്ത്രേല്യായും തമ്മിലുള്ള നയതന്ത്രബന്ധം വിടുർത്തുകയും ഏപ്രിൽ 23-ാംനു- റഷ്യയിലെ ആസ്ത്രേല്യൻ സ്ഥാനപതികളോടു രണ്ടു മൂന്നു ദിവസത്തിനകം റഷ്യ വിട്ടുകൊള്ളണമെന്നാജ്ഞാപിക്കുകയും ചെയ്തു. റഷ്യൻസ്ഥാനപതികളെ തിരിച്ചുവിളിക്കുകയും ചെയ്തു. റഷ്യ മി. പെട്രോവിൻെറമേൽ കളവു കുററം ആരോപിക്കുകയും ക്രിമിനൽ പുള്ളിയെന്ന നിലയിൽ അദ്ദേഹത്തെ വിട്ടുകിട്ടണമെന്നാവശ്യപ്പെടുകയും ചെയ്തു.

മിസ്സിസ് പെട്രോവു് ആസ്ത്രേല്യാ വിടുന്നതിനു വിസമ്മതിച്ചു. എന്നാൽ റഷ്യൻ ഉദ്യോഗസ്ഥന്മാർ അവരെ നിർബന്ധിച്ചു മോസ്കോവിലേക്കു കൊണ്ടുപോകുന്നതിനു ശ്രമിച്ചു. മോസ്കോവിലേക്കുള്ള റഷ്യൻ വിമാനത്തിൽ അവരെ ആസ്ത്രേല്യായുടെ അതിർത്തിയിൽ ഡാർവിൻ താവളംവരെ അകമ്പടിസഹിതം കൊണ്ടുപോയി. ഭാഗ്യവശാൽ അവരുടെ അഭ്യർത്ഥനയനുസരിച്ചു ആസ്ത്രേല്യൻ ഉദ്യോഗസ്ഥന്മാർ ഡാർവ്വിനിൽവച്ചു ഏപ്രിൽ 20-ാംതീയതി അവരെ രക്ഷപെടുത്തുകയും രാഷ്ട്രീയസരക്ഷണത്തിൽ സ്വീകരിക്കുകയും ചെയ്തു. ഇപ്രകാരം മി. പെട്രോവും മിസ്സിസ് പെട്രോവും ഇപ്പോൾ ആസ്ത്രേല്യൻസംരക്ഷണത്തിൽ സുഖമായിരിക്കുന്നു. ആസ്ത്രേല്യായിൽ സോവ്യററുഏജൻറുകൾ നടത്തുന്ന രാജ്യവ്യാപകമായ ഗൂഢാലോചനകളേയും അഞ്ചാംപത്തി പ്രവർത്തനങ്ങളേയും സംബന്ധിച്ചു തെളിവുശേഖരിക്കുവാൻ ആസ്ത്രേല്യൻ ഗവമ്മേണ്ടു ഒരു റോയൽ കമ്മീഷനെ നിയമിച്ചിട്ടുണ്ടു്. ഈ നടപടികൾ സോവ്യററുകേന്ദ്രങ്ങളിൽ വലിയ കോളിളക്കം ഉളവാക്കിയിരിക്കയാണു്.

സോവ്യററുപത്രങ്ങൾ ഇതുസംബന്ധിച്ചു പരസ്പരവിരുദ്ധങ്ങളായ റിപ്പോർട്ടുകൾ പ്രസിദ്ധംചെയ്തുകൊണ്ടിരിക്കുന്നതിൽനിന്നു തന്നെ അവിടത്തെ കേന്ദ്രങ്ങളിൽ അനുഭവപ്പെടുന്ന വെപ്രാളം സ്പഷ്ടമാകുന്നുണ്ടു്. മിസ്സിസ് പെട്രോവിനെ നിർബന്ധിച്ചു വിമാനത്താവളത്തിലേക്കു കൊണ്ടുപോകുന്ന ഒരു ചിത്രം പ്രസിദ്ധപ്പെടുത്തിക്കൊണ്ടു ഒരു കമ്മ്യൂണിസ്റ്റ് പത്രമായ "സ്വയററു" പറയുന്നതു്, രണ്ടു ആസ്ത്രേല്യൻ ഫഷിസ്ററുകൾകൂടി മിസ്സിസ് പെട്രോവിനെ തട്ടിക്കൊണ്ടുപോകുന്നു എന്നാണു്. എന്നാൽ അതേചിത്രംതന്നെ വേറൊരു കമ്മ്യൂണിസ്റ്റ് അനുഭാവി പത്രം പ്രസിദ്ധപ്പെടുത്തിക്കൊണ്ടു് പറഞ്ഞിരിക്കുന്നതു്, രണ്ടു സോവ്യററുദൂതന്മാരുടെ സംരക്ഷണയിൽ മിസ്സിസ് പെട്രോവിനെ കൂട്ടിക്കൊണ്ടു പോകുന്നു എന്നുമാണു്. സോവ്യററു ഏജൻറന്മാരുടെ കള്ളപ്രചരണങ്ങളുടെ മാതൃകയാണിതിൽ തെളിഞ്ഞുകാണുന്നതു്. എത്ര നഗ്നമായവിധത്തിൽ കമ്മ്യൂണിസ്റ്റുകൾ മറുരാജ്യങ്ങളിൽ ചാരവൃത്തി നടത്തുന്നു എന്നും വസ്തുതകളെ തകിടം മറിച്ചു പ്രചരിപ്പിച്ചു ജനങ്ങളെ വഞ്ചിക്കുന്നു എന്നും കാണുക.



മിസ്സിസ് പെട്രോവിനെ മോസ്കോയിലേക്കു കടത്തുന്നതിനു വിമാനത്താവളത്തിലേക്കു നിർബന്ധിച്ചുകൊണ്ടുപോകുന്നു.

# ഫ്ളോറൻസിലെ മേയർ

**(തോമസ് മത്തിപ്പറമ്പിൽ)**

ഇററലിയിൽ കമ്മ്യൂണിസ്റ്റ് വലയത്തിൽപ്പെട്ടു കിടക്കുന്ന ഒരു വിഭാഗമാണ് ഫ്ളോറൻസ്. അതിൻെറ മേയറാണ് ജോർജ്ജിയോ ലാ പീറ. (Giorgio La Pira) അദ്ദേഹം സ്വപ്രയത്നംകൊണ്ടു് ഉയർന്ന ഒരു വ്യക്തിയാണ്. അദ്ദേഹത്തിൻെറ കൈവശംവരുന്ന ഓരോ സെൻറും ധർമ്മവിഷയങ്ങൾക്കായി ചെലവാക്കുകയാണ്. കമ്മ്യൂണിസ്റ്റുകളെ താൻ എതിർക്കുന്നുണ്ടെങ്കിലും യാഥാസ്ഥിതികന്മാരും, ഗവമ്മെൻറുജീവനക്കാരും, തൊഴിലാളികളും, കൃഷിക്കാരും, കമ്മ്യൂണിസ്റ്റുകാരുപോലും ഫ്ളോറൻസിലെ മേയറിൽ ഒരു വിശുദ്ധനെ കാണുന്നു.

ലാ പീറയുടെ കീർത്തിധാവള്യം ഇന്നും ഇന്നലെയും തുടങ്ങിയതല്ല; അദ്ദേഹം ഫ്ളോറൻസിലെ സർവ്വകലാശാലയിൽ ഇരുപതുവർഷം മുൻപു് അദ്ധ്യാപകനായിതീർന്നതോടുകൂടിയാണ്. ലാ പീറ ഒരുസംഘം സ്നേഹിതന്മാരോടു് പരിചയപ്പെട്ടതോടുകൂടി തൻെറ നിസ്വാർത്ഥസേവനം സ്ഥലത്തെ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യംവഴി തീക്ഷ്ണതാപൂർവ്വം തിരിച്ചുവിട്ടു. എല്ലാവരെയും നേരിട്ടു സന്ദർശിക്കുന്നതിനു് സാദ്ധ്യമല്ല എന്നു കണ്ടുകൊണ്ടു് സാൻ പ്രൊക്കോളോ (San Procolo) യിലെ ജീർണ്ണിച്ച പള്ളി അതിനായി ഉപയോഗിക്കുന്നതിനുള്ള അനുവാദംവാങ്ങി. അവിടെ പട്ടണത്തിലുള്ള സാധുക്കൾക്കുവേണ്ടി ഒരു ദിവ്യബലിയും ക്രമീകരിച്ചു. ലാ പീറ തെരുവുകൾതോറും നടന്നു ആളുകളെ ദിവ്യവിരുന്നിനു ക്ഷണിച്ചു. വി. കുർബാനയ്ക്കുശേഷം അപ്പം വിതരണം ചെയ്യപ്പെടുമെന്നു ലാ പീറ വിളിച്ചുപറഞ്ഞു. തെരുവുതെണ്ടികളും, പോക്കററടിക്കാരും കുർബാനയിൽ സംബന്ധിക്കുവാൻ ദിനംപ്രതി വർദ്ധിച്ചുവന്നു. ജോർജ്ജിയോ അവരുടെ എല്ലാ അപേക്ഷകളും അനുഭാവപൂർവ്വംകേട്ടു. അവർ പിരിഞ്ഞുപോയപ്പോൾ തൻെറ പോക്കററുകൾ കുറിപ്പുകൾകൊണ്ടു നിറഞ്ഞു. പള്ളിയിൽവച്ചു സൗജന്യമായ വൈദ്യോപദേശങ്ങൾ കൊടുത്തുതുടങ്ങി. Santa Trinita യിലെ പുരുഷന്മാർക്കും S. S. Apostoli പള്ളിയിലെ സ്ത്രീകൾക്കും പ്രത്യേകം കുർബാനകൾ അർപ്പിക്കേണ്ടതായിവന്നു.

മേയറുടെ വിപ്ലവാത്മകമായ അരൂപിയുടെ പ്രാരംഭം മാത്രമായിരുന്നു സാധുജനങ്ങൾക്കായുള്ള കുർബാന. യുദ്ധകാലത്തു് ഭക്ഷണദൗർലഭ്യം നിലവിലിരുന്നപ്പോൾപോലും അപ്പം വിതരണം ചെയ്തുകൊണ്ടിരുന്നു. തൻെറ ചിന്ത മുഴുവനും സാധുക്കളിലായിരുന്നു ലാ പീറ പ്രഭാതത്തിൽ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു പോകുമ്പോഴും, ആഫീസിൽനിന്നു തിരിക്കുമ്പോഴും, സിററി ഹാളിൽനിന്നും വീട്ടിലേക്കു രാവിൽ തിരിച്ചുപോകുമ്പോഴും തൻെറ പ്രേഷ്ഠജനങ്ങൾ കാത്തുനിന്നിരുന്നു. "ഇവരോടുകൂടി പറുദീസായിൽ പ്രവേശിക്കാമെന്നു ഞാൻ പ്രതീക്ഷിക്കുന്നു"വെന്നു അദ്ദേഹം പറഞ്ഞിരുന്നു.

കമ്മ്യൂണിസ്റ്റു ഭരണത്തിനു് ലാ പീറായുടെ തീക്ഷ്ണതയെ ഇല്ലാതാക്കുന്നതിനു കഴിഞ്ഞില്ല. ബോംബു വർഷിക്കപ്പെട്ട ഫ്ളോറൻസിൻെറ ഭാഗങ്ങളിൽ അനവധി ചെറിയ ചെറിയ വീടുകൾ നിർമ്മിച്ചു്, വീടില്ലാത്തവരെ താമസിപ്പിച്ചു. സ്കൂൾകുട്ടികൾക്കു വേണ്ടി ഒരു സൗജന്യ പാൽവിതരണഫണ്ടുണ്ടാക്കി. പുതിയ പാചകശാലകൾ തുറന്നു.

ഇങ്ങനെയുള്ള കാര്യങ്ങൾക്കു വേണ്ടി ഇയാൾക്കു എങ്ങനെയാണ് ഈ പണമെല്ലാം ലഭിക്കുക? പൊതുജനങ്ങളുടെ ചോദ്യമായിരുന്നു ഇതു്. അവർതന്നെ അതിനു ഉത്തരം നൽകുന്നുണ്ടു്. ലാ പീറായുടെ അസാമാന്യദൈവവിശ്വാസം പണക്കാരിൽനിന്നും അദ്ദേഹത്തിനു വേണ്ട പണം വസൂലാക്കിക്കൊടുക്കുന്നുവെന്നു്. ആരെങ്കിലും അഭ്യർത്ഥനയുമായി തന്നെ സമീപിക്കുമ്പോൾ അദ്ദേഹം അതിനുപററിയ ആളിനെ കണ്ടു ചോദിക്കുന്നു. തനിക്കു അതു തീർച്ചയായും ലഭിക്കുകയുംചെയ്യും. അതു് അർത്ഥിക്കു കൊടുത്തിട്ടു് ലാ പീറ പറയുന്നു: തനിക്കു നന്ദി പറയണ്ട, ദൈവത്തിനും ദാതാവിനും നന്ദി പ്രകാശിപ്പിക്കുവിനെന്നു്.

ഒരിക്കൽ തൻെറ ഒരു തീരഞ്ഞെടുപ്പുപ്രചരണയോഗത്തിൽ വച്ചു രണ്ടു കമ്മ്യൂണിസ്റ്റു വിദ്യാർത്ഥികളെ കത്തോലിക്കാ പ്രവർത്തകരായ രണ്ടു കുട്ടികൾ കണക്കിനു പ്രഹരിച്ചു. സമാധാനഭഞ്ജകരായ കമ്മ്യൂണിസ്റ്റുകാരെ പോലീസു് അറസ്റ്റു ചെയ്തുകൊണ്ടുപോയി. ലാ പീറ ഉടനെ അവരെ മോചിപ്പിച്ചു. പിൽക്കാലത്തു് അവർ തൻെറ അനുയായികളായിത്തീർന്നു. നോക്കണം ലാ പീറായുടെ ദീനാനുകമ്പ.

ലാ പീറായിൽ എല്ലാ ജനങ്ങൾക്കും വലിയ വിശ്വാസമാണു്. ഒരു സെൻറുപോലും താൻ സൂക്ഷിക്കുന്നില്ല എന്നതു പരമാർത്ഥമാണു്. കലാലയത്തിൽനിന്നും കിട്ടുന്ന ശമ്പളം മൂന്നു സെക്രട്ടറിമാർവഴി പോകുന്നു. മേയറുടെ ശമ്പളം അദ്ദേഹത്തിൻെറ കൈവശം വരുന്നുപോലുമില്ല ലാ പീറ മാനസാന്തരപ്പെടുത്തിയ ഒരു ഡോക്ടരുടെകൂടെ, കെട്ടിടത്തിൻെറ താഴത്തെ ഗൃഹത്തിൽ താമസിക്കുന്നു. ബാക്കി വരുന്ന വരുമാനമെല്ലാം ധർമ്മവിഷയത്തിൽ ചെലവാക്കപ്പെടുന്നു. അത്യ ലളിതമായ ഒരു ജീവിതമാണു തൻേറതു്.

തൻെറ പ്രഭാഷണങ്ങളെല്ലാം പ. ത്രിത്വത്തിൻെറ നാമത്തിലാണ് ആരംഭിക്കുക. ഇതെല്ലാം തൻെറ സഹപ്രവർത്തകർക്കു വിനോദവിഷയമായിരുന്നെങ്കിലും തൻെറ ഗവേഷണങ്ങളെല്ലാം വിലപ്പിടിപ്പുള്ള ചരിത്രരേഖകളായിരുന്നു.

തൻെറ വിമർശകർ തന്നെ "പുരോഹിതനായ മേയർ" എന്നു വിളിച്ചിരുന്നെങ്കിലും അതെല്ലാം താൻ തൃണവൽഗണിച്ചിരുന്നു. ഒരു പുതിയ നികുതിയെപ്പററി കേട്ടപ്പോൾ ലാ പീറ അതിനെപ്പററി പറഞ്ഞതു് ഇങ്ങനെയാണ്: "ഇതൊന്നും ദൈവഹിതത്തിനനുയോജ്യമല്ലാത്തതിൽ ഖേ

**Subject Books for 1954-55**

By K. E. Job M. A. L. T.

1) ലോകചരിത്രം & ഇൻഡ്യാചരിത്രം for Forms IV & V (Approved)
2) ചരിത്രം & ഭൂമിശാസ്ത്രം for Forms I & II (Approved) By K. T. Sebastian M. A.
3) ആരോഗ്യരക്ഷ. നാലും അഞ്ചും ക്ലാസ്സുകളിലേക്കു് (Approved) By K. T Sebastian M. A.
4) പ്രാഥമിക പൗരധർമ്മം നാലാംക്ലാസ്സിലേക്കു് (Approved)
5) " അഞ്ചാംക്ലാസ്സിലേക്കു് (പരിഷ്കരിച്ച പതിപ്പ്)

പുതിയ പ്രസിദ്ധീകരണങ്ങൾ

1) പ്രാഥമികഭൂമിശാസ്ത്രം (5-ാംക്ലാസ്സിലേക്കു്)
2) ചരിത്രം & ആരോഗ്യരക്ഷ (മൂന്നാംക്ലാസ്സിലേക്കു്)

ആവശ്യപ്പെടേണ്ടും മേൽവിലാസം :

അസ്സീസ്സിബുക്ക്ഹൗസ്, ചങ്ങനാശേരി

ജീവചരിത്രപംക്തി

# ഈഡൽ ക്വിൻ, ലീജ്യൻ എൻവോയി

(ദേവസ്യ ജെ. പടന്നിലം)

മനുഷ്യർ സാധാരണയായി വലിയ കാര്യങ്ങളെക്കുറിച്ച് വളരെയധികം ചിന്തിക്കാറുണ്ട്. ഓരോ കാര്യത്തിന്റെയും മുൻപിൽ പൊന്തിവരുന്ന ബഹുമുഖവൈഷമ്യങ്ങളെക്കാണുമ്പോൾ അസാധ്യമെന്നു മുദ്രയടിച്ച് അതിൽനിന്നും ഓടിമാറിക്കളയുന്നു. എന്നാൽ ഓരോ അസാദ്ധ്യതയേയും നിരവധി സാദ്ധ്യതകളായി തിരിക്കാമെന്നു കാണുവാൻ അവർക്കു ക്ഷമയില്ല. സുകൃതിനിയായ ഈഡൽ ക്വിന്നിന്റെ (Edel Quinn) ജീവിതം ഈ പാഠം നമ്മെ പഠിപ്പിക്കുമെന്നതിനു സംശയമില്ല.

കത്തോലിക്കാ അയർലണ്ടിൽ ഒരു ബാങ്കുദ്യോഗസ്ഥന്റെ മകളായി ഈഡൽ 1907-ൽ ജനിച്ചു. ബാങ്കുസംബന്ധമായ ഉദ്യോഗമാററങ്ങൾമൂലം ക്വിൻകുടുംബം കൻറാക്കിൽനിന്നും പല സ്ഥലങ്ങളിലേക്കു മാറിത്താമസിക്കുകയും ഒടുവിൽ തലസ്ഥാനമായ ഡബ്ളിനിൽ സ്ഥിരതാമസമാക്കുകയും ചെയ്തു.

വളരെ ചെറുപ്പത്തിൽത്തന്നെ ക്ലാരമഠത്തിൽ ചേർന്ന് സന്യാസം വരിക്കണമെന്ന് അവൾ ആഗ്രഹിച്ചു. പക്ഷേ സാഹചര്യങ്ങളുടെ സമ്മർദ്ദം അതിനനുവദിച്ചില്ല. സന്യാസമന്ദിരത്തിലെ ഏകാന്തജീവിതത്തെക്കാൾ കൂടുതൽ കർമ്മോജ്ജ്വലമായ ഒരു പ്രവർത്തനപരിപാടി ദിവ്യാംബിക അവൾക്കായി ആസൂത്രണം ചെയ്തിരുന്നു. ഭഗ്നാശയാകാതെ തന്റെ അവസരംപാർത്തു ഈഡൽ ദിവസങ്ങൾ കഴിച്ചു.

വിശ്വവ്യാപകമായി കത്തോലിക്കാ പ്രവർത്തനം നടത്തിവരുന്ന ലീജിയൻ ഓഫ് മേരി സംഘടനയിൽ അരയും തലയും മുറുക്കി ഒരു ധീരസേനാനിയായി ഇക്കാലത്തു അവൾ സേവനം നിർവ്വഹിച്ചുപോന്നു. ലീജിയന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന എല്ലാവരുടേയും ശ്രദ്ധ അവളിൽ പതിഞ്ഞു. എന്നാൽ മററുള്ളവരിൽനിന്നു വ്യത്യസ്തമായി അവൾക്കുണ്ടായിരുന്ന വൈശിഷ്ട്യത്തെ അവരിൽനിന്നു മറയ്ക്കുന്നതിനു അവൾക്കു പ്രത്യേകവാസന ഉണ്ടായിരുന്നു.

ആഫ്രിക്കയിൽ ലീജിയൻ പ്രചരിപ്പിക്കുന്നതിനു, ലീജിയൻ കാര്യങ്ങളിൽ വളരെ പരിചയം സിദ്ധിച്ചിട്ടുള്ള ഒരംഗത്തെ അയക്കണമെന്ന് സാൽസിബറിലെ അഭിവന്ദ്യ മെത്രാൻ ലീജിയൻ കേന്ദ്രസമിതി (കൺസീലിയം) യോടാവശ്യപ്പെട്ടു. ദുരിതങ്ങൾ നിറഞ്ഞ ആഫ്രിക്കയിൽ പോയി മഹത്തായ ലീജിയൻ സംഘടനയുടെ പ്രചരണത്തിനായി പ്രയത്നിക്കാമോയെന്ന് ഈഡലിനോട് അധികാരികൾ ചോദിച്ചപ്പോൾ പരിശുദ്ധ മറിയത്തോടുള്ള ഭക്ത്യാതിരേകത്താൽ ജ്വലിച്ചിരുന്ന അവളുടെ ഹൃദയം തുടിച്ചു. അവൾ അനുഭവിച്ച സംതൃപ്തി അപരിമിതമായിരുന്നു. "ഇത്ര സന്തോഷമനുഭവിക്കുന്ന ഒരാളെ ഞാൻ കണ്ടിട്ടില്ല" എന്ന് ആ രംഗം വീക്ഷിച്ച ഒരനുഭവസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

"എൻവോയി"പദം ഈഡൽ സ്വീകരിക്കുന്നതിനുമുൻപു കൂടിയ കൺസീലിയത്തിന്റെ ഔദ്യോഗികമീററിംഗിൽ ഈ പ്രശ്നംസംബന്ധിച്ച് ഒരു ശക്തിയായ വാദപ്രതിവാദം നടന്നു. സേവനസന്നദ്ധതയുള്ള ഒരാളിൽ നിന്നു അതിർകവിഞ്ഞ ഒന്നാവശ്യപ്പെടുകയാണ് ഈ പദവിദാനംമൂലം ചെയ്യുന്നതെന്ന് ലീജിയനിൽ ദീർഘകാലപരിചയമുണ്ടായിരുന്ന പലരും അഭിപ്രായപ്പെട്ടു. ലീജിയന്റെ ആത്മീയപിതാവുപോലും ഈ അഭിപ്രായക്കാരനായിരുന്നു. തന്റെ ആഗ്രഹനിവൃത്തിക്കുവേണ്ടി അദ്ദേഹത്തെ ഇക്കാര്യത്തിൽ സമ്മതിപ്പിക്കുന്നതിനു ഈഡൽ ഭഗീരഥപ്രയത്നം ചെയ്യേണ്ടിവന്നു.

ആഫ്രിക്കയിൽ ലീജിയൻ പ്രചരണാർത്ഥം പോകുന്നതിനു ആവശ്യമായ ആത്മധൈര്യവും, കർമ്മശൂരതയും കേവലം 28 വയസ്സുമാത്രം പ്രായമായിരുന്ന ഈ യുവതിക്ക് എവിടെനിന്നും ഉണ്ടായി? അവളുടെ ജീവിതത്തെ ശരിയായി ഗ്രഹിച്ചിരുന്ന റിബെരി മെത്രാപ്പോലീത്താ പറയുന്നതു ശ്രവിച്ചാലും: "പരിശുദ്ധ മറിയത്തിന്റെ ചൈതന്യവും ഏതിനെയും പിടിച്ചടക്കുവാനുള്ള ഊർജ്ജസ്വലതയും ലീജിയൻ ഓഫ് മേരിയിൽനിന്നും ഉത്ഭൂതമാകുന്നു. ഈഡൽ ക്വിന്നിന്റെ ജീവിതവും, പ്രവർത്തനവും ഈ ദ്വിവിധഗുണങ്ങളിൽ ഒരു ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. അവളിൽ അതുവരെ പ്രവർത്തിച്ചുകൊണ്ടിരുന്ന തികഞ്ഞ പ്രബുദ്ധത, രഹസ്യമായി അവൾ അനുഷ്ഠിച്ചിരുന്ന ത്യാഗപ്രവൃത്തികൾ, അവളുടെ ആത്മീയപരിശുദ്ധി, സർവ്വോപരി ലോകത്തെ മറിയത്തിനായി ജയിച്ചടക്കുന്നതിനുള്ള സുശക്തമായ ലീജിയൻ പരിശീലനം എന്നിവയെല്ലാം അവളെ ക്ലേശകരമായ ഈ കൃത്യനിർവ്വഹണത്തിനു യോഗ്യയാക്കി അയർലണ്ടിൽനിന്നും ആഫ്രിക്കയിലേക്കുള്ള അതിദൂരമാകട്ടെ, യാത്രാക്ലേശമാകട്ടെ, പരിഷ്കാരരഹിതമായ ആഫ്രിക്കയുടെ സ്ഥിതിയാകട്ടെ, ആഫ്രിക്കൻ വനങ്ങളിലെ ക്രൂരമൃഗങ്ങളേയും കൊടുംവെയിലിനേയും കുറിച്ചുള്ള ചിന്തയാകട്ടെ ഇവയൊന്നിനും ദൈവസ്നേഹത്തിൽനിന്നും അവളെ പിന്തിരിപ്പിക്കുന്നതിനു കഴിഞ്ഞില്ല."

നമ്മുടെ കൊച്ചുസഹോദരി, എൻവോയിസ്ഥാനം സ്വീകരിച്ച് ആഫ്രിക്കയിലെത്തിയപ്പോൾ ഡോക്ടർ ഹെഫർനാൻ അവളെ സസന്തോഷം സ്വീകരിച്ചു. എന്നാൽ ലീജിയൻ കാര്യങ്ങളിൽ ഉത്സുകരായിരുന്നവർപോലും ആഫ്രിക്കയിൽ ലീജിയൻ പ്രചരിപ്പിക്കാമെന്നുള്ള അവളുടെ ആഗ്രഹം അസാധ്യമാണെന്നു വിധിയെഴുതി. പക്ഷെ പരിശുദ്ധ മറിയത്തിനു സ്ഥിരപ്രതിഷ്ഠമായിരുന്ന അവളുടെ ഉതക്കമനസ്സ് അധൈര്യപ്പെട്ടില്ല. ഒരു വലിയ അസാദ്ധ്യതയെ നിരവധി ചെറിയ സാദ്ധ്യതകളായി പകുത്തുവാൻ സാധിക്കുമെന്നു അവൾക്കു ധൈര്യമുണ്ടായിരുന്നു. സമാധാനചിത്തയായി ഓരോ ചെറിയ കാര്യങ്ങൾ അവൾ ചെയ്തുതീർത്തു. അപ്രകാരം അസാദ്ധ്യതയെ ധൈര്യശാലിയായ ഈ പെൺകുട്ടി കീഴടക്കി. നിരവധി ലീജിയൻ പ്രസീദിയങ്ങൾ അവൾ സ്ഥാപിച്ചു. ദിവസംതോറും ക്ഷയിച്ചുവന്ന ശരീരാരോഗ്യത്തെ വകവയ്ക്കാതെ അവൾ ലീജിയൻ പ്രചരണംവഴി ആഫ്രിക്കയിൽ ക്രിസ്തുവിന്റെ സജീവസഭയ്ക്കു പ്രോജ്ജ്വലമായ സേവനത്തിനു വഴിയൊരുക്കുകയായിരുന്നു. രണ്ടു വർഷത്തിനുള്ളിൽ മൊറീഷ്യസിൽ 2000-ൽപ്പരം ആത്മാക്കളെ സഭാമാതാവിനു പ്രദാനംചെയ്യുവാൻ അവൾക്കു സാധിച്ചു.

മലമ്പനിയാൽ അനാരോഗ്യപരമായിരുന്ന പ്രദേശങ്ങളിൽക്കൂടി തുടർച്ചയായുള്ള യാത്ര, അവളുടെ ശരീരത്തെ ഗൂഢമായി ആക്രമിച്ചിരുന്ന ക്ഷയരോഗം, വിശ്രമമില്ലാതുള്ള പ്രവർത്തനം, എല്ലാംകൂടി ചേർന്നപ്പോൾ നയറോബിയിൽവച്ച് അവൾ രോഗശയ്യാവലംബിയായി. അവളുടെ ആരോഗ്യം ദിവസംപ്രതി ക്ഷയിച്ചുതുടങ്ങി. ഏതാനുംവർഷത്തെ അതുല്യമായ അപ്പസ്തോലികപ്രവർത്തനത്തിനുശേഷം വാനമ്പാടിപോലെ വനാന്തരങ്ങളിൽ

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

സിൽവി.

---

സ്നേഹസ്വരം ഉതിർത്തുകൊണ്ട് അവളുടെ ദിവ്യാത്മാവ് ശരീരം വിട്ട് നിത്യശാന്തിയിലേക്കുയർന്നു. അന്നു 1944 മേയ്മാസം 12-ാം തീയതിയായിരുന്നു. ഫലിതരസം നിറഞ്ഞുനിന്നിരുന്ന ബാഹ്യപ്രകടനങ്ങളിൽനിന്നും, അവളിൽ വികസിച്ചുനിന്നിരുന്ന ആന്തരികകാന്തി മനസ്സിലാക്കുന്നതിനു നിരീക്ഷകർക്കു സാധിച്ചിരുന്നില്ല. ശാരീരികവും ആന്തരികവുമായി അവൾ അനുഭവിച്ച ചുരുക്കം ചില യാതനകളുടെ ചുരുങ്ങിയ വിവരണങ്ങൾ മാത്രമേ ഇന്നു നമുക്ക് അവളുടെ വിശുദ്ധിക്കു രേഖകളായിട്ടുള്ളു.

ആഫ്രിക്കയുടെ ഇരുളടഞ്ഞ കോണുകളിൽ പ്രവർത്തിച്ചിരുന്നപ്പോൾ ചൈനയെ ഉദ്ധരിക്കുവാൻ സഹായിക്കുകയാണു താൻ ചെയ്യുന്നതെന്ന് ഒരിക്കലും അവൾ വിചാരിച്ചില്ല. നമുക്കു മാർഗ്ഗദീപമായിരിക്കുവാൻ നമ്മുടെ തലമുറയിൽനിന്നും ദൈവം അവളെ ഉയർത്തുമെന്നു സ്വപ്നത്തിൽപ്പോലും ആരും ചിന്തിച്ചില്ല. അവൾ ഒരിക്കൽ പ്രേഷിതരുടെ മദ്ധ്യസ്ഥയായിരിക്കുമെന്നു കൺസീലിയം പ്രസിഡൻറ് ബ്രദർ ഫ്രാൻസിസ് ഡപ്ലിന് ഉറപ്പു നൽകിക്കൊണ്ട് മെത്രാപ്പോലീത്താ ജയിംസ് ലീൻ സുദീർഘമായി എഴുതിയിരുന്നു. ഈഡലിന്റെ പ്രവർത്തനങ്ങൾക്കും ജീവിതവിശുദ്ധിക്കും നിഷ്പക്ഷനിരീക്ഷകരായ ആറു അഭിവന്ദ്യ തിരുമേനിമാർ സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു.

അടുത്തകാലത്താണ് ഈഡൽ മരിച്ചതെങ്കിലും, ഇന്ന് ആഫ്രിക്കയിൽ അവളുടെ ചരിത്രം ഏവർക്കും സുപരിചിതമായ ഒരു കഥയാണ്. അയർലണ്ടിൽ എന്നല്ല ലോകത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ അവളുടെ നാമം പ്രചരിച്ചിട്ടുണ്ടോ അവിടെയെല്ലാം അവളെ ഒരു ആധുനിക അപ്പസ്തോലികദീപമായി പ്രകീർത്തിക്കുന്നു. അവളുടെ ജീവചരിത്രം മോൺ. സൂനൻസ് (Mgr. Suenens of Malines) എഴുതിയിട്ടുണ്ട്. ആ ഗ്രന്ഥത്തിന്റെ ഇരുപതിനായിരത്തിൽപ്പരം കോപ്പികൾ വിററുതീർന്നിരിക്കുന്നു. ഈഡലിന്റെ പാവനസ്മരണ രാജ്യാന്തരങ്ങളിൽ പ്രവർത്തിക്കുന്ന ലീജിയനംഗങ്ങൾക്കു പ്രചോദനജ്യോതിസ്സായി വിരാജിക്കുവാൻ ലീജിയൻനാഥ അനുഗ്രഹിക്കട്ടെ.

---

ഭിക്കുന്നു. നമുക്കാക്കെങ്കിലും അതിനെപ്പററി എന്തു പറയുവാൻ കഴിയും."

തന്റെ മതതീക്ഷ്ണതയിൽ തന്നെ ആളുകൾ പരിഹസിച്ചിരുന്നെങ്കിലും ലാ പിറ അവരെ സ്നേഹിച്ചിരുന്നു. തന്റെ ചെരിപ്പുകൾ ആക്കോ കൊടുത്തിട്ടു താൻ മെതിയടി ഉപയോഗിച്ചിരുന്നു. തന്നെക്കാൾ കഷ്ടപ്പെടുന്ന ഒരാളെ കാണുന്നതുവരെയേ തന്റെ വസ്ത്രങ്ങൾ പഴകാറുള്ളു. പ്രധാനമന്ത്രി ഗസ്പാരിയിൽനിന്നും തനിക്കു ക്രിസ്തുമസ്സ് സമ്മാനമായി കിട്ടിയ മൂന്നു ടൈ കുറച്ചു മണിക്കൂറുകൾ മാത്രമേ തന്റെകൂടെ ഉണ്ടായിരുന്നുള്ളു. എത്ര അനുകരണീയമായ മാതൃക!

---

തിരുസഭാചരിത്രം 32

# ആദിമക്രിസ്ത്യാനികളുടെ സാമൂഹ്യാചാരങ്ങളും ജീവിതക്രമവും

(പ്രഫസർ പി. ററി. തോമസ് എം. എ.)

(തുടർച്ച)

ആദിമക്രിസ്ത്യാനികളുടെ വ്യക്തിപരവും സാമൂഹ്യവുമായ എല്ലാ പ്രവൃത്തികൾക്കും പ്രചോദനം നൽകിക്കൊണ്ടിരുന്നതു് അവരിൽ കുടികൊണ്ടിരുന്ന ക്രിസ്തീയസ്നേഹമാണ്. അവർ പരസ്പരം "സഹോദരാ," "സഹോദരീ" എന്നാണ് വിളിച്ചിരുന്നതു്. ദരിദ്രരെയും, അനാഥശിശുക്കളെയും വിധവകളേയും സംരക്ഷിക്കുന്നതിൽ അവർ സദാ ജാഗരൂകരായിരുന്നു. ദുർബലരെയും, രോഗികളെയും, അടിമകളെയും, തടവുകാരെയും അവർ അകമഴിഞ്ഞു സഹായിച്ചിരുന്നു. പഞ്ഞം, പകർച്ചവ്യാധി തുടങ്ങിയ അത്യാഹിതങ്ങൾ നേരിടുന്ന ഘട്ടങ്ങളിൽ അവർ ത്യാഗനിർഭരമായ സേവനങ്ങൾ നിർവ്വഹിച്ചിരുന്നു. ദൈവാലയങ്ങളുടെയും വൈദികരുടെയും സഹായത്തിനായി ധനശേഖരം നടത്തുക, മരിച്ചവരെ സംസ്കരിക്കുക, തൊഴിലില്ലാത്തവർക്ക് ആവശ്യമായ വിദഗ്ദ്ധോപദേശം നൽകുകയും തൊഴിൽ സൗകര്യങ്ങൾ കണ്ടുപിടിച്ചുകൊടുക്കുകയും ചെയ്യുക, ജീവിതക്ലേശങ്ങളിൽപ്പെട്ടുവലയുന്നവർക്ക് സാമ്പത്തികസഹായങ്ങൾ എത്തിച്ചുകൊടുക്കുക മുതലായ ഓരോ കാര്യങ്ങൾക്കായി അവർ പ്രത്യേകം പ്രത്യേകം സംഘടനകൾ സ്ഥാപിച്ച് കാര്യക്ഷമമാംവണ്ണം പ്രവർത്തിച്ചുകൊണ്ടിരുന്നു. ഈദൃശപ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിൽ വിവിധദേശങ്ങളിലുള്ള സഭകൾതമ്മിൽ പരസ്പരം സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു. കത്തുകൾ മുഖേനയും, തീർത്ഥകരും സഞ്ചാരികളും മുഖേനയും, സഭകൾ തമ്മിലുള്ള ഐക്യബന്ധം പുലർത്തപ്പെട്ടുപോന്നു. ക്രിസ്ത്യാനികൾ വ്യക്തിപരമായും സംഘംചേർന്നും നടത്തിക്കൊണ്ടിരുന്ന എണ്ണമററ സ്നേഹപ്രവൃത്തികൾ മററുള്ളവരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചു. "ക്രിസ്ത്യാനികൾ പരസ്പരം സ്നേഹിക്കുന്നതു നോക്ക്" എന്ന് അഭിനന്ദനസൂചകമായി അവർ പറഞ്ഞിരുന്നു.

സാമ്പത്തികകാര്യങ്ങളിലും നീതിയും സ്നേഹവും പുലർത്തുന്നതിൽ ക്രിസ്ത്യാനികൾ ശ്രദ്ധിച്ചിരുന്നു. അക്കാലത്തു് റോമാസാമ്രാജ്യത്തിൽ അമിതമായ പലിശനിരക്ക് നടപ്പിലിരുന്നിരുന്നു. അനീതിപരമായ ഈ ഏർപ്പാടിൽ കുടുങ്ങിയ അധമർണ്ണന്മാരെക്കൊണ്ട് ജയിലുകൾ നിറഞ്ഞിരുന്നു. എന്നാൽ ആദിമക്രിസ്ത്യാനികൾ പലിശ കൊടുക്കുകയാകട്ടെ വാങ്ങുകയാകട്ടെ ചെയ്തിരുന്നില്ല.

ആദ്യശതകങ്ങളിൽ വിശ്വാസം സ്വീകരിച്ചവരിൽ ചിലർ ഇന്ദ്രിയനിഗ്രഹം, പ്രാർത്ഥന, ഉപവാസം എന്നീ മാർഗ്ഗങ്ങളിൽക്കൂടി ദൈവസേവനം അനുഷ്ഠിക്കുവാൻ നിശ്ചയിച്ചു. നിത്യദാരിദ്ര്യവും ബ്രഹ്മചര്യവും സ്വയം സ്വീകരിച്ചുകൊണ്ട് അവർ തീക്ഷ്ണമായി പ്രാർത്ഥിക്കുകയും ദീർഘമായി ഉപവസിക്കയും മററു പലവിധത്തിലുമുള്ള തപശ്ചര്യകൾ അനുഷ്ഠിക്കയും ചെയ്തു. ദരിദ്രരേയും, രോഗികളേയും, തടവുകാരേയും സന്ദർശിക്കുകയും സഹായിക്കുകയും ചെയ്യുന്നതു് ഒരു കർത്തവ്യമായി അവർ കരുതിപ്പോന്നു. ഈവിധത്തിൽ ദൈവസേവനത്തിനായി ജീവിതം സ്വയം അർപ്പിച്ചവരെ സന്യാസികൾ (Ascetes) എന്നു പറയുന്നു. മഹാനായ ഓറിജൻ (Orig n) പരിപൂർണ്ണമായി സന്യാസവ്രതം അനുഷ്ഠിച്ചിരുന്ന ഒരു ദേഹമാണ്. അനവധി ശിഷ്യന്മാരും സ്നേഹിതന്മാരും അദ്ദേഹത്തിന്റെ കാലടികളെ പിന്തുടർന്നു

ആദ്യകാലംമുതൽക്കുതന്നെ അനവധി യുവതികൾ അവരുടെ കന്യാവ്രതം ദൈവത്തിനു കാഴ്ചവച്ചുകൊണ്ട് ഭക്തിമാർഗ്ഗത്തിൽക്കൂടി ജീവിതം നയിച്ചുപോന്നു. മൂന്നാം ശതാബ്ദത്തിൽ കന്യകകളുടെ ഈ വ്രതസ്വീകരണം ഒരു ആഘോഷമായ ചടങ്ങായി നടത്തപ്പെട്ടിരുന്നു. ഈ സന്ദർഭത്തിൽ മെത്രാൻ അവർക്കു നൽകുന്ന ശിരോവസ്ത്രം പിന്നീട് അവർ പരസ്യമായി പ്രത്യക്ഷപ്പെടുമ്പോഴൊക്കെയും ധരിക്കേണ്ടിയിരുന്നു. ഈ സന്യാസിനികളെ സർവ്വരും ആദരിക്കുകയും തിരുകർമ്മങ്ങൾ നടക്കുമ്പോൾ അവർക്ക് പ്രത്യേകം ഇരിപ്പിടങ്ങൾ നൽകി ബഹുമാനിക്കയും ചെയ്തിരുന്നു. "വിലതീരാത്ത ഒരു രത്നം കണ്ടെടുത്തവരെന്നും, ഭൂമിയിൽ ജീവിക്കുന്നെങ്കിലും ദൈവദൂതന്മാരുടെ കുടുംബത്തിൽ അംഗങ്ങളായവരെന്നും" ഈ കന്യകകളെപ്പററി വി. സിപ്രിയാൻ പ്രസ്താവിക്കുന്നു.

നാലാംശതാബ്ദത്തിൽ പൗരസ്ത്യസഭാകേന്ദ്രങ്ങളായ അലക്സാണ്ഡ്റിയാ, യറുശലേം, അന്ത്യോക്യാ, എഡേസ്സാ എന്നീ സ്ഥലങ്ങളിൽ പ്രത്യേകം നിർദ്ദിഷ്ടങ്ങളായ പ്രാർത്ഥനകൾ ദിവസേന മുടക്കംകൂടാതെ ചൊല്ലുന്ന സന്യാസിമാരേയും കന്യകകളേയും നാം കാണുന്നു. അക്കാലത്തുതന്നെ അനുദിനം പ്രഭാതവേളയിലും, മററു നിർദ്ദിഷ്ടസമയങ്ങളിലും കൂട്ടംചേർന്ന് സ്തോത്രഗീതങ്ങൾ ആലപിച്ചുകൊണ്ടിരുന്ന സന്യാസികളും കന്യകകളും പലസ്തീനയിൽ ഉണ്ടായിരുന്നതായി ഒരു തീർത്ഥാടനവിവരണത്തിൽ കാണുന്നു. അചിരേണ വൈദികരുടെ മേൽനോട്ടത്തിൽ ഇത്തരം സന്യാസസംഘങ്ങൾ പലയിടങ്ങളിലും രൂപംപ്രാപിച്ചു. അന്ത്യോക്യയിൽ സമാരംഭിച്ച ഈ പ്രസ്ഥാനം യറുശലേമിലും വി. ബേസിലിന്റെ (St- Basil) നേതൃത്വത്തിൽ സിസ്സേറിയായിലും വി. ആംബ്രോസിന്റെ (St. Ambrose) നേതൃത്വത്തിൽ മിലാനിലും (Milan) പ്രചാരത്തിലെത്തി. ദൈവസേവനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ഈ സന്യാസികളും സന്യാസിനികളും ജനതാമദ്ധ്യത്തി

ൽ ജീവിച്ചുകൊണ്ടു് സുവിശേഷ പ്രചരണവിഷയകമായി അനർഘസേവനംഅനുഷ്ഠിച്ചു. ദൈവ സേവനത്തിനായി അർപ്പിക്കപ്പെട്ട കന്യകകളിൽനിന്നാണു് ഡീയാക്കണെസുകളെ (deaconesses) തിരഞ്ഞെടുത്തിരുന്നതു്. രോഗികളെയും ദരിദ്രരേയും സന്ദർശിക്കുക, അവർക്കു് ആവശ്യമായ സഹായം എത്തിച്ചുകൊടുക്കുക, സ്ത്രീകളെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിൽ വൈദികരെ സഹായിക്കുക തുടങ്ങിയ കൃത്യങ്ങളാണു് ഡീയാക്കണെസുകൾ നിത്യവും ചെയ്തുകൊണ്ടിരുന്നതു്.

മേൽപ്പറയപ്പെട്ട സന്യാസികളും കന്യകകളും അവരവരുടെ വീടുകളിൽ ബന്ധുജനങ്ങളുടെ കൂടെ താമസിച്ചുകൊണ്ടാണു് തപശ്ചര്യകൾ അനുഷ്ഠിച്ചിരുന്നതു്. എന്നാൽ കാലക്രമേണ അനവധി സന്യാസികളും കന്യകകളും അവർക്കുള്ളതെല്ലാം വിററു് സാധുക്കൾക്കു് ദാനംചെയ്തിട്ടു് മനുഷ്യസമ്പർക്കത്തിൽനിന്നു തീരെ വിട്ടകന്നു് പ്രാർത്ഥനയിലും തപസ്സിലും കാലംകഴിച്ചുപോന്നു. ഇവർ പട്ടണങ്ങളുടെയും

---

വി. യൗസേപ്പുപിതാവിൻെറയും വി. യൂദാശ്ലീഹായുടെയും മദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

ത്രേസ്യാക്കുട്ടി

---


ഗ്രാമങ്ങളുടെയും പ്രാന്തപ്രദേശങ്ങളിൽ കുടിലുകൾ കെട്ടി അവയിൽ പാർത്തു. ഈജിപ്തിലാണു് ഈ പ്രസ്ഥാനം ആരംഭിച്ചതു്. A. D. 270-ൽ ഈജിപ്തിൽ ഈ ജീവിതമുറ സാധാരണയായിത്തീർന്നിരുന്നു.

ഇങ്ങനെ പർവ്വതപ്രദേശങ്ങളിലുംമണലാരണ്യങ്ങളിലുംജീവിച്ചുപോന്നആദിമക്രൈസ്തവതാപസന്മാരിൽ ഏററം പ്രസിദ്ധനാണു് തീബ്സിലെ വി. പൗലോസു് എന്നദ്ദേഹം (St. Paul of Thebes). ഡീഷ്യസു് ചക്രവർത്തിയുടെ മതപീഡനകാലത്തു് ഈജിപ്തിലെ തീബ്സു് (Thebes) എന്ന സ്ഥലത്തു് താമസിച്ചിരുന്ന പൗലോസു് എന്നു പേരായ ധനികയുവാവു് ഒരു പർവ്വതച്ചുവട്ടിലുള്ള ഗുഹയിൽ അഭയംതേടുകയും അവിടെ നൂറുസംവത്സരത്തോളം കഠിനതപസ്സുചെയ്തുകൊണ്ടു ജീവിക്കയുംചെയ്തു. ഇക്കാലമത്രയും പ്രാർത്ഥനയിലും ധ്യാനത്തിലും അദ്ദേഹം കഴിച്ചുകൂട്ടി. ഒരു ഈന്തൽവൃക്ഷം അദ്ദേഹത്തിനു് ഭക്ഷണവും ശരീരാവരണവും നൽകി. പതിനാറാമത്തെവയസ്സിൽ വീടുവിട്ടോടിയ ഈ താപസശ്രേഷ്ഠൻ 113-ാമത്തെവയസ്സിൽ A. D. 340-ാമാണ്ടു മരണമടഞ്ഞു.

തിരുസ്സഭയിലെ സന്യാസസഭാപ്രസ്ഥാനം ഈ പ്രാരംഭങ്ങളിൽനിന്നാണു് ക്രമേണ രൂപംപ്രാപിച്ചതു്. ഇന്നു് കത്തോലിക്കാസഭയിൽ അനവധി സന്യാസസഭകളുണ്ടു്. പ്രത്യേകപ്രവൃത്തിപരിപാടികളും നിയമാവലികളും വ്രതങ്ങളും സ്വീകരിച്ചിട്ടുള്ള സന്യാസസംഘങ്ങളാണവ. ഓരോ പ്രതിസന്ധിഘട്ടങ്ങളിൽ ഈ സന്യാസസഭകൾ തിരുസ്സഭയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങൾ വിലതീരാത്തതാണു്. ഈജിപ്തിലെ മണലാരണ്യങ്ങളിലും പർവ്വതപ്രദേശങ്ങളിലും ആണു് ഈ സന്യാസസഭാ പ്രസ്ഥാനത്തിൻെറ (Monasticism) പ്രാരംഭപടികൾ നാം ദർശിക്കുന്നതു്

ഈ പ്രസ്ഥാനത്തിൻെറ (Monasticism) ജനയിതാവായി ആദരിക്കപ്പെട്ടുപോരുന്നതു് വി. അന്തോണി (St. Antony) എന്ന മഹർഷിവര്യനാണു്. മൂന്നാം ശതാബ്ദത്തിൻെറ മദ്ധ്യകാലത്തു് ഈജിപ്തിലെ കോമാ (Coma) എന്ന സ്ഥലത്താണു് അദ്ദേഹം ജനിച്ചതു്. നീ പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്കുള്ളതെല്ലാം വിററു് സാധുക്കൾക്കു് ദാനം ചെയ്യുക എന്നുള്ള ദിവ്യാഹ്വാനം ഒരുദിവസം ദൈവാലയത്തിൽ വച്ചു് ശ്രവിച്ചതിൻെറ ഫലമായി യുവാവായ അന്തോണിയിൽ വലിയ ഹൃദയപരിവർത്തനമുണ്ടായി. തൻെറ വിലപിടിച്ച വസ്തുവകകൾ മുഴുവൻ ദരിദ്രർക്കു ദാനംചെയ്തിട്ടു് അദ്ദേഹം വനാന്തരങ്ങളിലേക്കു പോയി. മനുഷ്യദർശനംതന്നെ സ്വയം ഉപേക്ഷിച്ചുകൊണ്ടു് അദ്ദേഹം ദീർഘനാൾ തപസ്സുചെയ്തു. അനവധി തീർത്ഥകർ അദ്ദേഹത്തിൻെറ ദർശനത്തിനുവേണ്ടി അപേക്ഷിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ വാസസ്ഥലത്തിനു ചുററും വന്നുകൂടി. എന്നാൽ വി. അന്തോണിയാകട്ടെ ആരെയും കാണാതെ, ആർക്കും ദർശനം നൽകാതെ ഏകാഗ്രമായ തപസ്സിൽ ആമഗ്നനായി ദിവസം കഴിച്ചു. ഒടുവിൽ A. D. 350-ൽ അദ്ദേഹം അവരുടെ നിർബന്ധപൂർവ്വമായ അഭ്യർത്ഥനയ്ക്കു വശംവദനായി പുറത്തേക്കുവന്നു. ഗുഹകളിലും കുടിലുകളിലുമായി വാസമുറപ്പിച്ചിരുന്ന അസംഖ്യം സന്യാസാർത്ഥികളെ അദ്ദേഹം കണ്ടു. അഞ്ചാറു സംവത്സരക്കാലം അവരോടുകൂടി അദ്ദേഹം കഴിച്ചുകൂട്ടുകയും അവർക്കു് ആവശ്യമായ ദിവ്യോപദേശങ്ങളും സംഘടനാപരമായ നിർദ്ദേശങ്ങളും നൽകുകയും ചെയ്തു. അങ്ങനെ

---




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ററി. ററി. സി. പരീക്ഷ പാസ്സായതിനു് ഉപകാരസ്മരണ താമസിച്ചതിനു ക്ഷമാപണം.


Inserted by
പോൾ പി. മുത്തപ്പാമ്പിൽ
മൂക്കന്നൂർ

---

വ്രതനിഷ്ഠരായ ഒരു സന്യാസസമൂഹത്തെ അദ്ദേഹം സംഘടിപ്പിച്ചു. തിരുസഭയിലെ ആദ്യത്തെ സന്യാസസഭ (monastic order) യാണിതെന്നു പറയാം. വീണ്ടും അദ്ദേഹം നൈൽനദിയുടെയും ചെങ്കടലിൻെറയും ഇടയ്ക്കുള്ള ഒരു പർവ്വതത്തിലേക്കു പിൻവാങ്ങി നാല്പത്തിയഞ്ചുവർഷം കഠിനതപസ്സുചെയ്തു ജീവിച്ചു. ഇക്കാലത്തു് എണ്ണമററ തീർത്ഥകർക്കു് വിശുദ്ധൻ സന്ദർശനം അനുവദിക്കുകയും അവർക്കു് ആവശ്യമായ ആത്മീയബോധനം നൽകുകയും ചെയ്തുപോന്നു. A. D. 356-357-ൽ നൂററിഅഞ്ചാമത്തെ വയസ്സിൽ അദ്ദേഹം പരലോകപ്രാപ്തനായി എന്നു വി. ജറോം രേഖപ്പെടുത്തുന്നു. മരിക്കുന്നതിനുമുൻപു് അദ്ദേഹം തീബ്സിലെ വി. പൗലോസിനെ സന്ദർശിച്ചതായി വിശ്വസിക്കപ്പെടുന്നു.

വി. അന്തോണി ഈജിപ്തിലെ വനാന്തരങ്ങളിൽ നട്ട ചെടി ശതാബ്ദങ്ങളിൽക്കൂടി വളർന്നു പുഷ്ടിപ്രാപിക്കുകയും എണ്ണമററ സുരഭിലകുസുമങ്ങളെ കൊണ്ടു് തിരുസ്സഭയുടെ ആദ്ധ്യാത്മികതേജസ്സു് പ്രവൃദ്ധമാക്കുകയുംചെയ്തു. ആത്മാവിനു് മാംസത്തിൻെറമേലും, പ്രസാദവരത്തിനു് പ്രകൃതിയുടെമേലും ക്രിസ്തുമതത്തിൽ വ്യാപരിച്ചുകൊണ്ടിരുന്ന ദൈവികശക്തിക്കു് തിന്മയിൽ ആമഗ്നമായ ലോകത്തിൻെറമേലും കൈവരിക്കാവുന്ന വിജയത്തെ സ്വജീവിതങ്ങളിൽക്കൂടി സാക്ഷാത്കരിച്ച മഹാത്മാക്കളായിരുന്നു ആദിമ ക്രിസ്ത്യൻ സന്യാസികൾ.

## വിനോദവീഥി




"അല്ലേ! സാറു വല്ലാതെ വിയർക്കുന്നല്ലോ—കാററു പോരായിരിക്കേ ാ?"

"കൊട്ടകക്കാററടിച്ചാലും ഫലമില്ല മുതലാളീ. എൻെറ വൈഫ് ഈ കടയൊന്നു പുറത്തേക്കു പോന്നാലേ ഈ വിയർപ്പടങ്ങുവാള്ളു!!"

* * *

ക്ലബ്ബു് സിക്രട്ടറി ഒരു നോട്ടീസു് പതിച്ചു.

അടുത്ത ഞായറാഴ്ച വൈകീട്ടു് 4 മണിക്കു ഒരു വോളിമത്സരം നടത്തപ്പെടും. വൈകിട്ടു മഴയാണെങ്കിൽ കാലത്തായിരിക്കും കളിനടത്തുന്നതു്.

* * *

സ്നേഹിതൻ—"നിങ്ങൾ എന്നെ കാണാൻ വരുമ്പോൾ ഒരു കാര്യം ഓർമ്മിക്കണം. എൻെറ മുറിയുടെ വാതിൽ പെട്ടെന്നു ശക്തിയായി അടയുന്നതാണു്. അതുകൊണ്ടു് ഉരംകൊണ്ടു കതകു തള്ളിയിട്ടു കാൽ അകത്തേക്കുവച്ചു കടക്കണം. മറക്കരുതു്."

ഇതരൻ— (ആശ്ചര്യപ്പെട്ടു്) അതെന്താഹ, കൈകൊണ്ടു തള്ളിത്തുറന്നാൽപോരേ?"

സ്നേഹിതൻ—"കൊള്ളാം. താങ്കൾ ആദ്യമായി എന്നെക്കാണാൻ വരുമ്പോൾ വെറുംകൈയായിട്ടാണോ വരാൻ ഭാവം?"

## ചരമവാർത്തകൾ

**കോടിക്കുളം:** ഈ ഇടവക എടത്തിൽ ശ്രീമതി വർക്കി ത്രേസ്യാ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ ജൂൺ 7-ാംനു-രാവിലെ 111-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. മൃതദേഹം പിറേറദിവസം യഥാവിധി സംസ്കരിക്കപ്പെട്ടു.

**ചേന്നാട്ടു്:** മുണ്ടിയത്തു് ചാക്കോ എലി തൻെറ 96-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം ഈ മാസം 4-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പിറേറദിവസം സെൻറു് മേരീസ്പള്ളിസിമിറററിയിൽ സംസ്കരിക്കപ്പെട്ടു.

**കോതമംഗലം:** ഈ പള്ളി ഇടവക ഇലഞ്ഞിക്കൽ ഔസേപ്പു വർക്കി 82-ാമത്തെ വയസ്സിൽ ജൂൺ 6-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം 7-ാംനു- തിങ്കളാഴ്ച പകൽ 4 മണിക്കു എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽതിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

R. I. P.

## വിവാഹം

**ഞീഴൂർ:** ഈ ഇടവക തത്തംകുളത്തേൽ കുരുവിള ഫിലിപ്പും കുരീക്കോട്ടിൽ കുഞ്ഞാമാസു് മേരിക്കുട്ടിയും തമ്മിലുള്ള വിവാഹം ജൂൺ 7-ാംതീയതി തിങ്കളാഴ്ച ഞീഴൂർപള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

---

ഉണ്ണീശോയുടേയും, വി. യൗസേപ്പിൻേറയും, റപ്പായേൽമാലാഖയുടേയും സഹായത്താൽ അസാദ്ധ്യകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

V. C. ജോസഫ്
എടത്തിരുത്തി

---

## തിരുകൊച്ചിവാർത്തകൾ

### ജയിൽപരിഷ്കരണക്കമ്മററിയുടെ ശുപാർശ

ജയിലുകളുടെ സ്ഥിതി അന്വേഷിച്ചു അവ പരിഷ്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലേക്കു് ഗവർമ്മെൻറിൽനിന്നും നിയോഗിച്ചിരുന്ന ജയിൽപരിഷ്കരണക്കമ്മിററി താഴെ പറയുന്ന ശുപാർശകൾ ഗവർമ്മെൻറിലേക്കു സമർപ്പിച്ചിരിക്കുന്നു:

തടവുകാരും പോലീസുകാരും തമ്മിൽ സമ്പർക്കമുണ്ടാകാത്തവിധത്തിൽ ലോക്കപ്പുകളും, സബ്ജയിലുകളും പോലീസ്സ്റ്റേഷനുകളും പരിഷ്കരിക്കേണ്ടതാണു്. ഒരു കുററവാളിയെ അറസ്റ്റുചെയ്താൽ 24 മണിക്കൂറുകൾക്കകം അയാളെ കോടതിയിൽ മജിസ്ട്രേട്ടു മുമ്പാകെ ഹാജരാക്കേണ്ടതും അതിനുശേഷം പ്രതിയെ പോലീസ്സ്റ്റേഷനിൽ പാർപ്പിക്കാതെ സബ്ജയിലുകളിൽ സൂക്ഷിക്കേണ്ടതുമാണു്. ഇതിലേക്കു് സംസ്ഥാനത്തുള്ള ലോക്കപ്പുകൾക്കു പകരം സബ്ജയിലുകൾ സ്ഥാപിക്കണം. തടവുകാരുടെ മതപരവും സാന്മാർഗ്ഗികവുമായ വളർച്ചയ്ക്കു് ഉതകുന്ന സ്ഥാപനങ്ങൾ നിർമ്മിക്കണം. തടവുകാർക്കുള്ള ആഹാരം അവരവർതന്നെ ഇഷ്ടാനുസരണം പാകം ചെയ്യുന്നതിനു് സൗകര്യം നൽകണം. അവർക്കു് അല്പം വരുമാനമുണ്ടാകത്തക്ക എന്തെങ്കിലും ജോലികൾ അവരെക്കൊണ്ടു ചെയ്യിക്കുന്നതു നന്നായിരിക്കും. ഓരോ സബ്ജയിലിലും ഓരോ ചെറിയ ലൈബ്രറികൾ ഉണ്ടായിരിക്കേണ്ടതാണു്. സബ്ജയിലുകളിൽ സൂക്ഷിപ്പുകാരായിട്ടുപോലും പോലീസുകാരെ നിയമിക്കാതെ ആയതിലേക്കു് ജയിൽസ്റ്റാഫിനെ നിയോഗിക്കേണ്ടതാണു്.

### കോളേജ് പ്രവേശനത്തിനുള്ള അപേക്ഷകൾ

തിരുവനന്തപുരത്തു് സെൻട്രൽ കോ- ഓപ്പറേററീവു് സൊസൈററി ബിൽഡിംഗ്സിൽ ഇക്കൊല്ലം പ്രവർത്തനമാരംഭിക്കുന്ന ലോകോളെജ് ജൂലൈ 15-ാംനു- തുറക്കുന്നതാണെന്നും കോളേജ് പ്രവേശനത്തിനുള്ള അപേക്ഷകൾ എറണാകുളം ലോകോളെജ് പ്രിൻസിപ്പാളിൻെറ പേർക്കു് അയക്കേണ്ടതാണെന്നും ഒരറിയിപ്പിൽ പറഞ്ഞിരിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളെജിൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ജൂൺ 22-ാംനു-ക്കു മുമ്പു് അയച്ചിരിക്കണമെന്നും വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്നു.

### വെള്ളത്തുവൽ പവ്വർസ്റ്റേഷൻ

1948-ൽ ആരംഭിച്ച വെള്ളത്തുവൽ പവ്വർസ്റ്റേഷൻെറ പണി ഇപ്പോൾ ഏതാണ്ടു പൂർത്തിയായിരിക്കുന്നു. ഇതിൻെറ ഉൽഘാടനം ജൂൺ 15-ാംനു- കേന്ദ്രധനകാര്യമന്ത്രി ശ്രീ ദേശ്മുഖ് നിർവ്വഹിക്കുകയുണ്ടായി. ഇതുവരെ 125 ലക്ഷം ക. ചെലവായിട്ടുള്ള ഈ സ്റ്റേഷനിൽ ഇപ്പോൾ 48000 കിലോവാട്സ് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്നറിയുന്നു. ഇതോടെ തിരുക്കൊച്ചി സംസ്ഥാനത്തു് ആകെ 85500 കിലോവാട്ട്സ് പവ്വർ ലഭിക്കുന്നതാണു്. സംസ്ഥാനത്തു് ഇപ്പോളാവശ്യമുള്ളതിൽ വളരെ കൂടുതലായിരിക്കുമിതു്.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 || ERNAKULAM, JUNE 16, 1954 || No. 41


# കത്തോലിക്കാ സാമൂഹ്യസേവനം

മാനവസമുദായം അസ്വസ്ഥതയിലും ആശങ്കകളിലും അരിഷ്ടതകളിലുംകൂടിയാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ക്ലേശാവഹമായ ഈ ജീവൽപ്രശ്നത്തെ ശരിയായി വിശകലനം ചെയ്തു അതിൻെറ കാര്യകാരണങ്ങൾ കണ്ടുപിടിക്കുന്നതിനും സമ്യക്കായ പ്രതിവിധികൾ പ്രയോഗിച്ച് അതിനെ ഭൂമുഖത്തുനിന്നു വിപാടനം ചെയ്യുന്നതിനും ഇന്നു മാനവസ്നേഹികളായ വ്യക്തികളും സംഘടനകളും ദത്താവധാനരായിരിക്കയാണ്. ഏതാദൃശമായ പരിശ്രമങ്ങളിൽ സോഷ്യൽകോൺഫറൻസുകൾക്കു അദ്വിതീയമായ സ്ഥാനമാണുള്ളത്. സമുദായത്തിൻെറ കെടുതികളെപ്പററി പരിചയസമ്പന്നരായ പണ്ഡിതന്മാർ ഒന്നിച്ചിരുന്നു വിശദമായ പഠനം നടത്തി, അവയെ നേരിടുന്നതിനു വിവിധ സ്ഥലങ്ങളിൽ നടത്തപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളുടെ ജയാപജയങ്ങളുടെ വെളിച്ചത്തിൽ പ്രായോഗികമായ പദ്ധതികൾ കണ്ടുപിടിക്കുക എന്നതാണല്ലോ ഈ കോൺഫറൻസുകൾകൊണ്ടു സാധിക്കുന്നത്. ഇതു ഏററവും കാര്യക്ഷമവും, പ്രായോഗികവും, ഫലദായകവുമായ മാർഗ്ഗമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. ഇപ്രകാരം പ്രവർത്തനം നടത്തുന്ന വിശ്വവ്യാപകവും ദേശീയവുമായ നിരവധി സംഘടനകൾ ഇന്നു നിലവിലുണ്ട്. അവയിൽ ഈ കഴിഞ്ഞ ഏപ്രിൽ മാസത്തിൻെറ അവസാനഘട്ടത്തിൽ ജർമ്മനിയിലെ കൊളോൺ നഗരത്തിൽ സമ്മേളിച്ച സാർവ്വലൗകികകത്തോലിക്കാ സോഷ്യൽ സർവ്വീസ് കോൺഗ്രസ്സും എറണാകുളത്തു സമ്മേളിച്ച ആൾ ഇന്ത്യാ കാത്തലിക്ക് സോഷ്യൽ കോൺഫറൻസും നമ്മുടെ ശ്രദ്ധയെ പ്രത്യേകം അർഹിക്കുന്നവയാണ്.

## യൂ. സി. ഐ. എസ്. എസ്.

"ഇൻറർനാഷനൽ കാത്തലിക്കു യൂണിയൻ ഫോർ സോഷ്യൽ സർവ്വീസ്" എന്ന സാർവ്വദേശീയ സംഘടന അതിൻെറ 8-ാമത്തെ പൊതുസമ്മേളനമാണ് ഏപ്രിൽ 20 മുതൽ 26 വരെ തീയതികളിൽ ജർമ്മനിയിൽ കൊളോൺ എന്ന സ്ഥലത്തുവച്ചു നടത്തിയത്. (റിപ്പോർട്ടു യഥാകാലം സത്യദീപത്തിൽ ചേർത്തിരുന്നു) വിവിധ ഭാഗങ്ങളിൽനിന്നു 32 രാജ്യങ്ങളെ പ്രതിനിധീകരിച്ചു 1200 പേർ അതിൽ സംബന്ധിച്ചു. സാമൂഹ്യസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന പല സംഘടനകളിലും സജീവമായി പ്രവർത്തിച്ചുകൊണ്ടുപോരുന്ന പരിചയസമ്പന്നരായ വ്യക്തികളായിരുന്നു പ്രതിനിധികളിൽ ഭൂരിപക്ഷവും. കത്തോലിക്കാ ഭാരതവും അതിലേക്കു പ്രതിനിധിയെ അയച്ചിരുന്നു എന്നതു നമുക്കഭിമാനാവഹവും ഗുണപ്രദവുമാണല്ലോ.

കോൺഗ്രസ്സിലെ പ്രധാന പ്രതിപാദ്യം, മനുഷ്യവ്യക്തിത്വത്തോടുള്ള ബഹുമാനവും മാറിമാറികൊണ്ടിരിക്കുന്ന ഇന്നത്തെ ലോകഗതിയിൽ അതിൻെറ മാഹാത്മ്യത്തെ സുരക്ഷിതമാക്കുന്നതിനുള്ള ആവശ്യകതയും എന്നുള്ളതായിരുന്നു. പ്രസിദ്ധന്മാരായ പണ്ഡിതവാഗ്മികൾ നാലു കോൺഫറൻസുകളിൽ വിഷയത്തെ സമഷ്ടിയായി ചർച്ചചെയ്തു. മനുഷ്യവ്യക്തിത്വത്തേയും അതിൻെറ സ്വതന്ത്രമായ വികസനത്തേയും സംബന്ധിച്ചുള്ള ക്രിസ്തീയാദർശം എന്നതായിരുന്നു ഒന്നാമത്തെ ചർച്ചാവിഷയം. മാനവസമൂഹവും സാമൂഹ്യസേവനവും എന്നതായിരുന്നു രണ്ടാമത്തെ വിഷയം. മൂന്നാമതായി, മനുഷ്യവ്യക്തിയുടെ സേവനത്തിൽ ഏർപ്പെടുന്ന സാമൂഹ്യപ്രവർത്തകൻ എന്നതിനെപ്പററിയും, അവസാനം മനുഷ്യവ്യക്തിയുടെ ആവശ്യങ്ങളും സാർവ്വദേശീയമായ ഗവമ്മേണ്ടു സംഘടനകളും എന്നതിനെപ്പററിയും ചർച്ചകൾ നടന്നു. പൊതുസമ്മേളനങ്ങൾക്കു പുറമെ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞു പൊതുപ്രശ്നത്തോടനുബന്ധപ്പെട്ട വിശദാംശങ്ങളെപ്പററിയുള്ള പഠനക്കളരികളും വാദപ്രതിവാദയോഗങ്ങളും നടത്തപ്പെട്ടു. അവയുടെ വിശദമായ റിപ്പോർട്ടുകളും ക്രോഡീകരിക്കപ്പെട്ട പ്രമേയങ്ങളും ഔദ്യോഗികമായി വിനാവിളംബം ലഭിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

## ഏ. ഐ. എസ്. സി.

"ആൾ ഇൻഡ്യാ സോഷ്യൽ കോൺഫറൻസ്" സംഘടന അതിൻെറ രണ്ടാമത്തെ പൊതുസമ്മേളനം എറണാകുളത്തുവച്ചു ഏപ്രിൽ 21 മുതൽ 25 വരെ തീയതികളിൽ നടത്തി. ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നുമായി 150-ൽപരം പ്രതിനിധികൾ അതിൽ സംബന്ധിച്ചു. 43 രൂപതകളിൽനിന്നു ഔദ്യോഗിക പ്രതിനിധികൾ സന്നിഹിതരായിരുന്നു. പണ്ഡിതന്മാരും സാമൂഹ്യപ്രവർത്തനത്തിൽ ദീർഘപരിചയം സിദ്ധിച്ചിട്ടുള്ളവരുമായ വൈദികരും അൽമായരും, സന്യാസികളും കന്യാസ്ത്രീകളും, സ്വദേശീയരും വിദേശീയരും അതിൽ ഉൾപ്പെട്ടിരുന്നു. പ്രസിദ്ധന്മാരായ പണ്ഡിതപ്രസംഗകന്മാർ ഓരോ പൊതുയോഗങ്ങളിലും അവതരിപ്പിച്ച വിഷയങ്ങളെപ്പററി സുദീർഘമായ ചർച്ചകളും വാദപ്രതിവാദങ്ങളും ഗ്രൂപ്പുയോഗങ്ങളിൽ നടത്തിയ ശേഷമാണ് അവയുടെ അനുമാനങ്ങൾ പ്രമേയരൂപത്തിൽ അവതരിപ്പിക്കപ്പെട്ടതു്. തന്മൂലം ഓരോ പ്രശ്നത്തേയും ഭാരതത്തിൻെറ നാനാഭാഗങ്ങളിലും നിലനിന്നുപോരുന്ന വിവിധങ്ങളായ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ചർച്ചചെയ്യുന്നതിനും, അവിടവിടങ്ങളിൽനിന്നുലഭ്യമായിട്ടുള്ള അനുഭവജ്ഞാനത്തിൻെറ അടിസ്ഥാനത്തിൽ പ്രായോഗികമായ പ്രവർത്തനപദ്ധതികൾ നിർദ്ദേശിക്കുന്നതിനും കോൺഫറൻസിനു സാധിച്ചിട്ടുണ്ടെന്നുള്ളതു് അതിൻെറ മഹത്തായ ഒരു നേട്ടമാണ്. അപ്രകാരം ക്രോഡീകരിക്കപ്പെട്ട തീരുമാനങ്ങളെ പ്രമേയരൂപത്തിൽ പൊതുസമ്മേളനം ഏകയോഗമായി അംഗീകരിക്കുകയും ആവശ്യമായ വൈദികാദ്ധ്യക്ഷാനുമതിയോടെ കോൺഫറൻസ് കൺവീനറായ റവ. ഫാദർ ജറോം ഡിസൂസാ എസ്. ജെ. അവർകൾ ഇപ്പോൾ പരസ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആധുനികകാലത്തിലെ ജീവൽപ്രശ്നമായ സാമൂഹ്യസേവനത്തിൽ എല്ലാവർക്കും മാർഗ്ഗദർശകമായിരിക്കേണ്ട പ്രസ്തുത പ്രമേയങ്ങൾ താഴെ ചേർക്കുന്നു:-

### I നഗരഇടവകകളിലുള്ള പാവപ്പെട്ടവരുടെ സാമൂഹ്യോന്നമനം

പാവപ്പെട്ടവരുടെ സാമൂഹ്യോന്നമനം സാധിക്കുന്നതിനു പട്ടണങ്ങളിലുള്ള ഇടവകകളിൽ കഴിയുന്നതും വേഗത്തിൽ സാമൂഹ്യസേവനകേന്ദ്രങ്ങൾ സമാരംഭിക്കണം. പ്രസ്തുത കേന്ദ്രങ്ങളിൽ:- 1) കളികൾ, ചലച്ചിത്രപ്രദർശനങ്ങൾ, വായനശാലകൾ മുതലായവ വഴി വിനോദത്തിനവസരമുണ്ടാക്കണം; 2) ശുചീകരണപ്രസ്ഥാനങ്ങൾ, സാധാരണരോഗങ്ങൾക്കുള്ള സാമാന്യഔഷധങ്ങൾ, മാതൃശുശ്രൂഷ, ശിശുസംരക്ഷണം മുതലായ സഹായങ്ങൾ ഇവയ്ക്കു പരിപാടികളുണ്ടായിരിക്കണം; 3) ആഘോഷങ്ങൾക്കു വേണ്ടിയുള്ള വൃഥാവ്യയം, വിനാശകരമായ സ്ത്രീധനസമ്പ്രദായം മുതലായവയെ തടയുന്നതിനുള്ള നടപടികൾമൂലവും, പരസ്പരസഹായപരമായ കടവായ്പസംഘങ്ങളോ മററിതുപോലുള്ള സ്ഥാപനങ്ങളോ വഴിയും, മിച്ചനിക്ഷേപങ്ങളും ചെറുസമ്പാദ്യങ്ങളും ഉണ്ടാക്കുന്നതിനു പ്രോത്സാഹിപ്പിച്ചും, പാട്ടുള്ളിടത്തെല്ലാം തൊഴിൽവിതരണഏജൻസികൾ സംഘടിപ്പിച്ചും, അത്യാവശ്യപ്പെട്ടവരെ സഹായിക്കുന്നതിനു ഒരു സാമൂഹ്യസേവനഫണ്ടു ഏർപ്പെടുത്തിയും അവരുടെ സാമ്പത്തികസ്ഥിതി ഉന്നമിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയുണ്ടായിരിക്കണം; 4) ഇടവകയുടെ സാമൂഹ്യസ്ഥിതിയെപ്പററി ഒരു സർവ്വെ നടത്തുകയും, തൊഴിലാളികളുടെ ഇടയിൽ പ്രസംഗചാതുര്യവും നേതൃത്വത്തിനുള്ള കഴിവും സൃഷ്ടിക്കത്തക്കവണ്ണം സാമൂഹ്യപ്രശ്നങ്ങളെപ്പററി പഠനക്കളരികൾ നടത്തി അവർക്കു അറിവും ഉൽബോധനവും നൽകുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കുകയും വേണം; 5) പൊതുധ്യാനങ്ങളും, തിരുനാളുകളും, പൊതുദിവ്യകാരുണ്യസ്വീകരണങ്ങളുംവഴി അംഗങ്ങളുടെ ആദ്ധ്യാത്മികസംസ്കരണത്തിനുള്ള ശ്രമങ്ങളും നടപ്പാക്കണം.

#### സൂചന

1. സാമൂഹ്യകേന്ദ്രങ്ങളിൽ പ്രവർത്തനം നടത്തുന്നതിനു യുവകത്തോലിക്കാ തൊഴിലാളിസംഘടനപോലുള്ള സംഘടനകളോ, സൊഡാലിററി, ലീജ്യൻ ഓഫ് മേരി മുതലായ സഖ്യങ്ങളോ, സ്ഥലത്തെ സ്കൂൾഅദ്ധ്യാപകവൃന്ദമോ മുന്നോട്ടുവരുന്നതു് ഏററം അഭിലഷണീയമാണ്.

2. ഈദൃശ സാമൂഹ്യകേന്ദ്രങ്ങൾ സ്ത്രീകൾക്കു വേണ്ടി പ്രത്യേകം സംഘടിപ്പിക്കുകയോ പൊതുകേന്ദ്രത്തിൽ സ്ത്രീകൾക്കു പ്രത്യേകശാഖ ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

### II ഗ്രാമീണഇടവകകളിലുള്ള പാവപ്പെട്ടവരുടെ സാമൂഹ്യോന്നമനം

നഗരങ്ങളിലുള്ള ഇടവകകളിലെന്നവണ്ണംതന്നെ ഗ്രാമങ്ങളിലുള്ള ഇടവകകളിലും ഓരോ സാമൂഹ്യകേന്ദ്രം ഉണ്ടാക്കണം. വിനോദങ്ങൾക്കുള്ള സൗകര്യങ്ങൾ പ്രദാനംചെയ്യുക; വയോജനവിദ്യാഭ്യാസത്തെ പ്രധാനമായി ലക്ഷ്യമാക്കിയുള്ള പൊതുജനവിദ്യാഭ്യാസവും ഗ്രാമീണസാഹചര്യങ്ങൾക്കനുസരണമായി സാമൂഹ്യവിഷയങ്ങളിലുള്ള വിദ്യാഭ്യാസവും നൽകുക; മുകളിൽ പ്രസ്താവിച്ച രീതികളിൽ സാമ്പത്തികാഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ സജ്ജീകരിക്കുക; ആദ്ധ്യാത്മികകാര്യങ്ങളിൽ വേണ്ട സഹകരണങ്ങൾ ചെയ്യുക എന്നീ നാലു ലക്ഷ്യങ്ങളാണ് കേന്ദ്രംവഴിയായി പൊതുവെ സാധിക്കേണ്ടതു്.

പ്രത്യേകിച്ചും, കമ്മ്യൂണിററി പ്രോജക്ട് പദ്ധതിയനുസരിച്ച് വിദ്യാഭ്യാസം, ശുചീകരണം, വാർത്താവിതരണം, വിനോദങ്ങൾ മുതലായവ നടപ്പാക്കുന്നതിൽ സഹകരിക്കുകയായിരിക്കും ഗ്രാമോദ്ധാരണാദർശം സഫലമാക്കുന്നതിനുത്തമമാർഗ്ഗം.

കൂടാതെ, ഗ്രാമീണസഹകരണസംഘങ്ങളെ ധാരാളമായി ഉപയോഗപ്പെടുത്തുകയും കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും വേണം. ശുചീകരണവും രോഗനിവാരണസംരംഭങ്ങളും സ്കൂൾകുട്ടികൾ വഴിയായും സ്ത്രീതൊഴിലാളികൾ വഴിയും കൂടുതൽ സംഘടിതമായ രീതിയിൽ ഊർജ്ജസ്വലമായി നടത്തപ്പെടണം.

അവസാനമായി, ഗ്രാമീണഇടവകകളിൽ സാമൂഹ്യപ്രവർത്തകരെ തിരഞ്ഞെടുക്കുന്നതിൽ അതതു സ്ഥലത്തുള്ള വില്ലേജുതലവന്മാരോടും പഞ്ചായത്തുകളോടും സഹകരിച്ചു പ്രവർത്തിക്കേണ്ടതും പഞ്ചായത്തുകളിലും മററും മുന്നണിയിൽനിന്നു പ്രവർത്തിക്കുന്നതിനു കത്തോലിക്കരെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

#### വിശദീകരണം

A. ഗ്രാമീണഇടവകകളിലെ സഹകരണപ്രസ്ഥാനങ്ങൾ:-

കടവായ്പ, ഉല്പന്നവില, കാർഷികവും ഗൃഹസംബന്ധവുമായ അവശ്യസാധനങ്ങളുടെ വിതരണം, ഭവനനിർമ്മാണം, വസ്തു ഈടുകൊടുക്കൽ മുതലായ കാര്യങ്ങളിൽ വേണ്ട സഹായവും സൗകര്യവും ഉണ്ടാകത്തക്കവണ്ണം, ആവശ്യമുള്ളപക്ഷം ഇടവകവികാരിമാരുടെ ഉപദേശത്തോടും സഹായത്തോടുംകൂടി ഇടവകകളിൽ ബഹുമുഖ കോപ്പറേററീവുസംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.

ഓരോ സ്ഥലത്തും നിലവിലുള്ള സഹകരണസംഘങ്ങളിൽ കത്തോലിക്കർ അംഗങ്ങളായിച്ചേരേണ്ടതും തന്മൂലം സമുദായത്തിനു കൂടുതൽ നന്മ കൈവരുത്തേണ്ടതുമാണ്.

B. ഗ്രാമീണഇടവകകളിലെ ആരോഗ്യവും ശുചീകരണവും:-

ഓരോ ഹൈസ്കൂൾ വിദ്യാർത്ഥിയും കോളേജുവിദ്യാർത്ഥിയും അവരുടെ അടുത്തുള്ള ഗ്രാമീണസഹോദരനുവേണ്ടി പ്രതിദിനം എന്തെങ്കിലും ഒരു ചെറിയ സേവനമനുഷ്ഠിക്കുന്നതിനു ആവശ്യപ്പെടണം. പ്രത്യേകിച്ചും അവർ വൃത്തിയായിരിക്കുന്നതിനും ആരോഗ്യകരമായി ജീവിക്കുന്നതിനുവേണ്ട തത്വങ്ങൾ മനസ്സിലാക്കുന്നതിനും അവരെ പഠിപ്പിക്കണം. ഇതിനായി സ്കൂളിലും കോളേജിലും ഒരു പ്രത്യേക ആരോഗ്യപ്രസ്ഥാനം നടത്തപ്പെടണം.

വളരെ ലളിതവും വിശദവും വിലകുറഞ്ഞതുമായ ഗ്രന്ഥങ്ങൾ ദേശീയഭാഷകളിൽ ആരോഗ്യത്തേയും, ആരോഗ്യത്തെ സ്പർശിക്കുന്ന ധാർമ്മികനിയമങ്ങളേയും സംബന്ധിച്ച് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും അവ എല്ലാ കുട്ടികൾക്കും കൊടുക്കുകയും ചെയ്യേണ്ടതാണ്.

ഈ മേയ്മാസത്തിലും ഈ മരിയവത്സരത്തിലും സാമൂഹ്യകേന്ദ്രങ്ങൾ നടത്തുന്ന പ്രബോധനസംരംഭങ്ങളിൽ ആരോഗ്യത്തേയും ശുചിത്വത്തേയും സംബന്ധിച്ച് ചില പഠനക്കളരികൾ കൂട്ടിച്ചേർക്കുകയും ഇന്ത്യൻ റെഡ്ക്രോസ് സൊസൈററിയിൽനിന്നോ, അതതുസ്ഥലത്തെ ഹെൽത്ത് ആൻറ് സാനിററി ഡിപ്പാർട്ടുമെൻറിൽനിന്നോ തത്സംബന്ധമായ ലഘുലേഖകളും ചുമർച്ചിത്രങ്ങളും വാങ്ങി ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

കത്തോലിക്കാ ആശുപത്രികൾ ആരോഗ്യകേന്ദ്രങ്ങളായി ഉപയോഗിക്കണം. അവ സന്താനനിയന്ത്രണം സംബന്ധിച്ചു കത്തോലിക്കാസഭയുടെ പഠനങ്ങൾ പ്രചരിപ്പിക്കുന്ന കേന്ദ്രങ്ങളായിരിക്കണം. പ്രസിദ്ധീകരണങ്ങൾ, പ്രസംഗങ്ങൾ, റേഡിയോ മുതലായ പ്രചരണോപാധികൾവഴി ആരോഗ്യപരവും കുടുംബസംവിധാനപരവുമായ കാര്യങ്ങളിൽ ക്രിസ്തീയതത്വങ്ങൾ ലംഘിക്കപ്പെടുന്ന അവസരങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിനു ഓരോ നഗരത്തിലും ഓരോ വിജിലൻസുകമ്മററി സംഘടിപ്പിക്കപ്പെടണം. സന്താനനിയന്ത്രണം സംബന്ധിച്ച് ഫാദർ ബ്രൗണൻ എഴുതിയിട്ടുള്ള ലഘുലേഖകൾ ദേശീയഭാഷകളിലേക്കു തർജ്ജമചെയ്യപ്പെടുകയും ജനങ്ങളെ പഠിപ്പിക്കുന്നതിനു അവ ഉപയോഗപ്പെടുത്തുകയും ചെയ്യണം. (സന്താനനിയന്ത്രണത്തിൻെറ അപകടങ്ങളെ സംബന്ധിച്ച് കത്തോലിക്കാ യുവലോകത്തെ പഠിപ്പിക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കുമോയെന്നുള്ളതിൽ അഭിപ്രായഭിന്നതയുണ്ടായിരുന്നു.)

#### പ്രത്യേകപ്രമേയം

അഖിലേന്ത്യാ മെഡിക്കൽ കോളേജു സ്ഥാപിക്കുന്നതിനുള്ള പദ്ധതിയെ പാടുള്ളവേഗത്തിൽ പ്രായോഗികമാക്കുന്നതിനു നടപടികളെടുക്കണമെന്നു ഈ കോൺഫറൻസ് കാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസിനോടു ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

(തുടരും)

# പ്രസാധകക്കുറിപ്പുകൾ

## റഷ്യയുടെ സാമ്രാജ്യദുർമ്മോഹത്തെ തൊഴിലാളിനേതാവ് അപലപിക്കുന്നു

ബ്രിട്ടനിലെ ലേബർപാർട്ടിനേതാവായ, കഴിഞ്ഞ ലേബർ ഗവർമ്മെൻറിൽ പ്രധാനമന്ത്രിയായിരുന്ന, മി. ക്ലെമെൻറ് ആററ്ലി "കമ്മ്യൂണിസ്റ്റ് സിദ്ധാന്തം ലോകമൊട്ടുക്കു അടിച്ചേല്പിക്കേണ്ടതു തങ്ങളുടെ കർത്തവ്യമാണെന്നുള്ള റഷ്യയുടെ ഭ്രാന്തുപിടിച്ച് വിശ്വാസം ഉപേക്ഷിക്കപ്പെട്ടെങ്കിലേ ലോകസമാധാനം സാദ്ധ്യമാകൂ"യെന്നു് ഡെന്മാർക്കിൽ ഭരണം നടത്തുന്ന സോഷ്യൽ ഡമോക്രാററിക്കുപാർട്ടിയുടെ ഒരു റാലിയിൽ പ്രസ്താവിച്ചു. തുടർന്നു് അദ്ദേഹം ഇങ്ങനെ അപലപിച്ചു:- ആ ഭ്രാന്തുപിടിച്ച വിശ്വാസം, റഷ്യൻ കമ്മ്യൂണിസ്റ്റു സാമ്രാജ്യദുർമ്മോഹത്തിൻെറ ലക്ഷ്യം, ബലാല്ക്കാരേണ ലോകത്തെ കീഴടക്കണമെന്നാണ്. നാടു വെട്ടിപ്പിടിക്കുക എന്ന പഴയ സാമ്രാജ്യദുർമ്മോഹരീതിതന്നെയാണ് റഷ്യയിൽ സ്വീകരിച്ചിരിക്കുന്നത്.- മനുഷ്യമനസ്സുകളിൽ അവരുടെ സിദ്ധാന്തത്തെ കുത്തിച്ചെലുത്തികൊണ്ടുള്ള തേർവാഴ്ചയാണ് അ

വരുടെ വ്യാമോഹം. എല്ലാ മാനുഷികമൂല്യങ്ങൾക്കും, പ്രജായത്ത സിദ്ധാന്തങ്ങൾക്കും കടകവിരുദ്ധമായ ഒരു നിലപാടാണ് അവരുടേതു്.

കിഴക്കേ ജർമ്മനിയെ റഷ്യ ആയുധസജ്ജമാക്കി നിറുത്തിയിരിക്കുന്നുവെന്നും, നിരായുധയായ പശ്ചിമജർമ്മനി ശത്രുക്കളുടെ ആക്രമണത്തിനു് വിധേയമായിരിക്കുന്നുവെന്നും ആററ്ലി ചൂണ്ടിക്കാണിച്ചു. കിഴക്കെ യൂറോപ്പിൽ കമ്മ്യൂണിസ്റ്റുകൾ ചെയ്തതു് പശ്ചിമയൂറോപ്പിൽ മററുള്ളവർ ചെയ്യുന്നതിനു് കമ്മ്യൂണിസ്റ്റുകൾ എതിർക്കുന്നതു് അസംബന്ധമല്ലേയെന്നു് അദ്ദേഹം ചോദിച്ചു. പശ്ചിമപ്രതിരോധകശക്തിയിൽ ജർമ്മനിയെക്കൂടെ ഉൾപ്പെടുത്തണമെന്നുള്ള അഭിപ്രായക്കാരനാണദ്ദേഹം. കാരണം, ജർമ്മനി തനിച്ചു് ആയുധസജ്ജീകരണം ചെയ്താൽ ജർമ്മൻസഹജമായ സമരാസക്തിക്കു വളംവെച്ചുകൊടുക്കുക എന്നതായിരിക്കും അതിൻെറ ഭവിഷ്യത്തു്.

ആററംയുദ്ധത്തെപ്പററി ആശങ്ക പ്രകടിപ്പിച്ചുകൊണ്ടു് ആററ്ലി പറഞ്ഞതു്, അണുകായുധങ്ങളെ നിരോധിച്ചതുകൊണ്ടു് യുദ്ധം അവസാനിക്കുവാൻ പോകുന്നില്ലെന്നും, എല്ലാ രാഷ്ട്രങ്ങളും ചേർന്നു് യുദ്ധത്തെ ഉപേക്ഷിക്കുകയും മനുഷ്യൻെറ ഭ്രാതൃത്വത്തെ അംഗീകരിക്കുകയും വേണമെന്നുമാണു്. നിരീശ്വരത്വത്തെ വിശ്വാസപ്രമാണമായി സ്വീകരിക്കുന്ന കമ്മ്യൂണിസ്റ്റു റഷ്യക്കു്, ദൈവവിശ്വാസത്തിൻെറ അവശ്യഫലമായ മനുഷ്യഭ്രാതൃത്വത്തെ അംഗീകരിക്കുവാൻ സാദ്ധ്യമാണോ?

* * *

## കമ്മ്യൂണിസ്റ്റുകാരെ സർക്കാർ സർവീസുകളിൽനിന്നു പുറത്താക്കുന്നു

അമേരിക്കൻ ഐക്യസംസ്ഥാനഗവർമ്മെൻറു് കമ്മ്യൂണിസ്റ്റുകാരെ സർക്കാർ സർവ്വീസിൽനിന്നു പുറത്താക്കുവാൻ നടപടികൾ സ്വീകരിച്ചപ്പോൾ ഇൻഡ്യയിൽത്തന്നെ അതിനെപ്പററി വളരെ പ്രതികൂലവിമർശനങ്ങളുണ്ടായി. പൗരന്മാരുടെ പ്രജായത്തപരമായ അവകാശങ്ങളുടെ പേരിലുള്ള കൈയേററമായിട്ടാണു് പലരും അവയെ വീക്ഷിച്ചതു്. എന്നാൽ പിന്നീടും സാവകാശത്തിലും ആ നടപടികളുടെ ഔചിത്യം അംഗീകരിക്കപ്പെട്ടു. സകല ഗവർമ്മെൻറുകൾക്കും അവരുടെ സർവ്വീസിലെ ജീവനക്കാരുടെ ഭക്തിവിശ്വാസങ്ങൾ ആവശ്യപ്പെടുവാൻ അർഹതയുണ്ടെന്നും എന്നാൽ ഒരു കമ്മ്യൂണിസ്റ്റുകാരനു് കമ്മ്യൂണിസ്റ്റു ഗവർമ്മെൻറിനോടുമാത്രമേ ഭക്തിവിശ്വാസങ്ങൾ ഉണ്ടായിരിക്കുവാൻ കഴിവുള്ളുവെന്നും സമ്മതിക്കപ്പെട്ടു. പല പ്രജായത്തഗവർമ്മെൻറുകളും അമേരിക്കൻഗവർമ്മെൻറിൻെറ മാതൃക സ്വീകരിക്കുവാൻ നിർബന്ധിതരായി. കമ്മ്യൂണിസ്റ്റുകാർ സർക്കാർ സർവ്വീസിൽ നുഴഞ്ഞുകയറുന്നതിനെ തടയുന്ന നടപടികൾ അവർ സ്വീകരിച്ചു. ഇൻഡ്യാഗവർമ്മെൻറും ശതൃന്തരമില്ലാതെ ഈ നയം ആശ്ലേഷിക്കേണ്ടിവന്നു. പാർലമെൻറിലെ ഒരു ചോദ്യത്തിനുത്തരമായി ആഭ്യന്തരമന്ത്രി ഡോ. കട്ജു വെളിപ്പെടുത്തി, വിദ്ധ്വംസകപ്രവൃത്തികൾ നടത്തുകയോ അവയ്ക്കു കൂട്ടുനില്ക്കുകയോ ചെയ്തതിനു് 85 സർക്കാർ ജീവനക്കാരുടെ പേരിൽ 1953-54-ൽ കേസെടുത്തുവെന്നു്. അവരിൽ 5 പേരെ നിർബന്ധപൂർവ്വം റിട്ടയർചെയ്യിച്ചു; 19 കേസുകൾ പിൻവലിച്ചു. 62 എണ്ണം ഇനിയും നിലവിലിരിക്കുന്നു. കേസെടുത്ത നടപടികളെ നീതീകരിച്ചുകൊണ്ടു് ഡോ. കട്ജു ഇങ്ങനെ പറഞ്ഞു: "ഏതെങ്കിലും ഒരു ജീവനക്കാരൻെറ ഭരണഘടനയോടുള്ള ഭക്തിവിശ്വാസങ്ങൾ സംശയഗ്രസ്തമായാൽ, അയാൾക്കു് സമാധാനം പറയുവാനുള്ള സകല ന്യായമായ അവസരങ്ങളും നൽകിയശേഷം, അയാളെ സർവ്വീസിൽനിന്നു ഒഴിച്ചുനിർത്തുവാൻ ഗവർമ്മെൻറിനവകാശമുണ്ടു്." കോൺഗ്രസ്സ് നേതാക്കന്മാരുടെ അണികളിൽ കമ്മ്യൂണിസ്റ്റു വിപത്തിനെപ്പററിയുള്ള ബോധം വർദ്ധിച്ചുകാണുന്നതു് ആശ്വാസകരം തന്നെ. ഉത്തരപ്രദേശ് മുഖ്യമന്ത്രി, പഞ്ചാബു് ധനകാര്യമന്ത്രി മുതലായവരുടെ പ്രസ്താവങ്ങളും അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മററിയുടെ നിർദ്ദേശവും ഇതിനു ദൃഷ്ടാന്തങ്ങളാണു്. "ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകൾ വിദേശപൗരന്മാരെപ്പോലെ വിദേശരാഷ്ട്രത്തിനും പതാകയ്ക്കും നേതൃത്വത്തിനുമാണു് ഭക്തിവിശ്വാസങ്ങൾ അർപ്പിക്കുന്നതു്" എന്നു് മുഖ്യമന്ത്രിയും, "സമുദായത്തെ ശിഥിലീകരിച്ചു് നമ്മുടെ ദേശത്തിൻെറ സമാധാനപരമായ പുരോഗതിയെ തടയുവാനാണു്" കമ്മ്യൂണിസ്റ്റുകളുടെ ഉദ്ദേശ്യമെന്നു് ധനകാര്യമന്ത്രിയും പ്രസ്താവിച്ചു. കമ്മ്യൂണിസ്റ്റാഭിമുഖ്യത്തിലുള്ള സമാധാനകമ്മററികളിലോ സംഘടനകളിലോ കൂട്ടുകൂടരുതെന്നാണു് കോൺഗ്രസ്സ്കമ്മററി കോൺഗ്രസ്സുകാർക്കു നൽകിയിരിക്കുന്ന നിർദ്ദേശം.

* * *

## പിന്നോക്കവർഗ്ഗക്കമ്മീഷൻ ചെയർമാൻെറ മറുപടി

ഇൻഡ്യയിലെ പിന്നോക്കവർഗ്ഗക്കമ്മീഷനിലെ ചെയർമാനായ കാക്കാസാഹിബ് കലേൽക്കർ മേയ് 25-ാംതീയതി മദ്രാസു് സന്ദർശിച്ചപ്പോൾ നേരത്തെ ഏർപ്പാടുചെയ്തതനുസരിച്ചു് ഏതാനും ക്രിസ്ത്യൻ സമുദായപ്രതിനിധികൾ അദ്ദേഹത്തെ കണ്ടു് ക്രിസ്ത്യൻ പിന്നോക്കവർഗ്ഗക്കാരോടു് ഗവമ്മെൻറു കാണിക്കുന്ന നീതിരഹിതമായ വിവേചനത്തെപ്പററി നിവേദനങ്ങൾ നടത്തി. അവയ്ക്കു് അദ്ദേഹം അനുഭാവപൂർവ്വവും അനുകൂലവുമായ മറുപടിയാണു് നൽകിയതെന്നു് കാണുന്നു, "നിങ്ങൾ മററു ആരേയുംപോലെ ഇൻഡ്യയുടെ മക്കളാണു്. സകല പിന്നോക്കസമൂഹങ്ങൾക്കും മതവ്യത്യാസം പരിഗണിക്കാതെ സഹായം നൽകണം. ഇൻഡ്യ ഒന്നാകെ പുരോഗമിക്കുകയാണു വേണ്ടതു്. നിങ്ങൾക്കു പ്രത്യേകമായ അവകാശങ്ങളൊന്നും വേണ്ടെന്നു കേൾക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്. ഇതരഹൈന്ദവപിന്നോക്കവർഗ്ഗങ്ങൾക്കു നൽകുന്ന അതേ സഹായങ്ങളും സൗജന്യങ്ങളും സൗകര്യങ്ങളും മാത്രമേ നിങ്ങൾ ആവശ്യപ്പെടുന്നുള്ളു. അതു ന്യായമായിരിക്കുന്നു" എന്നാണു് ചെയർമാൻ പ്രസ്താവിച്ചതു്. സന്ദർശനത്തിൻെറ സമയം അധികവും അദ്ദേഹം വിനിയോഗിച്ചതു് ക്രിസ്തുമതത്തോടും ക്രിസ്ത്യാനികളോടു പൊതുവിലും തനിക്കുള്ള സൗമനസ്യവും അനുഭാവവും പ്രകാശിപ്പിക്കുവാനാണു്. യേശുക്രിസ്തുവിനോടു തനിക്കു വലിയ ബഹുമാനവും ആദരവും ഉണ്ടെന്നും, ക്രിസ്തുമതം ലോകത്തിലെ മഹാമതങ്ങളിലൊന്നാണെന്നും താൻ "ജ്ഞാനസ്നാനം സ്വീകരിച്ച" ക്രിസ്ത്യാനിയല്ലെങ്കിലും ഒരു നല്ല ക്രിസ്ത്യാനിയായി സ്വയം പരിഗണിക്കുന്നുണ്ടെന്നും ആദ്യമേ അദ്ദേഹം വിശദീകരിച്ചു. തങ്ങൾക്കുള്ള വിഷമതകൾ സ്വതന്ത്രമായും നിർബാധമായും തന്നോടു പറയുവാൻ ക്രിസ്ത്യൻ പ്രതിനിധികളെല്ലാവരോടും അദ്ദേഹം ആവശ്യപ്പെട്ടു. "കമ്മീഷണിലെ മററു അംഗങ്ങളുടെ മുൻപിൽ നിങ്ങളുടെ അഭിപ്രായങ്ങളും അതേപ്പററിയുള്ള എൻെറ മനോഭാവവും ഞാൻ വയ്ക്കും; നിങ്ങളുടെ വാദത്തിൻെറ ന്യായത്തെപ്പററി പാർലമെൻറു സാമാജികന്മാരെ ബോദ്ധ്യപ്പെടുത്തത്തക്കവണ്ണം ഞാൻ റിപ്പോർട്ടു തയ്യാറാക്കുകയും ചെയ്യും. പാർലമെൻറാണല്ലോ അവസാനത്തെ അധികാരി" എന്നാണു് ചെയർമാൻ ഉപസംഹാരമായി പറഞ്ഞതു്.

ദുഷ്ടശക്തികൾ പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു സകല മതങ്ങളും ഒന്നിച്ചുനില്ക്കുകയും നിർമ്മതത്തിൻെറ ദോഷങ്ങളോടു പൊരുതുകയുംചെയ്യേണ്ടതു് വളരെ ആവശ്യകമാണെന്നും, തന്മൂലം ക്രിസ്ത്യൻ സമൂഹത്തിൻെറ പിന്നോക്കസ്ഥിതി ഹിന്ദുസമൂഹങ്ങളുടെ പിന്നോക്കസ്ഥിതിപോലെ ഇൻഡ്യാഗവമ്മെൻറിൻെറ ശ്രദ്ധാവിഷയമാണെന്നുംകൂടി ചെയർമാൻ പ്രസ്താവിക്കുകയുണ്ടായി.

* * *

## അമേരിക്കൻ കത്തോലിക്കരുടെ സംഖ്യാവർദ്ധനവു്

അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ കത്തോലിക്കരുടെ സംഖ്യ ക്രമാനുഗതം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആ വർദ്ധനവിനു് ഒരു കാരണം കത്തോലിക്കാസഭയിലേക്കു് ആയിരക്കണക്കിനുള്ള മാനസാന്തരമാണു്. കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ അവിടത്തെ കത്തോലിക്കരുടെ വർദ്ധനവു് 8,228,723 ആണു്. അങ്ങനെ അവരുടെ ആകെ സംഖ്യ, 1954 ലേക്കു് പരസ്യം ചെയ്ത കാത്തലിക്കു് ഡയറക്ടറി അനുസരിച്ചു്, 31,648,424 ആയിരിക്കുന്നു. കഴിഞ്ഞവർഷത്തിലെ വർദ്ധനവു് 1,223,409 ആണു്. ഇവരിൽ മാനസാന്തരപ്പെട്ടവർ 116,696. കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ ആകെ മാനസാന്തരപ്പെട്ടവർ 1,097,771. വൈദികരുടെ സംഖ്യയിലുള്ള വർദ്ധനവു് 229. അങ്ങനെ അവരുടെ ആകെ സംഖ്യ 45,451. ഇതു് മുമ്പിലത്തേതിനെക്കാൾ ഒക്കെ കൂടുതലാണു്.


സത്യദീപം വരിസംഖ്യ

| | | പ്രതിവർഷം |
|---|---|---|
| ഇൻഡ്യയിൽ | ക. | 6—8—0 |
| ഇൻഡ്യക്കുപുറമെ | " | 8—12—0 |



പരിശുദ്ധ ജനനിയുടെ അനുഗ്രഹത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി. വി. പാവുണ്ണി


## അടുത്തയാഴ്ചയിൽ

ജൂൺ

20 ഞാ: പന്തക്കുസ്ത 2-ാംഞായർ

21 തി: അലോഷ്യസ്

22 ചൊ: പൗളിനൂസ്

23 ബു: ജോസഫ് കഫാസൊ

24 വ്യാ: ജോൺ ബാപ്റ്റിസ്റ്റ്

25 വെ: ഈശോയുടെ തിരുഹൃദയം

26 ശ: യോഹന്നാനും പൗലോസും

# അദ്ധ്യാപകരോടു്

(സെബാസ്റ്റ്യൻ പി. പെരുമ്പല്ലൂർ)

കർത്തവ്യനിഷ്ഠയുള്ള അദ്ധ്യാപകന്മാരുടെ അഭാവം ലോകത്തിൽ ഇത്ര അധികമായി അനുഭവപ്പെട്ടിട്ടുള്ള കാലസന്ധി ഒരിക്കലും ഉണ്ടായിട്ടില്ല. അനേകമനേകം വിദ്യാലയങ്ങളുടെ പരിതാപകരമായ സ്ഥിതി ഇതിനുദാഹരണമാണു്. അദ്ധ്യാപകന്മാരുടെ ഉദ്യോഗത്തിൻെറ പ്രാധാന്യംകൊണ്ടാണു്, അവരുടെ അഭാവം ഇത്രയധികം അനുഭവപ്പെടുവാൻ കാരണം. ഒരു കുട്ടിയുടെ സ്വഭാവരൂപവൽക്കരണത്തിൽ, മാതാപിതാക്കന്മാർ കഴിഞ്ഞാൽ പിന്നീടുള്ള പ്രധാന സ്ഥാനം അദ്ധ്യാപകനാണുള്ളതു്. ചിലപ്പോൾ തൻെറ പിതാവിൻെറയോ, മാതാവിൻെറയോ നിർദ്ദേശങ്ങളേക്കാൾ അദ്ധ്യാപകൻെറ അഭിപ്രായത്തെയാണു് കുട്ടി കൂടുതൽ അനുസരിക്കുന്നതു് എന്ന പരമാർത്ഥം ഏതൊരു രക്ഷാകർത്താവും സമ്മതിക്കുന്നതാണു്.

തൻകാര്യങ്ങളിൽ പ്രകാശത്തിൻെറ സന്തതികളെക്കാൾ നിശിതമതികളായ അന്ധകാരത്തിൻെറ സന്താനങ്ങൾ, ഭാവിതലമുറകളിൽ വിദ്യാഭ്യാസപ്രവർത്തകന്മാർ ചെലുത്തുന്ന മാന്ത്രികശക്തി മനസ്സിലാക്കിക്കഴിഞ്ഞു. അതുകൊണ്ടാണു് വിദ്യാഭ്യാസത്തിൽ സ്വാധീനത ചെലുത്താവുന്ന ഉദ്യോഗസ്ഥാനങ്ങൾ— ദരിദ്രോചിതവേതനംമാത്രം ലഭിക്കുന്നവയായാലുംശരി— കമ്മ്യൂണിസ്റ്റുകാർ അത്യാകാംക്ഷയോടെ അന്വേഷിക്കുകയും സ്വീകരിക്കുകയുംചെയ്യുന്നതു്. കുറേക്കൊല്ലങ്ങൾക്കുമുൻപു് കമ്മ്യൂണിസ്റ്റുപ്രേമിയായ ഒരു അദ്ധ്യാപകൻ തനിക്കു കിട്ടുന്ന തുച്ഛമായ വേതനത്തെപ്പററി പരാതിപ്പെട്ടു. വേറൊരു തൊഴിലിൽ അയാൾക്കു് കൂടുതൽ ശമ്പളം കിട്ടുമെങ്കിൽ പിന്നെ എന്തുകൊണ്ടാണു് അയാൾ അദ്ധ്യാപകവൃത്തിതന്നെ തുടർന്നുകൊണ്ടുപോകുന്നതു് എന്ന ചോദ്യത്തിനു് അയാൾ പറഞ്ഞ മറുപടി വളരെ ശ്രദ്ധാർഹമാണു്. അതു് ഇങ്ങനെയായിരുന്നു:—"ഞാൻ ഇങ്ങനെ പീഢപിരുക്കുന്നതുകൊണ്ടുതന്നെ എൻെറ അദ്ധ്യാപനത്തിൽനിന്നു എനിക്കു പ്രതിഫലം ഒരുവിധത്തിൽ ലഭിക്കുന്നുണ്ടു്. കാരണം അദ്ധ്യാപകന്മാർ രാഷ്ട്രത്തിൻെറ സന്താനങ്ങളിൽ സ്വാധീനശക്തി ചെലുത്തുന്നതുമൂലംഅതിനെ ഭരിക്കുകയാണു് ചെയ്യുന്നതു്."

കുട്ടികളെ സ്വാധീനപ്പെടുത്തുക എന്നതു് രാഷ്ട്രത്തെ നയിക്കുക തന്നെയാണെന്ന ഈ തത്വത്തിൽനിന്നു ഇന്നത്തെ സ്കൂളുകളിൽ പ്രതിഷ്ഠിക്കപ്പെടേണ്ട സംസ്കാരസമ്പന്നരായ അദ്ധ്യാപകന്മാരുടെ ആവശ്യം നമുക്കു മനസ്സിലാക്കാൻ കഴിയും. അവരുടെ സംസ്കാരമനുസരിച്ചായിരിക്കും നമ്മുടെ രാഷ്ട്രത്തിൻെറ ഭാവി. അവർ ഈശ്വരവിശ്വാസവും മതബോധവും സന്മാർഗ്ഗനിഷ്ഠയും ഉള്ളവരാണെങ്കിൽ ഭാവിതലമുറയും അങ്ങനെതന്നെയായിരിക്കും. സംസ്കൃതചിത്തനായ ഒരദ്ധ്യാപകൻ തൻെറ സംസ്കാരം സ്വശിഷ്യരിലേക്കു് വ്യാപിപ്പിക്കണമെന്ന ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുന്നില്ലായെങ്കിൽ അയാൾ നമ്മുടെ വിദ്യാമണ്ഡലത്തെ—ഭാവിതലമുറയെ— ദുഷിപ്പിക്കുന്ന ഒരു വിഷവാതകമായിരിക്കും.

ഓരോ അദ്ധ്യാപകനും തൻെറ ക്ലാസ്സിനു് നന്മയുടേയോ തിന്മയുടേയോ ഒരു മാതൃകയായിരിക്കും കാണിച്ചുകൊടുക്കുന്നതു്. തങ്ങളുടെ ഉപാദ്ധ്യായൻെറ സ്വഭാവം അതേപടി പകർത്തുന്നതിൽ കുട്ടികൾ അതീവതല്പരരാണു്. നാനാവിധങ്ങളായ സൂക്ഷ്മനിരീക്ഷണങ്ങളാൽ അവർ അദ്ധ്യാപകൻെറ ഉപനയങ്ങളെ തിരിച്ചറിഞ്ഞു് തദനുസാരം പ്രവർത്തിക്കും. അതിനാലാണു് ഒരു അലസനായ കത്തോലിക്കനെക്കാൾ കൂടുതൽ സ്വാധീനശക്തി ഒരു യഥാർത്ഥകമ്മ്യൂണിസ്റ്റുകാരനു് കുട്ടികളിൽ ചെലുത്തുവാൻ സാധിക്കുന്നതു്. താഴെ പറയുന്ന സംഭവവും ഈ തത്വത്തിൻെറ പ്രതിഫലനമാണു്. അദ്ധ്യാപനസമയത്തിനുശേഷം ക്ലാസ്സുമുറിയിൽ രണ്ടദ്ധ്യാപികമാർ സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. അവിടെ ആ സമയത്തു് കുറേ കുട്ടികളും ഉണ്ടായിരുന്നു. അപ്പോൾ അദ്ധ്യാപികമാരിലൊരാൾ പോക്കററിലുണ്ടായിരുന്ന പേഴ്സു് വലിച്ചെടുത്ത കൂട്ടത്തിൽ തൻെറ ജപമാല താഴെ വീണു. അടുത്തുനിന്നിരുന്ന ഒരു കുട്ടി അതെന്താണെന്നു ചോദിച്ചു. അദ്ധ്യാപിക ജപമാലയെപ്പററി വിശദമായി അവനു വിവരിച്ചുകൊടുത്തു. അടുത്ത പ്രഭാതത്തിൽ പ്രസ്തുത ബാലൻ അത്യാനന്ദത്തോടുകൂടി അദ്ധ്യാപികയെ അഭിവാദനംചെയ്തുകൊണ്ടു പറഞ്ഞു് അവൻെറ അമ്മയും അതരമമാരു കൊന്തവാങ്ങിച്ചു എന്നായിരുന്നു. എന്തിനധികം, ഭക്തിമാന്ദ്യംമൂലം അവിശ്വാസത്തിലേക്കു് നിരങ്ങിനീങ്ങിക്കൊണ്ടിരുന്ന ആ കുടുംബം അചിരേണ സത്യവിശ്വാസത്തിലേക്കു് പ്രത്യാഗമിക്കുന്നതിനു ഈ സംഭവം കാരണമായി. തന്നെയുമല്ല, അവൻെറ ഒരു അകത്തോലിക്കാസ്നേഹിതൻ കുടുംബസമേതം തിരുസ്സഭയെ ആശ്ലേഷിക്കുന്നതിനും കൊന്തഭക്തി വഴിതെളിച്ചു. അദ്ധ്യാപികയുടെ മാതൃക ഒരു കുട്ടിക്കുത്തേജനം നൽകുകയും, അവൻെറ പ്രേരണ അന്നുവരെ മതകാര്യങ്ങളിൽ അലസതകാണിച്ചിരുന്ന അവൻെറ മാതാപിതാക്കന്മാരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. തീർച്ചയായും ഇത്തരം അനുഭവങ്ങൾ വളരെ സാധാരണങ്ങളായിരിക്കുകയില്ല. എങ്കിലും സാമാന്യേന അദ്ധ്യാപകന്മാരുടെ പ്രവർത്തനരീതി അവർ പഠിപ്പിക്കുന്ന തത്വങ്ങളോടൊത്തുപോകുവാൻ ശ്രദ്ധിക്കണം. അങ്ങനെ ചെയ്യാത്ത അദ്ധ്യാപകൻെറ അപരാധം അക്ഷന്തവ്യമാണു്; കാരണം, അദ്ദേഹത്തിനു് പ്രയോഗിക്കാവുന്ന വിലയേറിയ സ്വാധീനശക്തി അദ്ദേഹം നഷ്ടപ്പെടുത്തുകയാണു്.

ആത്മാർത്ഥതയും ഉത്സാഹവും സർവ്വോപരി കരുണയുമുള്ള അദ്ധ്യാപകനോടു് അദ്ധ്യേതാക്കൾ ബഹുമാനവും ആദരവും അനുസരണവും കാണിക്കാതിരിക്കയില്ല. കുട്ടികളുടെമേലുള്ള അവരുടെ സ്വാധീനശക്തി വളരെ വിപുലവും അക്ഷയവുമാണു്. ആധുനികവിദ്യാർത്ഥിലോകത്തു് പ്രത്യക്ഷപ്പെടുന്ന നിർമ്മതമനസ്ഥി


Thanksgiving

for fav urs received through the intercession of St. Pope Pius X

M. M. Joseph

Changanachery

തീയെ അദ്ധ്യാപകന്മാർക്ക് എങ്ങനെ നേരിടാം എന്ന പ്രശ്നത്തിനു് എളുപ്പത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കാമെങ്കിലും അതു് പ്രായോഗികമാക്കുക ഇന്നത്തെ സാഹചര്യങ്ങളിൽ അത്ര എളുപ്പമല്ലതന്നെ. കാരണം അദ്ധ്യാപകന്റെ ഭാഗത്തുനിന്നു് വലിയ വിനയവും സ്നേഹവും സ്വാർത്ഥപരിത്യാഗവും ഇതാവശ്യപ്പെടുന്നു. ഉപദേശത്തിനൊത്തുപോകുന്ന സന്മാതൃകവഴിയായി മാത്രമേ അദ്ധ്യേതാക്കളിൽ നന്മയോടുള്ള സ്നേഹവും സൗന്ദര്യബോധവും വരുത്തുവാൻ അദ്ധ്യാപകനു കഴിയുകയുള്ളു. മനുഷ്യന്റെ ജന്മാവകാശമായ നല്ല ശീലങ്ങൾക്കു് മനുഷ്യസ്വഭാവം വളക്കൂറുള്ള വിളഭൂമിയാകയാൽ, അവ കുട്ടികളിൽ വേരുറച്ചുകഴിഞ്ഞാൽ അവയെ അത്രവേഗത്തിൽ പിഴുതുകളയുക സാദ്ധ്യമല്ല.

കുട്ടികൾക്കു് അനന്യസാധാരണമായ അനുകരണവാസനയുണ്ടു്. ഈ ജന്മവാസന അവനെ ദൈവത്തിലേക്കു് അടുപ്പിക്കുവാൻ അദ്ധ്യാപകൻ പ്രയോജനപ്പെടുത്തണം. ദൈവികസത്യങ്ങൾ അതേപടി കുട്ടികളെ പെട്ടെന്നു് പഠിപ്പിക്കുവാൻ അദ്ധ്യാപകനു് സാദ്ധ്യമല്ല; കാരണം മതവും ഇന്നത്തെ വിദ്യാഭ്യാസവും തമ്മിൽ വലിയ പൊരുത്തമില്ലാതിരിക്കയാണു്. എങ്കിലും പ്രത്യക്ഷമായി ദൈവത്തെ സ്വാഗതം ചെയ്യുന്ന മനോരഞ്ജകങ്ങളായ പ്രശ്രുത സാഹിത്യഗ്രന്ഥങ്ങളുൾപ്പെടെ അദ്ധ്യാപകൻ അനുദിനം പാരായണംചെയ്യുന്ന സൽഗ്രന്ഥങ്ങൾ ക്ലാസ്സുമുറികളിൽ അവതരിപ്പിച്ചു്, ദൈവം അവിടുത്തേക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്ന യുവഹൃദയങ്ങളിൽ സുദൃഢമായ ദൈവസ്നേഹം തട്ടിയുണർത്തുവാൻ അദ്ധ്യാപകൻ ശ്രമിക്കണം. ആത്മാവിന്റെ നിത്യരക്ഷയിലുള്ള കുട്ടികളുടെ ആഗ്രഹം നവീകരിക്കുന്നതിനു അതുപകരിക്കും. നല്ല പുസ്തകങ്ങൾവഴി ലഭിക്കുന്ന മാതൃകാപാത്രങ്ങളെ അനുകരിക്കുവാൻ അവർ അഭിലഷിക്കുകയും തദനുസാരം പ്രവർത്തിക്കുകയുംചെയ്യും. അദ്ധ്യാപകൻ അനുകരണീയമായ ആദർശങ്ങളെ അവർക്കു് കാണിച്ചുകൊടുത്താൽ മതി.

തങ്ങളുടെ ശിക്ഷണത്തിനേല്പിക്കപ്പെട്ടിരിക്കുന്ന കുട്ടികളുടെ ആത്മരക്ഷയ്ക്കാവശ്യമായ നിത്യസത്യങ്ങൾ അവരെ പഠിപ്പിക്കേണ്ടതു് ഏതൊരു കത്തോലിക്കാ അദ്ധ്യാപകന്റേയും വിശുദ്ധമായ അവകാശവും കടമയുമാണു്. ഓരോ ദിവസവും ക്ലാസ്സുമുറികളിലേക്കു് പ്രവേശിക്കുമ്പോൾ ഇക്കാര്യങ്ങൾ സ്മരിക്കുവാൻ ഓരോ അദ്ധ്യാപകനും ശ്രമിക്കട്ടെ. അങ്ങനെ ചെയ്യുന്നതായാൽ ഇന്നത്തെ വിദ്യാർത്ഥിവിദ്യാർത്ഥിനികൾ ഈശ്വരവിശ്വാസത്തിലും മതബോധത്തിലും സന്മാർഗ്ഗനിഷ്ഠയിലും അദ്വിതീയരായ നാളത്തെ പൗരന്മാരായിത്തീരുന്നതാണു്.

അദ്ധ്യാപകരാകുവാൻ അഭിലഷിക്കുന്ന യുവജനങ്ങൾ ആ ഉദ്യോഗത്തിനു് അവർ ദൈവത്താൽ നിയുക്തരാണോയെന്നു് സ്വയം പരിശോധിച്ചുനോക്കണം. ഇങ്ങനെ ചെയ്യുന്നതു് നാട്ടിനും നാട്ടാർക്കും ദൈവത്തിനും വേണ്ടി ചെയ്യാവുന്ന ഒരു വലിയ കാര്യമായിരിക്കും. ദൈവത്തിനു് സമർപ്പിതനായിരിക്കുന്ന ഒരു കത്തോലിക്കാ അദ്ധ്യാപകന്റെ മഹിമയും പ്രതിസമ്മാനവും വലിയതുതന്നെ. കാരണം, വി. ഗ്രന്ഥത്തിൽ പറയുന്നു: "മററുള്ളവരെ നീതിയിൽ പരിശീലിപ്പിക്കുന്നവർ ആകാശത്തിൽ നക്ഷത്രങ്ങളെപ്പോലെ ശോഭിക്കും."

From Victorian

(10-ാംപേജ്തുടർച്ച)

പറയത്തക്ക പാപങ്ങൾ കാണാത്തതു് മൂന്നു കാരണങ്ങളാലാകാം.

1 പാപമില്ലായിരിക്കാം.

2 ഉണ്ടെങ്കിലും കാണാൻമാത്രമുള്ള പ്രകാശം ഇല്ലായിരിക്കാം

3 പ്രകാശമുണ്ടെങ്കിൽത്തന്നെയും വേണ്ടവണ്ണം നോക്കുന്നില്ലായിരിക്കാം.

മനസ്സറിഞ്ഞുകൊണ്ടുള്ള പാപദോഷംപോലും ചെയ്യാത്ത ധാരാളമാളുകളുണ്ടു്. അവർക്കെങ്ങനെ പറയത്തക്ക പാപങ്ങൾ കാണാൻ സാധിക്കും?

പ്രകാശത്തിന്റെ കുറവുകൊണ്ടു പാപങ്ങൾ കാണാതിരിക്കാം. സാധാരണ നമ്മുടെ മുറികളിലെ അന്തരീക്ഷത്തിൽ എന്തെങ്കിലും മാലിന്യമുള്ളതായി നാം കാണുന്നില്ല. എങ്കിലും പ്രകാശമുള്ള ഒരു സൂര്യരശ്മി പ്രവേശിക്കുമ്പോൾ എന്തുമാത്രം പൊടി പറന്നുനടക്കുന്നതായിട്ടാണു നാം കാണുന്നതു്? അതുപോലെ പുണ്യവാന്മാർക്കു ലഭിച്ചതുപോലുള്ള ആത്മീയപ്രകാശം നമുക്കും ലഭിക്കുകയാണെങ്കിൽ ഇപ്പോൾ നമ്മുടെ ദൃഷ്ടിയിൽപ്പെടാത്ത പല തെററുകളും നിശ്ചയമായും നാം കാണും. അതിനാൽ ആത്മീയപ്രകാശത്തിനായി എളിമയോടുകൂടി റൂഹാദക്കുദശാതമ്പുരാനോടു നമുക്കു പ്രാർത്ഥിക്കാം.

ശേഷം അടുത്തതിൽ

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

## ഇടവകവാർത്തകൾ

**പാലൂത്തറ:** ഇവിടെ സ്ഥാപിതമായിരിക്കുന്ന മരിയൻ സൊഡാലിററിയുടെയും സൺഡേസ്കൂളിന്റെയും 13-ാമതു സംയുക്തവാർഷികം മേയ് 27-ാംനു- വ്യാഴാഴ്ച റവ. ഫാ. തോമസു് മൂളപ്പറമ്പിൽ ബി. എ ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ പി. എ. ജേക്കബ്ബ് ബി. എ. ശ്രീമതി കെ. ററി. കത്രിക്കുട്ടി ബി. എ. എന്നിവർ പ്രസംഗിച്ചു. ബാലികാബാലന്മാരുടെ വിവിധവിനോദപ്രകടനങ്ങൾക്കു പുറമേ സമ്മേളനാനന്തരം "തകർന്നഹൃദയം" എന്ന പ്രഹസനം സഖ്യാംഗങ്ങൾ വളരെ തന്മയത്വത്തോടെ അഭിനയിച്ചു.

**മററൂർ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റേയും സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററിയുടേയും സംയുക്തവാർഷികം മേയ് 22 ാംനു- ശനിയാഴ്ച ശ്രീ കെ. പി. ഉറുമീസു് ബി. എ. ബി. എൽ., എം. എൽ. എ. യുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കുമാരി തെരേസാ ഡോമിനിക്കു് ബി. എ. ഒരു പ്രസംഗംചെയ്തു. കൃതജ്ഞതാപ്രകടനം മുതലായ ചടങ്ങുകളോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു. യോഗാനന്തരം സൊഡാലിററി ആൺകുട്ടികൾ "തകർന്ന ഹൃദയം" എന്ന പ്രഹസനം അഭിനയിക്കുകയുംചെയ്തു.

മരിയൻ ജൂബിലിവത്സരം പ്രമാണിച്ചു് മേയ് 23-ാംനു- ഞായറാഴ്ച ഒരുപരിഹാരപ്രദക്ഷിണം നടത്തപ്പെട്ടു. ഇടവകയിലെ ആബാലവൃദ്ധം ജനങ്ങൾ ഒരു കൈയിൽ മരക്കുരിശും മറുകൈയിൽ ജപമാലയുമേന്തി പ്രദക്ഷിണത്തിൽ പങ്കുകൊണ്ടു. രണ്ടുമണിക്കു പുറപ്പെട്ട പരിഹാരപ്രദക്ഷിണം മൂന്നുമണിക്കു കൈപ്പട്ടൂർ പള്ളിയിൽ എത്തിച്ചേർന്നു. അവിടെ പരി. കുർബാനയുടെ വാഴ്വു മുതലായ ചടങ്ങുകൾക്കുശേഷം അവിടത്തെ ജനങ്ങളുമായി യോജിച്ചു് കൊററമത്തിപ്പള്ളിയിലേക്കു ജാഥ പുറപ്പെട്ടു. അഞ്ചുമണിയോടുകൂടി കൊററമത്തിപ്പള്ളിയിലെത്തി. അവിടെവച്ചു വി. കുർബാനയുടെ വാഴ്വു്, സമാപനസമ്മേളനം മുതലായവയോടുകൂടി ചടങ്ങുകൾ അവസാനിച്ചു.

**കരാഞ്ചിറ:** മേയ് 23 മുതൽ ഒരാഴ്ചക്കു സ്ഥലം പള്ളിയിൽ ബ. കപ്പൂച്ചിൻ വൈദികർ മിഷൻധ്യാനം നടത്തുകയുണ്ടായി. വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു സ്ഥലം പള്ളിയിൽനിന്നു 500 ൽപ്പരം ജനങ്ങൾ വലിയ മരക്കുരിശും പിടിച്ചു കാട്ടൂർ പള്ളിയിലേക്കു് ഒരു പരിഹാരപ്രദക്ഷിണം നടത്തി.

സ്ഥലം സെൻറു് ജോർജ് ക്ലാരമഠത്തോടനുബന്ധിച്ചു് പണിയുവാൻപോകുന്ന വിശുദ്ധ പത്താം പീയൂസു് പാപ്പായുടെ നാമധേയത്തിലുള്ള പള്ളിയുടെ ശിലാസ്ഥാപനകർമ്മം തൃശ്ശൂർ മെത്രാൻ ഡോ. ജോർജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ടു് വിശുദ്ധന്റെ നാമകരണദിനമായ മേയ് 29-ാംനു- ശനിയാഴ്ച നിർവ്വഹിച്ചിരിക്കുന്നു.

**തോടനാൽ:** സ്ഥലം ചെറുപുഷ്പ മിഷൻ ലീഗിന്റെയും, സൺഡേസ്കൂളിന്റെയും സംയുക്തവാർഷികം മേയ് 2-ാംനു- റവ. ഫാദർ എബ്രാഹം നെടുംതകിടിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ശ്രീമാന്മാരായ സി. സി. ചാണ്ടി, എം. സി. മാത്യു ബി. എ. (Hons) എന്നിവർ പ്രസംഗിക്കുകയും, മിഷൻ ലീഗിന്റെ ധനശേഖരാർത്ഥം ലീഗംഗങ്ങൾ "സേവനം" എന്ന സംഗീതനാടകം അഭിനയിക്കുകയും ചെയ്തു.

**ഊന്നുകൽ:** സ്ഥലം സി. വൈ. എം. എ , മരിയാസഖ്യം, മിഷൻലീഗ്, സെൻറു് വിൻസെൻറു് ഡി പോൾ സംഘം, സത്യാരാധനാസഖ്യം എന്നിവയുടെ സംയുക്തവാർഷികം സ്ഥലം ചെറുപുഷ്പനഗറിൽവച്ചു് റവ. ഫാ. ജേക്കബ്ബ് വെമ്പിള്ളി എം. എ. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം നടന്നു. തദവസരത്തിൽ മെ. ആൻറണി ജോസഫ് ബി. എ. (Hons) മാത്തച്ചൻ എം. കുരുവിനാക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു് ബാലികമാരുടെ പ്രഹസനാഭിനയങ്ങളും മററും ഉണ്ടായിരുന്നു.

മരിയൻജൂബിലി സംബന്ധിച്ചു് ഊന്നുകൽ, കവളങ്ങാട്ടു്, നെല്ലിമററം എന്നീ പള്ളികളുടെ ആഭിമുഖ്യത്തിൽ അലങ്കരിച്ച ജീപ്പിൽ ഫാത്തിമാനാഥയുടെ രൂപം വഹിച്ചും, ഭക്തഗാനങ്ങൾ ആലപിച്ചും, ജപമാല ചൊല്ലിയും ഒരു ഭക്തപ്രദക്ഷിണം നെല്ലിമററം കവലവരെ നടത്തുകയും അവസാനം നെല്ലിമററം ബഥനിപ്പള്ളിയിൽവച്ചു് വി. കുർബാനയുടെ വാഴ്വു്, റവ. ഫാ. മാത്യു മങ്കുഴിക്കരി അവർകളുടെ പ്രസംഗം എന്നിവയോടുകൂടി സമാപിക്കുകയുംചെയ്തു.

**മണിപ്പുഴ:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന മിഷൻലീഗ്, സൊഡാലിററി, സെൻറു് വിൻസെൻറു് ഡി പോൾ ഈ ഭക്തസംഘടനകളുടെ സംയുക്തവാർഷികം മേയ്മാസം 23-ാം തീയതി റവ. ഫാദർ തോമസ്സു് മണ്ണംപ്ലാക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. റവ. ജേക്കബ്ബ് തുങ്കുഴി മുതലായ പല സുപ്രസിദ്ധ വാഗ്മികളുടെയും പ്രസംഗങ്ങളും ഇടയ്ക്കിടെ കുട്ടികളുടെ കലാപ്രകടനങ്ങളും നടന്നു. യോഗാനന്തരം "ചാരിത്രതാരം" എന്ന നാടകം തന്മയത്വമായി അഭിനയിച്ചു.

**ആമ്പല്ലൂർ:** സ്ഥലം സെൻറു് ഫ്രാൻസീസ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ വാർഷികം മേയ് 30-ാംനു- ഞായറാഴ്ച പകൽ 3 മണിക്കു് റവ. ഫാ. സി. ററി. കുര്യാക്കോസു് ബി. എ. ബി. ടി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. മി. കെ. ജെ. ഐസക്കു് ബി. എ. യും, മിസ്സ് ത്രേസ്യാമ്മ വറുഗീസു് ബി. എ. യും പ്രസംഗിച്ചു. ഇടയ്ക്കു കൊച്ചുകുട്ടികളുടെ പ്രഭാഷണം, സംഭാഷണം, കോലാട്ടം, സംഗീതം എന്നിവയും മീററിംഗിന്റെ അവസാനത്തിൽ പെൺകുട്ടികളുടെ "മീശക്കാരൻ സ്വാമി" അഥവാ "മിഷനറി" എന്ന പ്രസഹനവും, ആൺകുട്ടികളുടെ "തകർന്നഹൃദയം" എന്ന പ്രഹസനവും നടന്നു.

**രാമപുരം:** എടക്കര പുത്തൻപുര അഗസ്റ്റിൻ (ബ്ര: ജോൺ ബോസ്കോ O. F. M. Cap) കോട്ടഗിരി ആശ്രമത്തിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി ഈ മാസം 14-ാംനു- തൃശ്ശിനാപ്പിള്ളി മെത്രാൻ റൈററു് റവ. ഡോ മെൽഡോൺസാ തിരുമേനിയിൽനിന്നും ഗുരുപ്പട്ടം സ്വീകരിച്ചു. 17-ാംനു- സ്വന്തം ഇടവകയായ രാമപുരം ഫൊ. പള്ളിയിൽ പ്രഥമദിവ്യപൂജ അർപ്പിക്കുന്നതാണു്.

**തലയനാടു്:** ഇവിടത്തെ സൺഡേസ്കൂൾ, സൊഡാലിററി മിഷൻലീഗു് എന്നിവയുടെ സംയുക്തവാർഷികം മേയ് 29-ാം തീയതി നടക്കുകയുണ്ടായി. റവ. ഡോക്ടർ തോമസു് മൂത്തേടൻ എം. എ. ഡി. ഡി. അദ്ധ്യക്ഷത വഹിച്ചു. മെ. വി. എം. അഗസ്റ്റിൻ ബി. എസ്സ്സി. ബി. എൽ., പി. സി. അബ്രാഹം എന്നിവർ പ്രസംഗിച്ചു.

**കൊരട്ടി:** ഇഞ്ചത്താനം പുതിയപള്ളിയിലെ പ്രഥമബലിയർപ്പണം കഴിഞ്ഞയാഴ്ചയിൽ നടന്നു. ഒരു വർഷംകൊണ്ടാണു് ഈ പള്ളി പൂർത്തിയായതു്.

**വാഴക്കുളം:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സി. വൈ. എം. എ., വിൻസെൻറു് ഡി പോൾ സഖ്യം, സൊഡാലിററി ഇവയുടെ സംയുക്തവാർഷികസമ്മേളനം ജൂൺ 6-ാംനു- പകൽ മൂന്നുമണിക്കു് ട്രെയിനിംഗ് സ്കൂൾഹാളിൽവച്ചു് സ്ഥലം പള്ളിവികാരി റൈററു് റവ. മോൺ. മാത്യു പോത്തനാമുഴി പി എച്ചു്. ഡി., ഡി. ഡി. യുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മെ. ജോർജ് ജോസഫ് ബി. എ , കെ. എം. ജോർജ് ബി. എ. ബി. എൽ. എം. എൽ എ. എന്നിവർ പ്രസംഗിച്ചു. വോളീബോൾ ടൂർണ്ണമെൻറിലും സ്പോർട്ട്സിലും വിജയികളായവർക്കുള്ള സമ്മാനദാനം കൃതജ്ഞതാപ്രകടനം ഇവയോടെ യോഗം സമാപിച്ചു. യോഗാനന്തരം സി. വൈ. എം. എ. പ്രസിഡൻറു് ശ്രീ കുര്യൻ ററി. തിരുതാളിൽ അവർകളാൽ വിരചിതമായ "പ്രതിജ്ഞ" എന്ന പ്രഹസനം സെൻറു് ജോർജ്സ് സമിതിയംഗങ്ങളാൽ അഭിനയിക്കപ്പെട്ടു.

**കോട്ടപ്പടി:** സ്ഥലം പള്ളിയിലെ വർഷാന്തധ്യാനം ജൂൺ 1-ാംനു- ആരംഭിച്ചു 4. ാംനു- അവസാനിച്ചു. ധ്യാനഗുരു റവ. ഫാദർ ജനിസ്സീസു് സി. ഡി. യായിരുന്നു. 6-ാംനു- ഞായറാഴ്ച ഉച്ചതിരിഞ്ഞു് ഏകദേശം 2000 ജനങ്ങൾ സംബന്ധിച്ച ഒരു പരിഹാരപ്രദക്ഷിണം കുരിശുംവഹിച്ചുകൊണ്ടു് ആത്താററു് പള്ളിയിലേക്കു് പുറപ്പെടുകയും അവിടെച്ചെന്നു് വി. കുർബാനയുടെ വാഴ്വിനുശേഷം മടങ്ങി പള്ളിയിൽവന്നു അവസാനിക്കയും ചെയ്തു.

**തോട്ടക്കര:** ഇവിടെ പുതിയതായി സ്ഥാപിച്ചിരിക്കുന്ന തിരുഹൃദയമഠത്തിന്റെ വെഞ്ചരിപ്പുകർമ്മം ജൂൺ 5-ാംനു- നടന്നിരിക്കുന്നു. വെരി റവ. ഫാദർ ഫ്രാൻസീസ് തെക്കേക്കര അവർകളാണു് വെഞ്ചരിപ്പുകർമ്മം നടത്തിയതു്.

**കുത്തപ്പിള്ളി:** സ്ഥലം സൊഡാലിററി വാർഷികവും മിഷ്യൻലീഗുൽഘാടനവും ജൂൺ 6-ാംതീയതി ഞായറാഴ്ച റവ. ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ കുമാരി റോസമ്മ ചാക്കോ ബി. എ. മിഷൻലീഗിനെപ്പററി ഒരു പ്രസംഗം നടത്തി. സംഘാംഗങ്ങൾ "ഫ്രാൻസീസ് അസ്സീസി" എന്ന പ്രഹസനം അഭിനയിച്ചു.

**പഴുവിൽ:** സ്ഥലത്തെ മരിയസഖ്യത്തിന്റെ 33-ാംവാർഷികസമ്മേളനം, ജൂൺ 6-ാംതീയതി റവ. ഫാ. ക്ലെമൻറു് സി. ഡി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ ബാലികാബാലന്മാർ രണ്ടു ചെറുനാടകങ്ങൾ അഭിനയിച്ചു. യുവാക്കന്മാർ "തകർന്നഹൃദയം" എന്ന നാടകവും നടത്തി.

**പീരുമേടു്:** ഉപ്പുതറ സെൻറു് ഫീലോമിനാ പള്ളിവികാരിയുടേയും സ്ഥലവാസികളുടേയും ശ്രമഫലമായി ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളിനു ഗവമ്മെൻറനുവാദം ലഭിച്ചിരിക്കുന്നു. ഈ പ്രദേശത്തുള്ള വിദ്യാർത്ഥികൾക്കു പ്രസ്തുത സ്കൂൾ ഒരു വലിയ അനുഗ്രഹമായിരിക്കുന്നതാണു്.

**ചേപ്പുംപാറ:** സ്ഥലം മിഷൻലീഗിലെ ഒരു സജീവപ്രവർത്തകനായ ബ്രദർ കുര്യൻ മററപ്പള്ളിൽ തിരുപ്പത്തൂർ സലേഷ്യൻ സഭയിൽ ചേർന്നിരിക്കുന്നു. മേയ് 27-ാംതീയതി ഫാദർ ജോസഫ് വട്ടക്കൊട്ടയിൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരനുമോദനയോഗം നടന്നു. തദവസരത്തിൽ ബ്രദർ തോമസു് വയലിൽ, ബ്രദർ സി. എ. മാത്യു എന്നിവർ പ്രസംഗിച്ചു.

**അറക്കുളം:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന സൊഡാലിററി, മിഷൻലീഗ്, സൺഡേസ്കൂൾ, എന്നിവകളുടെ സംയുക്തവാർഷികം ജൂൺ 6-ാംതീയതി രണ്ടുമണിക്കു് സെൻറു് തോമസു് സ്കൂളിൽവച്ചു് റവ. ഫാദർ ജേക്കബ്ബ് തേവർപാടം അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ബ്രദർ ജേക്കബ്ബ് കട്ടയ്ക്കൽ, ശ്രീ വി. എം. മാത്യു വെള്ളരിങ്ങാട്ടു് എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ സംഗീതം, ലഘുഅഭിനയങ്ങൾ എന്നിവ കുട്ടികൾ നടത്തി. വാർഷികപരീക്ഷയിൽ വിജയികൾക്കു സമ്മാനങ്ങൾ നൽകപ്പെട്ടു. "രണ്ടുതുള്ളിമഷി" എന്ന പ്രഹസനവും ഉണ്ടായിരുന്നു.

**പുത്തൻപള്ളി:** സ്ഥലം സൊഡാലിററിയുടെ 19-ാമതു് വാർഷികസമ്മേളനം ജൂൺ 6-ാംനു- ഞായറാഴ്ച റവ. ഫാ. ജോൺ പുത്തൻകരി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. തദവസരത്തിൽ ശ്രീമതി എം. എ. മേരി ബി. എ. ഒരു പ്രസംഗം ചെയ്യുകയുണ്ടായി. യോഗാനന്തരം പെൺകുട്ടികൾ "തകർന്നഹൃദയം" എന്ന പ്രഹസനം അതിതന്മയത്വത്തോടുകൂടി അഭിനയിച്ചു.

—o—

പ്രഹസനം

# വിൻസൻറ് ഡി പോൾ

(ആർ. എ. തെക്കേത്തല)

രംഗം 1

വിൻസൻറു വൈദികപഠനത്തിനു പോകുന്നു.

(ഒരു ചെറിയ ഭവനം. ജോൺ ഡീ പോളും ബർട്രാൻ ദാദിമോരായും കസാലയിൽ ഇരിക്കുന്നു.)

ജോൺ:- ഞാൻ അന്നേ പറഞ്ഞിരുന്നതാണു്, അവൻെറ അടക്കവും ഒതുക്കവും ദൈവഭക്തിയും കണ്ടപ്പോൾ അവൻ നമുക്കുപകരിക്കുകയില്ലെന്നു്.

മോര:- അതെ, എനിക്കും അതു നേരത്തെ തോന്നിയിരുന്നു, അവൻ ദൈവത്തിൻെറ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാൻ വിളിക്കപ്പെട്ടിട്ടുണ്ടെന്നു്. പക്ഷെ, ഏഴു കൊല്ലം കഴിഞ്ഞിട്ടേ ഇനി നമുക്കു അവനെ കാണുവാൻ കഴിയുകയുള്ളു എന്നതു് എന്നെ വളരെ വേദനിപ്പിക്കുന്നു. (കണ്ണിൽ വെള്ളം നിറയുന്നു)

ജോൺ:- നാം ഇനി അവനെ തടുക്കേണ്ട. അവൻ ഉറച്ചുകഴിഞ്ഞു. ദൈവഹിതം നിറവേറട്ടെ. നമ്മുടെ വ്യസനം അവൻ അറിയുകയാണെങ്കിൽ അവനും സങ്കടം തോന്നും. അതിനിടയാക്കരുതു്.

മോര:- ഇല്ല. എനിക്കു ഖേദമില്ല. ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുകയാണു്. ഈ പാവപ്പെട്ട വീട്ടിൽനിന്നും അവിടുത്തേക്കുവേണ്ടി വേലചെയ്യുന്നതിനു ഒരു വിനീതശുശ്രൂഷകനെ ക്ഷണിക്കുവാൻ കരുണ തോന്നിയ ദൈവത്തിനു നാം നന്ദിയുള്ളവരായിരിക്കണം.

ജോൺ:- എൻെറ കൈയിൽ പണമൊന്നുമില്ലല്ലൊ. അതിനെന്താണു വഴി?

മോര:- ഭയപ്പെടേണ്ട; എല്ലാം അറിയുന്നവനാണു് ദൈവം. നമ്മുടെ നിർദ്ധനാവസ്ഥ അവിടുന്നു നല്ലതുപോലെ അറിയുന്നുണ്ടു്. നമുക്കുള്ളതു വിററിട്ടായാലും അവനു ആവശ്യമുള്ള പണം നാം കൊടുക്കണം.

ജോൺ - ഇന്നലെ കാളകളെ വിററുകിട്ടിയ തുക എൻെറ കൈവശമുണ്ടു്. അതു കൊടുക്കാം.

മോര:- അങ്ങിനെതന്നെ.

(വിൻസൻറു് പ്രവേശിച്ചു മാതാപിതാക്കളെ വന്ദിക്കുന്നു)

വിൻസൻറു്:-അമ്മേ, അപ്പാ, ഞാൻ വൈദികപഠനത്തിനു വേണ്ടി ടുളുസിലേക്കു പോകുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എന്നെ അനുഗ്രഹിച്ചയക്കണം.

ജോൺ:- പ്രിയപ്പെട്ട വിൻസൻേറ, അതുതന്നെയാണു് ഞങ്ങളിവിടെ പറഞ്ഞുകൊണ്ടിരുന്നതു്.

മോര:- നല്ലവനായ ദൈവത്തിൻെറ അഭീഷ്ടം നിറവേററുന്നതിലായിരിക്കണം നമ്മുടെ ആനന്ദവും സന്തോഷവും. മകനെ, നിന്നെ ദൈവം അനുഗ്രഹിക്കട്ടെ.

ജോൺ:- മകനെ വിൻസൻേറ, നീ വൈദികപഠനത്തിനു വേണ്ടിയാണു പോകുന്നതു്. ഒരു വൈദികൻ എന്നുവച്ചാൽ മറെറാരു ക്രിസ്തു എന്നാണു് അർത്ഥം. പൗരോഹിത്യത്തിൻെറ മാഹാത്മ്യം വാക്കുകളാൽ പറഞ്ഞവസാനിപ്പിക്കാവുന്നതല്ല. ദിവ്യനാഥൻെറ ആത്മസ്നേഹിതനായി, അവിടുത്തെ അഭീഷ്ടാനുസാരം അങ്ങേ മുന്തിരിത്തോട്ടത്തിൽ വേല ചെയ്തു അവിടുത്തേക്കുവേണ്ടി നിൻെറ ജീവിതത്തെ ബലിയായി സമർപ്പിക്കുവാൻ നിനക്കു സാധ്യമല്ലെങ്കിൽ, മകനെ, നീ മടങ്ങിപ്പോരുന്നതായിരിക്കും നല്ലതു് എന്തുകൊണ്ടെന്നാൽ ഒരു "വല്ല" വൈദികനാകുന്നതിൽ ഭേദം ഒരു "നല്ല" അൽമേനിയായി ക്രിസ്തുനാഥനുവേണ്ടി സേവനമനുഷ്ഠിക്കുന്നതാണു്. നീ ഒരു വൈദികനാകുന്നുവെങ്കിൽ യഥാർത്ഥത്തിൽ ക്രിസ്തുവായി പകരണം. അപകടം നിറഞ്ഞ ഇക്കാലയളവിൽ ഏതു വിഷമതകളേയും ധീരോചിതമായി നേരിടുന്നതിനു്, എത്ര ഭാരമേറിയ കുരിശായാലും സന്തോഷത്തോടുകൂടി ചുമന്നു്, ക്രിസ്തുനാഥൻെറ കാലടിപ്പാടുകളെ അനുധാവനം ചെയ്യുന്നതിനു വേണ്ടുന്ന ശക്തിയും ധൈര്യവും ദൈവം നിനക്കു പ്രദാനം ചെയ്യട്ടെ. ഞങ്ങളുടെ പ്രാർത്ഥനയും അനുഗ്രഹവും എപ്പോഴും ഉണ്ടായിരിക്കും. വാർദ്ധക്യത്തിലിരിക്കുന്ന ഞങ്ങൾക്കുവേണ്ടിയും നീ കൂടക്കൂടെ പ്രാർത്ഥിക്കണം.

മകനേ, ഈ വിയോഗാവസരത്തിൽ ഞങ്ങളുടെ ആഗ്രഹമനുസരിച്ചു് നിന്നെ മാന്യമായി യാത്രയാക്കുന്നതിനുള്ള കഴിവു് ഇന്നു എനിക്കില്ല. നമ്മുടെ കാളകളെ




ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി.എം. അപ്പോനിയസ് ജക്കബ് കൊച്ചി

വിററ സംഖ്യ മാത്രമാണു് ഇപ്പോൾ എൻെറ കൈവശമുള്ളതു്. അതു നീ സ്വീകരിക്കുക.

(ജോൺ സംഖ്യ കൊടുക്കുന്നു. വിൻസൻറു് വാങ്ങുന്നു. വിൻസൻറു് മാതാപിതാക്കന്മാരുടെ പാദങ്ങളിൽ മുട്ടുകുത്തി ആശീർവ്വാദം സ്വീകരിക്കുന്നു)

കർട്ടൻ

രംഗം 2

അടിമച്ചന്ത.

(ഒരു ചന്തസ്ഥലം: അടിമകളെ കഴുത്തിൽ ചങ്ങലയിട്ടു കുററികളിൽ ബന്ധിച്ചിട്ടിരിക്കുന്നു. വ്യാപാരികൾ വന്നു ഓരോരുത്തരേയും സൂക്ഷിച്ചുനോക്കുകയും വിലപേശുകയും ചെയ്യുന്നു)

കങ്കാണി:- (ഒരു വ്യാപാരിയോടു്:) യജമാനേ, ഇതു നല്ല ജാതിയാണു്. നല്ല ശക്തിയും ബലവുമുണ്ടു്. ഇഷ്ടംപോലെ പണിയെടുപ്പിക്കാം. നോക്കു, വട്ടക്കണ്ണു്, കറുത്തതൊലി, ചെറിയ വയറു്; ലക്ഷണം തികഞ്ഞ അടിമ. വേണമെങ്കിൽ വാങ്ങിക്കാം.

കച്ചവടക്കാരൻ:-(അടുത്തുചെന്നു നോക്കിയിട്ടു) എന്തെടൊ ഇതു ചത്തതുപോലെ നില്ക്കുന്നല്ലോ? ഒരു ചൊടിയുമില്ലാത്തതു്.

കങ്കാണി:- ഒരിക്കലുമല്ല. ഇതു നല്ല ചൊടിയും മിടുക്കുമുള്ളതാണു്. ഇപ്പോൾ കാണിച്ചുതരാം. (ചാട്ടകൊണ്ടു അടിമയുടെ പുറത്തു അടിക്കുന്നു. കരഞ്ഞുകൊണ്ടു അടിമ വട്ടത്തിൽ ഓടുന്നു) കണ്ടോ! അവൻെറ ഓട്ടം. കുതിരയോട്ടമാണു്. ഇവൻ നല്ല ചുമടു ചുമക്കും. (ഒരു വലിയ ഭാരം രണ്ടാളുകൾകൂടി അടിമയുടെ തലയിൽ വച്ചുകൊടുക്കുന്നു. അടിച്ചു ഓടിക്കുന്നു. അവൻ ഒരുവിധം ഞരങ്ങി ഓടുന്നു.)

കച്ചവടക്കാരൻ:-ഇവൻെറ പല്ലുകൾക്കു കേടുണ്ടോ? എന്താ കവിളൊട്ടിക്കാണുന്നതു്?

കങ്കാണി:- ഒററപ്പല്ലിനുപോലും കേടില്ല. (ചവണകൊണ്ടു പല്ലുകൾ ഇളക്കിക്കാണിച്ചുകൊടുക്കുന്നു.) ഞാൻ നുണപറഞ്ഞു പററിക്കുന്നവനല്ല. നല്ലജാതിയെ മാത്രമേ ഇവിടെ കൊണ്ടുവരികയുള്ളു.

കച്ചവടക്കാരൻ:- ഇതിനെന്തു തരണം?

കങ്കാണി:- യജമാനനു പററിയോ? പററിയെങ്കിലേ വിലപറയേണ്ടു. ഒരു കാര്യം ഞാൻ പറഞ്ഞേക്കാം ഈ ചന്തയിൽ ഇതുപോലുള്ള ഒന്നു വേറെയില്ല.

കച്ചു:- കാര്യം പററി. പക്ഷേ ഇതിനു തീററികൊടുക്കുവാൻ ആരെക്കൊണ്ടാകും!

കങ്കാണി:-വലിയ തീററിയൊന്നും വേണ്ട. ഇരുന്നാഴിയരിക്കാടിവെള്ളം കാലത്തും ഉച്ചയ്ക്കും വൈകുന്നേരവുമായി കൊടുത്താൽമതി. അഞ്ചുപവൻ വിലതരണം.

കച്ചു:- അഞ്ചു പവനോ! യുദ്ധകാലത്തുപോലും ഇത്രവലിയ വിലയുണ്ടായിട്ടില്ല.

കങ്കാണി:-ഇതടിമ ജാതി വേറെ. സാധാരണതരമൊന്നുമല്ല. നല്ലജാതിക്കു് എന്നും നല്ലവിലയുണ്ടു്. യജമാനൻ എന്തുകൊടുക്കും?

കച്ചു:-ഞാൻ രണ്ടരപ്പവൻ വിലകണ്ടിട്ടുണ്ടു്. വേണമെങ്കിൽ തന്നേക്കു.

കങ്കാണി:-രണ്ടരപ്പവനു ഈ അടിമയെ കിട്ടുകയില്ല.

(മറെറാരിടത്തു്)

കച്ചവടക്കാരൻ:-(ഒരടിമയുടെ അടുത്തുചെന്നിട്ടു്) എന്തെടോ ഇതിൻെറ ചെവി തുളച്ചിരിക്കുന്നതു?

കങ്കാണി:-ഇതു തെറിപ്പുകൂടിയ ജാതിയാണു് യജമാനനെ. വല്ലാതാകുമ്പോൾ കയറിട്ടു പിടിക്കുവാനാണു് ചെവി തുളച്ചിരിക്കുന്നതു്. ഇതു നല്ലയിനമാണു്. കൈവിട്ടുപോയാൽപ്പിന്നെ കിട്ടുകയില്ല. നീണ്ട മൂക്കു്, കാളപ്പല്ലു്, വട്ടമുഖം ഇനിയെന്തു വേണം ഒരടിമയ്ക്കു്?

കച്ചു:- ഇതിൻെറ കാലിലെന്താ, ഞൊണ്ടുണ്ടോ?

കങ്കാണി:-അതു സാരമില്ല. തല്ലി ശരിപ്പെടുത്താവുന്നതേയുള്ളു. (അടിമയെ ഓടിക്കുന്നു. അവൻ ഞൊണ്ടിയോടുന്നു. കാലിൽ ശക്തിയായി അടിക്കുന്നു. അവശനായി വീഴുന്നു)

കച്ചു:-ഈ കള്ളജാതിയെ താൻ വെറുതെതന്നാൽക്കൂടി വേണ്ട.

(മറെറാരിടത്തു്)

കങ്കാണി:- യജമാനേ, ഒന്നാന്തരം ഇമിറേറഷൻ അടിമ. ഇത്തരത്തിൽ ഒന്നിനെയെങ്കിലും ഇവിടെ കാണുകയില്ല. ഇതിൻെറ മൂക്കുപോലും തുളച്ചു കയററിട്ടിരുന്നു. വാങ്ങിക്കുന്നവർക്കു ലാഭം.

കച്ചു:-ഇതിൻെറ കണ്ണെന്താണു് ഇങ്ങനെയിരിക്കുന്നതു്?

കങ്കാണി:- കണ്ണിൻെറ ചെരിവു് രണ്ടു മൂടിട്ടാൽ മാറുന്നതാണു്.

(പുറത്തു പെട്ടെന്നൊരാരവം കേൾക്കുന്നു. ഒരു കൂട്ടം അടിമകളെ തല്ലിയും ഇടിച്ചും കുത്തിയും ചന്തയിലേക്കു കൊണ്ടുവരികയാണു്. എല്ലാവരേയും നിക്കറും വെള്ളക്കോട്ടും സ്പാനിഷ് വട്ടത്തൊപ്പിയും ധരിപ്പിച്ചിട്ടുണ്ടു്. കൂട്ടത്തിൽ ളോവധരിച്ച ഫാദർ വിൻസെൻറുമുണ്ടു്. എല്ലാവരുടേയും കഴുത്തിലും കൈയിലും ചങ്ങലയിട്ടിട്ടുണ്ടു്.

സുന്ദരശരീരം, ശാന്തവക്ത്രം, നിർമ്മലനേത്രം, നവചൈതന്യം ഇവയൊത്ത ഫാദർ വിൻസെൻറിനെ എല്ലാവരും വന്നു നോക്കുന്നു)

## ഏജൻസി അറിയിപ്പു്

ശ്രീ ജോസഫ് വക്കി എളപ്പാറയിൽ അവർകളെ ഉപ്പുതറ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം.

കങ്കാണി:- ഈ മാർക്കററിൽ ഇതുവരെ വന്നിട്ടില്ലാത്ത പുതിയജാതി അടിമ ആക്കുവേണമെങ്കിലും വാങ്ങിക്കാം. പണമുള്ളവർക്കു വാങ്ങിക്കാം. ഒത്ത ശരീരം. മെയ്ക്കൊഴുപ്പു്, കൈത്തഴപ്പു്, ചെങ്കണ്ണു്, ഹാ എല്ലാം ഒത്തിണങ്ങിയിരിക്കുന്നു. ഓടട ഒരുവട്ടം. (ഫാദർ വിൻസെൻറിനെ ഓടിക്കുന്നു.)

ഒരു വ്യാപാരി:-ഇതിൻെറ തലമുടിയെന്താണു് ചുരുണ്ടിരിക്കുന്നതു്?

കങ്കാണി:-ഇതു പുതിയജാതിയാണു്. ഭാരം ചുമക്കലായിരുന്നു ജോലി. ചുമടുചുമന്നു മുടിയെല്ലാം ചുരുണ്ടുപോയി. (പട്ടം കാണിച്ചുകൊണ്ടു്) കണ്ടൊ. പതിനായിരം ഹോഴ്സ്പവറുള്ള ഒായിലെഞ്ചിൻ തലയിൽ ചുമക്കുന്നതുകൊണ്ടു് നെറുകയിൽനിന്നു രോമം കൊഴിഞ്ഞുപോയിരിക്കുന്നു. ഓടട രണ്ടുവട്ടംകൂടി. (അടിച്ചു ഓടിക്കുന്നു.) ആർക്കുവേണമെങ്കിലും വാങ്ങിക്കാം. പണമുള്ളവർക്കു വാങ്ങിക്കാം. ആദായവില. വാങ്ങിക്കുന്നവർക്കു ലാഭം.

വ്യാപാരി:- എന്തുവിലവരും?

കങ്കാണി:-ഇതു സാധാരണജാതിയിൽപ്പെട്ടതല്ല. നല്ല വില തന്നെങ്കിൽ മാത്രമേ കൊടുക്കുകയുള്ളു. പണമുള്ളവർക്കു പററിയ ജാതി. വാങ്ങിക്കുന്നവർക്കു ലാഭം. വില്ക്കുന്നവർക്കു നഷ്ടം.

വ്യാപാരി:- ഏയ്, എന്തുവില തരണം?

കങ്കാണി:-തറവാട്ടുവിററും വാങ്ങിക്കേണ്ടജാതിയാണു്. വാങ്ങിക്കുന്നവർ നല്ലതുനോക്കി വാങ്ങിക്കണം. ആദായവില. പത്തു പവൻമാത്രം. ആവശ്യക്കാർക്കു പററിയ ഇനം.

വ്യാപാരി:- എന്തു്, ഒരടിമയ്ക്കു് പത്തുപവൻ വിലയോ? ഇതു സ്വർണ്ണമോ മററോ ആണോ? എനിക്കുവേണ്ട.

ഒരു മുക്കുവൻ വ്യാപാരി:- എടോ ഇതിനു മീൻപിടുത്തമറിയാമോ?

കങ്കാണി:-എന്താണിത്ര സംശയം. പടിഞ്ഞാറൻ ദിക്കുകാരിൽ ആർക്കാണു് മീൻപിടുത്തമറിയാത്തതു്. ഇവൻ ഒന്നാംതരം മീൻപിടുത്തക്കാരനാണു്. ഇവൻെറ നാട്ടുകാർ മീൻപിടിക്കുവാൻ ഉപയോഗിക്കുന്ന വലതന്നെയാണു് ധരിക്കുന്നതു്. ഇവൻ ഉടുത്തിരിക്കുന്ന പ്രത്യേകതരം വലകണ്ടില്ലേ? (ളോവകാണിച്ചിട്ടു്) ഇത്തരം വലകൊണ്ടു ഇവർ അഞ്ഞൂറും ആയിരവും ഒരുമിച്ചു പിടിക്കും.

മുക്കവൻ:- വിലയിൽ എന്തെങ്കിലും കുറയുമോ?

കങ്കാണി:-ചോദിച്ചാലറിയാം. വിലകുറവുള്ള വല്ല ജാതിയേയും കൊണ്ടുപോയി നഷ്ടപ്പെടേണ്ട. ഇതുപോലുള്ള ഒരു മത്സ്യംപിടുത്തക്കാരനെ ഈ ജന്മത്തു് നിങ്ങൾക്കു കിട്ടുകയില്ല.

മുക്കവൻ:- ഞാൻ ആറുപവൻ തരാം. മുതലായെങ്കിൽ തന്നേക്കു.

കങ്കാണി:-ആറുപവനു ഈ അടിമയെ കിട്ടുകയില്ല. വേറെ നോക്കിക്കൊൾക. ആദ്യത്തെ വീശലിൽത്തന്നെ നിങ്ങളുടെ മുതലും ലാഭവും ഒന്നിച്ചുകിട്ടും. വെറുതെ പിണങ്ങിപ്പോകേണ്ട.

മുക്കവൻ:- ഏററവും നല്ലജാതിക്കു് ഇപ്പോൾ അഞ്ചുപവനേ നിലവാരമുള്ളു. ഞാൻ ആറുപവനു ചോദിച്ചു. ഒരു പവനുംകൂടി കൂട്ടിത്തരാം ഇഷ്ടമുണ്ടെങ്കിൽ തന്നേക്കു.

കങ്കാണി:- മുതലായില്ല. (ളോവ കാണിച്ചുകൊണ്ടു) നിങ്ങളുടെമാതിരി വലയല്ല ഇതു്. അഞ്ഞൂറും ആയിരവും ഒരുമിച്ചുപിടിക്കുന്ന വല. പിണങ്ങിപ്പോയാൽ നിങ്ങൾക്കുതന്നെ നഷ്ടം. എട്ടു പവനു തരാം. അതിൽ കുറയുകയില്ല.

മുക്കവൻ:-ഈ വലയൊന്നും ഈ കടലിൽ പററുകയില്ല. ഏഴരപവൻ തരാം, കൂടുതലിനു എനിക്കു വേണ്ട. ഞാൻ പോകുന്നു. (കുറച്ചു നടക്കുന്നു)

കങ്കാണി:- (വിളിച്ചിട്ടു) ഇത്ര പെട്ടന്നു പോയാലോ. തൻെറ ആശയല്ലേ. എനിക്കു മുതലായിട്ടില്ല. എടുക്കു പവൻ.

(മുക്കവൻ പണം കൊടുക്കുന്നു. ഫാദർ വിൻസെൻറിനെ കഴുത്തിലും കൈയിലും ചങ്ങലയിട്ടു കൊണ്ടുപോകുന്നു.)

കർട്ടൻ

(തുടരും)

—o—

## കമ്മ്യൂണിസ്റ്റു വ്യവസ്ഥിതിയെപ്പററി ബൗദ്ധസന്യാസി

ഒരു നിരീശ്വരസമുദായത്തിലെ അംഗങ്ങൾക്കു് ഐശ്വര്യപൂർണ്ണമായ ജീവിതംനയിക്കാൻ സാദ്ധ്യമല്ലെന്നു് മനസ്സിലാക്കാൻ കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെ ജനങ്ങളെ സഹായിക്കേണ്ടതു് ബുദ്ധമതക്കാരുടെയും ക്രിസ്ത്യാനികളുടെയും ചുമതലയാണെന്നു് ജപ്പാനിലെ ഒരു ബൗദ്ധസന്യാസിയായ സോജൻ അസാഹിനാ പ്രസ്താവിക്കുകയുണ്ടായി. തങ്ങളുടെ സാമൂഹികസാമ്പത്തികനിലവാരങ്ങൾ മെച്ചപ്പെടുത്തണമെന്നതു് എല്ലാ ജനങ്ങളുടെയും മൗലികാഭിലാഷമാണെന്നും എന്നാൽ ദൈവത്തെക്കൂടാതെ ഈ ആദർശം സാക്ഷാല്ക്കരിക്കുക സാദ്ധ്യമല്ലെന്നും, ലോകപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് കമ്മ്യൂണിസ്റ്റുകൾ ഭൗതികവും, നിരീശ്വരപരവുമായ ഒരു സമീപനമാണു് സ്വീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കമ്മ്യൂണിസം എല്ലാ മതങ്ങൾക്കും ഒരു ഭീഷണിയാണെന്നു് അസാഹിനാ ചൂണ്ടിക്കാട്ടി. ബുദ്ധമതത്തിൻെറയും ക്രിസ്തുമതത്തിൻെറയും ധാർമ്മികവും സന്മാർഗ്ഗപരവുമായ ആദർശങ്ങൾ തമ്മിൽ വളരെ സാദൃശ്യമുണ്ടെന്നും, എല്ലാ മനുഷ്യരും ദൈവമുമ്പാകെ സഹോദരന്മാരാണെന്നു് രണ്ടു മതങ്ങളും വിശ്വസിക്കുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചു. അസാഹിനാ അമേരിക്കയിൽ ഇപ്പോൾ ഒരു സന്ദർശനപര്യടനം നടത്തിക്കൊണ്ടിരിക്കയാണു്.

(11-ാംപേജ് തുടർച്ച)

ശയങ്ങൾ ഉൾക്കൊള്ളുന്ന ചില വാക്യങ്ങൾ ഗ്രന്ഥത്തിൽനിന്നു് ഉദാഹരണത്തിനുവേണ്ടി ഉദ്ധരിച്ചുകൊള്ളട്ടെ.

## ഭാവിയുഗം തൊഴിലാളികളുടെ യുഗമാണെന്നു് മോ: കാർഡൈൻ

"മാർപ്പാപ്പാ നൂറുകണക്കിനു വിശ്വലേഖനങ്ങൾ എഴുതിയാലും, മെത്രാന്മാർ വേലയെപ്പററി അവരുടെ ആയുഷ്കാലം മുഴുവനും ഇടയലേഖനങ്ങൾ എഴുതിയാലും, വേലയെപ്പററിയും, വേലയുടെ ഉൽകൃഷ്ടതയെപ്പററിയും ആഴ്ചതോറും വൈദികർ പ്രസംഗിച്ചാലും, തൊഴിലാളിവർഗ്ഗം പിന്നെയും രക്ഷിക്കപ്പെടാതെയിരിക്കുകയേയുള്ളു.

"തൊഴിലാളിവർഗ്ഗത്തിന്റെ ദിവ്യദൗത്യം നിറവേററുവാൻ തൊഴിലാളിപ്രസ്ഥാനത്തിനു മാത്രമേ സാധിക്കുകയുള്ളു. ഒററതിരിഞ്ഞു കിടക്കുന്ന ഇടവകകൾക്കു് അതു സാധിക്കുകയില്ല. പ്രാദേശികവും ദേശീയവും സാർവ്വദേശീയവുമായ നിലവാരങ്ങളോടുകൂടിയ ഒരു തൊഴിലാളിപ്രസ്ഥാനം ഉണ്ടാകേണ്ടിയിരിക്കുന്നു. അതു മനസ്സിലാക്കുവാൻ നമുക്കു സാധിച്ചാൽ, അതു മനസ്സിലാക്കാൻ സകല വൈദികർക്കും സാധിച്ചാൽ, കമ്മ്യൂണിസം പിന്നെ ഉണ്ടാവുകയില്ല."

മാർപ്പാപ്പായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് മോ: കാർഡൈൻ തുടരുന്നു.

"മാർപ്പാപ്പാ പലപ്പോഴും എന്നോടിപ്രകാരം അരുളിച്ചെയ്തിട്ടുണ്ടു്: എനിക്കു വിശ്വലേഖനങ്ങൾ എഴുതാൻ കഴിയും; എന്നാൽ അവയെ പ്രചരിപ്പിക്കുവാനോ അവയിലെ തത്വോപദേശങ്ങളനുസരിച്ചു് വർക്ക്ഷോപ്പുകളിൽ ജീവിക്കുന്നതിനു് ജനങ്ങളെ നിർബന്ധിക്കുവാനോ എനിക്കു കഴിവില്ല, എനിക്കതു സാദ്ധ്യമല്ല, മെത്രാന്മാർക്കും വൈദികർക്കും സാദ്ധ്യമല്ല. അതു സാദ്ധ്യമാകുന്നതിനു് പ്രേഷിതന്മാരായ തൊഴിലാളികളാവശ്യമാകുന്നു."

തൊഴിലാളിയുഗത്തെ മോ: കാർഡൈൻ ചിത്രീകരിക്കുന്ന ഒരു ഭാഗം ഇങ്ങനെയാണു്:

"ഇന്നു തൊഴിലാളിവർഗ്ഗം സുശക്തമായിത്തീർന്നിരിക്കുകയാണു്. തിരുസഭയുടേയും ലോകത്തിന്റേയും ഭാവി ഈ വസ്തുതയേയാണു് ആശ്രയിച്ചിരിക്കുന്നതു്. തൊഴിലാളിവർഗ്ഗത്തെക്കൂടാതെ തിരുസഭയ്ക്കു് തന്റെ കർത്തവ്യം നിർവ്വഹിക്കുവാൻ സാദ്ധ്യമല്ല. അവരില്ലെങ്കിൽ സഭ നമ്മുടെ കർത്താവീശോമിശിഹായുടെ തിരുസഭയാകുകയില്ല. തിരുസഭയ്ക്കു് തൊഴിലാളിവർഗ്ഗത്തെ ആവശ്യമുണ്ടു്. അപ്രകാരംതന്നെ ലോകത്തിനും.

"ഉല്പാദനത്തിന്റെ നടത്തിപ്പിലും തൊഴിലാളിവർഗ്ഗം പങ്കുവഹിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ സ്ഥാനവാഹികളും, പ്രതിനിധികളും വഴിയായി ലോകത്തിലെവിടെയും, ലോകമാസകലവും ഉള്ള ഉല്പാദനത്തിൽ അവർ ഉത്തരവാദിത്വം സ്വീകരിക്കേണ്ടിയിരിക്കുന്നു അല്ലാത്തപക്ഷം ലോകത്തിനു് മുന്നോട്ടുപോകുവാൻ സാദ്ധ്യമല്ല. ഈവിധത്തിലേ ലോകത്തേയും ലോകത്തിലെ ഉല്പാദനത്തേയും നേർവഴിക്കു നയിക്കുവാൻ കഴിയുകയുള്ളു. ഏതെങ്കിലും രാജ്യത്തിൽ ഒരു പണിമുടക്കോ തൊഴിലാളിവിപ്ലവമോ ഉണ്ടായാൽ ലോകംമുഴുവനും സഹിക്കേണ്ടിവരുന്നു."

കണ്ടാലും! തൊഴിലാളിവർഗ്ഗത്തെപ്പററി നമുക്കും ഈ തൊഴിലാളിമഹാപ്രേഷിതനായ വൈദികവര്യനും ഉള്ള അഭിപ്രായങ്ങൾ തമ്മിൽ എന്തൊരന്തരം. ഈ വ്യത്യാസം ഗ്രന്ഥത്തിൽ ഉടനീളം മുഴച്ചുനില്ക്കുന്നുണ്ടു്. അതുകൊണ്ടാണു് ഈ ഗ്രന്ഥം സാമുദായികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ സുസ്ഥിതി ആഗ്രഹിക്കുന്ന സകലരും, കത്തോലിക്കർ പ്രത്യേകിച്ചും, വാങ്ങിവായിക്കേണ്ടതാണെന്നു് ഞങ്ങൾ ശുപാർശ ചെയ്യുന്നതു്. ഗ്രന്ഥം ഇംഗ്ലീഷിൽനിന്നു് മലയാളത്തിലേക്കു വിവർത്തനം ചെയ്തതു് ഭ്മോ: നടുവത്തുശേരിയാണെന്നുംകൂടി പറഞ്ഞുകൊള്ളട്ടെ. (എറണാകുളത്തു് പ്രതിമാസഗ്രന്ഥക്ലബ്ബു സെക്രട്ടറിയോടാവശ്യപ്പെടുക. വില 5 ണ)

—o—

# മരിയവത്സരമഞ്ജരി

### സൂനം 4

ൊ മനുഷ്യവർഗ്ഗത്തെ സംബന്ധിച്ചു ദൈവം സജ്ജമാക്കിയ പദ്ധതിയുടെ ദിവ്യമായ മാഹാത്മ്യമാണു് മനുഷ്യാവതാരത്തിൽ പ്രകടമാക്കപ്പെട്ടിട്ടുള്ളതു്. അവിടുന്നു മനുഷ്യരെ സൃഷ്ടിച്ചു; അതോടൊപ്പം അവിടുത്തെ ദിവ്യത്വത്തിൽ പങ്കുകാരാകത്തക്കവണ്ണം അവരെ തന്നിലേക്കു നമിപ്പിക്കുകയുംചെയ്തു. ദൈവംതന്നെ മനുഷ്യനായി അവതരിച്ചു. അവിടുന്നു മനുഷ്യർക്കു ഗുരുവും, രാജാവും, പുരോഹിതനുമായി. അതുകൊണ്ടു് അവിടുന്നു ദൈവത്തിന്റെ അഭിഷിക്തൻ—ക്രിസ്തു എന്നു വിളിക്കപ്പെട്ടു. മറിയം ക്രിസ്തുവിന്റെ അമ്മയാണു്; മനുഷ്യാവതാരത്തിൽ ക്രിസ്തുവിനു ശരീരത്തെ പ്രദാനംചെയ്തവൾ. മാത്രമല്ല, ക്രിസ്തുവിന്റെ പ്രവാചകത്വത്തിലും, രാജത്വത്തിലും, പൗരോഹിത്യത്തിലും അവിഭാജ്യമായവിധം മറിയം പങ്കെടുക്കുകയുംചെയ്തു.



വിശേഷബുദ്ധിയുള്ള മനുഷ്യൻ ദൈവത്തെ അറിയുന്നില്ല എന്നുള്ളതു് വിലപനീയമായ ഒരു പരാജയമാണു്. ആദ്യപാപത്തിന്റെ ഭീകരഫലങ്ങളും പിശാചിന്റെ തന്ത്രങ്ങളുമാണു് അതിൽ നിഴലിക്കുന്നതു്. ഈ ദുസ്ഥിതിക്കു പ്രതിവിധിയായി, സത്യത്തെ പ്രബോധിപ്പിക്കുന്നതിനും, ദൈവരാജ്യം സ്ഥാപിക്കുന്നതിനും, പരിഹാരബലി അർപ്പിക്കുന്നതിനും ദൈവവചനം മനുഷ്യാവതാരമെടുത്തു. "സത്യത്തിനു സാക്ഷ്യം വഹിക്കുന്നതിനാണു് ഞാൻ ലോകത്തിലേക്കു വന്നിരിക്കുന്നതു്" എന്നവിടുന്നു പ്രഖ്യാപിച്ചു. ഈ സത്യത്തിന്റെ പ്രഘോഷണം ലോകാവസാനത്തോളവും തുടരുന്നതിനു് അവിടുന്നു അപ്രമാദമായ തിരുസഭയെ സ്ഥാപിക്കുകയുംചെയ്തു. പീലാത്തോസിന്റെ മുമ്പിൽവച്ചു ഔദ്യോഗികമായി ചോദ്യംചെയ്യപ്പെട്ടപ്പോൾ യാതൊരു സങ്കോചവും കൂടാതെ ക്രിസ്തു അവിടുത്തെ രാജത്വത്തെ ഏററുപറഞ്ഞു. അവിടുത്തെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം ലോകത്തിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിനായിരുന്നു. അതിന്റെ നിലനില്പിനും പ്രചാരണത്തിനുമായി സകല പ്രതിബന്ധങ്ങളേയും പീഡനങ്ങളേയും അവഗണിച്ചു മുന്നേറുന്നതിനു തന്റെ ശിഷ്യസംഘത്തെ അജയ്യമായ കുരിശുപതാകയുംകൊടുത്തു അവിടുന്നു യാത്രയാകുന്നു. ക്രിസ്തുവിന്റെ മൂന്നാമത്തെ കർത്തവ്യം ബലിയർപ്പണമാണു്. ദൈവത്തിനു പ്രീതികരമായ പരിഹാരബലിക്കുള്ള ദിവ്യകുഞ്ഞാടാണു ക്രിസ്തു. ബത്‌ലേഹം മുതൽ കാൽവരിവരെയും അവിടുത്തെ ജീവിതം പരമപിതാവിനുള്ള സ്വയംബലിയർപ്പണമായിരുന്നു. എന്നാൽ ഗാഗുൽത്തായിലെ പരമബലിയിൽ അതു പരിപൂർത്തിയാക്കപ്പെട്ട പോരാ, ലോകാവസാനത്തോളവും അതേ ബലിതന്നെ അൾത്താരകളിൽ അനുദിനം തുടരുന്നതിനും മനവസഞ്ചയം മുഴുവനും അതിൽ പങ്കെടുക്കുന്നതിനും അവിടുന്നു വഴികണ്ടിരിക്കുന്നു. അവിടുത്തെ നിത്യമായ പൗരോഹിത്യം.

### മറിയത്തിന്റെ ഭാഗഭാഗിത്വം

മിശിഹായുടെ മാതാവാകയാൽ മറിയം സ്വതവേ അവിടുത്തെ ഈ ത്രിവിധ കർത്തവ്യങ്ങളിൽ ഭാഗഭാക്കാണു്. എന്നാൽ മറിയത്തിനു സകല മനുഷ്യരുടേയും ആദ്ധ്യാത്മികമായ മാതൃത്വംകൂടിയുള്ളതുകൊണ്ടു് ക്രിസ്തുവിന്റെ കർത്തവ്യങ്ങളിൽ വിശേഷതരമായ ഒരു പങ്കു വഹിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ മറിയം പ്രവാചകയാണു്; ആന്തരികമായ പ്രചോദനംകൊണ്ടും നിർമ്മലമായ മാതൃകകൊണ്ടും മനുഷ്യരക്ഷാർത്ഥമുള്ള സ്നേഹംകൊണ്ടും ആ സ്ഥാനത്തെ മറിയം അർഹിക്കുന്നു. യഥാർത്ഥത്തിൽ മറിയം മഹാരാജ്ഞിയാണു്; ത്രിലോകരാജ്ഞിയായി മുടിചൂടിക്കപ്പെട്ടു്, ദൈവസന്നിധിയിൽ മാദ്ധ്യസ്ഥപരമായ സർവ്വശക്തിത്വം കൈവരിച്ചു വിരാജിക്കുന്ന മറിയത്തിന്റെ രാജകീയനില നിസ്തുലമത്രെ. മറിയം പൂശപ്പെട്ട ഒരു പുരോഹിതയല്ല. എന്നാൽ ക്രിസ്തുവായ ദിവ്യപുരോഹിതന്റെ മാതാവു് അവിടുത്തെ സകല പൗരോഹിത്യകർമ്മങ്ങളുടെയും അവിഭാജ്യഘടകമായി പരിലസിക്കുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരരഹസ്യത്തിൽ അടങ്ങിയിരിക്കുന്ന ഈ ത്രിവിധകർത്തവ്യങ്ങളേയും യഥാവിധി മനസ്സിലാക്കുന്നതിലും അതിനെ ഓരോ മനുഷ്യവ്യക്തിയുടേയും ജീവിതത്തിൽ പ്രായോഗികമാക്കുന്നതിലുമാണു് മനുഷ്യരക്ഷ സഫലമാവുക. അതുകൊണ്ടു മിശിഹായുടെ ഈ കൃത്യങ്ങളിൽ അവിഭാജ്യമായി പങ്കെടുക്കുന്നതിനു ദൈവം തിരഞ്ഞെടുത്ത മറിയത്തെനോക്കി നമുക്കു പ്രാർത്ഥിക്കാം:-

## "മിശിഹായുടെ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കുക."

### സൂനം 5

പുതിയ ആദ്ധ്യാത്മികക്രമത്തിൽ എല്ലാ പ്രസാദവരവും മിശിഹായുടെ ദാനമാണു്. "അവിടുത്തെ പൂർണ്ണതയിൽ നാമെല്ലാം ഭാഗഭാക്കുകളായിരിക്കുന്നു." എല്ലാ ദാനങ്ങളിലും വിശിഷ്ടതമവും അതുല്യവുമായ ദാനമാണു് ദൈവമാതൃത്വം. മറിയത്തിന്റെ ഈ സ്ഥാനം മിശിഹായുടെ അതിവിശിഷ്ടമായ ദാനങ്ങൾക്കു അവിടുത്തെ അർഹയാക്കി. ഉത്ഭവപാപത്തിൽനിന്നു മറിയം ഒഴിവാക്കപ്പെട്ടു; ദൈവപ്രസാദവരത്തിന്റെ പൂർണ്ണത പ്രദാനംചെയ്യപ്പെട്ടു. ദൈവദാനങ്ങളുടെ ധാരാളത്വത്തിൽ മറിയം വരപ്രസാദത്തിന്റെ മാതാവായി. ദൈവമാതൃത്വത്തിലേക്കുയർത്തപ്പെട്ട ഇതെല്ലാം മിശിഹായുടെ യോഗ്യതകളുടെ മുൻകൂട്ടിയുള്ള പ്രയോഗമായിരുന്നു. മറിയം ഇവയെ സ്വീകരിച്ചുകൊണ്ടു് അവിടുത്തെ ദിവ്യസുതനോടൊന്നിച്ചു ദൈവപ്രസാദവരത്തെ ഉൽപാദിപ്പിക്കുന്നതിൽ സഹകരിച്ചു. തന്മൂലം പ്രത്യേകമായ ഒരു വിധത്തിൽ മറിയം ദൈവവരപ്രസാദത്തിന്റെ മാതൃസ്ഥാനത്തിനർഹയായിരിക്കുന്നു.

പ്രസാദവരമാണു് മനുഷ്യാത്മാവിനെ വിശുദ്ധീകരിക്കുന്നതു്. അതു ആത്മാവിന്റെ ജീവനിലേക്കു സംക്രമിക്കുന്നു; ഒരു ദിവ്യമണ്ഡലത്തിലേക്കു അതിനെ ഉന്നമിപ്പിക്കുന്നു; ദിവ്യമായ ഒരു ജീവചൈതന്യം അതിനു പ്രദാനംചെയ്യുന്നു. അതുവഴിയായി നാം "ദൈവസ്വഭാവത്തിൽ അംശഭാക്കുകളാകുന്നു." ഈ സംക്രമണം ഒരു ദിവ്യരഹസ്യമാണു്. അതു സൗഭാഗ്യദായകമായ ഒരു വസ്തുതയുമാണു്. എന്നാൽ പ്രസാദവരം പരിപൂർണ്ണമാകുന്നതിനു പ്രേരകവരപ്രസാദം സദാപി ആത്മാവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പ്രവർത്തനം കൂടാതെ പ്രസാദവരം വർദ്ധമാനമാകുന്നില്ല. പ്രേരകവരപ്രസാദത്തോടുള്ള മനുഷ്യമനസ്സിന്റെ സഹകരണമാണല്ലോ കൂടുതൽ വരപ്രസാദലാഭത്തിനു ആത്മാവിനെ അർഹമാക്കുന്നതു്. "ഞാൻ മുന്തിരിച്ചെടിയാകുന്നു, നിങ്ങൾ അതിന്റെ ശിഖരങ്ങളും. യാതൊരുവൻ എന്നിലും ഞാൻ അവനിലും യോജിച്ചുനില്ക്കുന്നുവോ അവൻ വളരെ ഫലം പുറപ്പെടുവിക്കുന്നു. എന്തുകൊണ്ടെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ സാദ്ധ്യമല്ല." (വി. യോഹന്നാൻ 15: 5)

### മറിയം വരപ്രസാദപൂർണ്ണ

ദൈവം ഏതെങ്കിലും ഒരു പ്രത്യേക ജോലി നിർവ്വഹിക്കുന്നതിനു ഒരാളെ തിരഞ്ഞെടുക്കുമ്പോൾ അയാളെ ആ കൃത്യം നിർവ്വഹിക്കുന്നതിനു സാദ്ധ്യമാകത്തക്കവിധത്തിൽ ഒരുക്കുകയും സജ്ജീകരിക്കുകയും ചെയ്യുന്നുവെന്നു വിശുദ്ധ തോമാ മല്പാൻ പ്രഖ്യാപിക്കുന്നു. ഇതു ആ കൃത്യനിർവഹണത്തിനാവശ്യമായ പ്രേരകവരപ്രസാദത്തെ അയാൾക്കു പ്രദാനംചെയ്തുകൊണ്ടാണു്. അയാളുടെ പരിശുദ്ധിക്കനുസൃതമായും, പ്രസാദവരത്തിനുവേണ്ടിയുള്ള ആഗ്രഹത്തെ മാനദണ്ഡമാക്കിയും, ലഭ്യമാകുന്ന വരപ്രസാദങ്ങളോടുള്ള സഹകരണത്തിനനുസരിച്ചും ഈ ദാനം ഉപര്യുപരി നൽകപ്പെടുന്നു. ഈ തത്വംതന്നെയാണു് കന്യകമറിയത്തിലും അന്വർത്ഥമായിട്ടുള്ളതു്. യാതൊരു സൃഷ്ടിയും അർഹിച്ചിട്ടുള്ളതിൽ ഉപരിയായ യോഗ്യതകൾ മറിയം നിരന്തരമായി അർഹിച്ചു. മറിയം വരപ്രസാദപൂർണ്ണയായി. ദൈവേഷ്ടപ്രസാദത്തിന്റെ മാതാവായി. മറിയത്തിന്റെ ദൈവേഷ്ടപ്രസാദമാതൃത്വത്തിനു വ്യക്തിപരമായ ഈ നില മാത്രമല്ല ഉള്ളതു്. അവിടുത്തെ ദിവ്യസുതനിലെന്നവണ്ണം അതു നമ്മിലേക്കും സംക്രമിക്കുന്ന ഒന്നാണു്. മിശിഹാ നമുക്കുവേണ്ടി പ്രസാദവരം അർഹിച്ചു. പരിശുദ്ധ കന്യകമറിയവും അവിടുത്തോടുകൂടി നമ്മെ ദൈവമക്കളാക്കുന്നതിനു അവിടുത്തെ രക്ഷണീയകൃത്യത്തിൽ പങ്കുകാരിയായിരിക്കുന്നു. അതുകൊണ്ടു് മറിയത്തെനോക്കി ആനന്ദത്തോടുകൂടി നമുക്കു പ്രാർത്ഥിക്കാം:-

## "ദൈവേഷ്ടപ്രസാദത്തിന്റെ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക."

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്ത് (8)

ദൈവത്തിന്റെ വത്സലമക്കളേ,

പുണ്യജീവിതം നയിക്കുവാൻ ശ്രമിക്കുന്ന പലർക്കും അനുഭവപ്പെടുന്ന ഒരു വൈഷമ്യം ഒരാൾ എഴുതി അറിയിച്ചിരിക്കുന്നതു താഴെ ചേർത്തിരിക്കുന്നു. അതിനു നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം എല്ലാവരുടെയും പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു പ്രതീക്ഷിക്കട്ടെയോ?

"ഞാൻ ആഴ്ചയിൽ ഒരിക്കൽ കുമ്പസാരിക്കയും കൂടെക്കൂടെ വി. കുർബാന സ്വീകരിക്കയും ചെയ്യുന്നുണ്ടു്. എങ്കിലും ഒരു കാര്യം എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു. കുമ്പസാരത്തിനു് ആത്മശോധന ചെയ്യുമ്പോൾ പറയത്തക്ക പാപങ്ങൾ ഒന്നുംതന്നെ കാണാൻ സാധിക്കുന്നില്ല. അതേസമയം ഞാൻ യാതൊരു പുണ്യവും ചെയ്യുന്നതായിട്ടു് തോന്നുന്നില്ല. അങ്ങനെ ദൈവത്തെ സ്നേഹിക്കുകയും ദ്രോഹിക്കുകയും ചെയ്യാത്ത ഒരു വ്യക്തിയായിട്ടാണു് എനിക്കനുഭവപ്പെടുന്നതു്.

"ഞാൻ പഴയ പാപങ്ങൾ ഏററുപറഞ്ഞാണു കുമ്പസാരിക്കുക. പാപസങ്കീർത്തനത്തിനണയുമ്പോൾ പുതിയ പാപങ്ങൾ ഇല്ലാത്തപ്പോൾ എങ്ങനെയാണു കുമ്പസാരിക്കേണ്ടതെന്നു ഒരു ഭയം ഉണ്ടാകുന്നു. ഇതിനു ഞാൻ എന്താണു ചെയ്യേണ്ടതു്?

"ദിവസവും രാത്രിയിൽ ആത്മശോധന ചെയ്യുമ്പോഴും പാപങ്ങളൊന്നും കാണാതെ ഞാൻ വിഷമിക്കുകയാണു്. അതിനെന്താണു് പരിഹാരമാർഗ്ഗം?"

ഉത്തരം. പുതിയ പാപങ്ങൾ ഒന്നും കാണാത്തപ്പോൾ പഴയ പാപങ്ങളെപ്പററി മനസ്താപപ്പെട്ടു് കുമ്പസാരിക്കുകയാണു് ചെയ്യേണ്ടതു്. അക്കാര്യത്തിൽ നിങ്ങൾ ശരിയായിട്ടുതന്നെ പ്രവർത്തിക്കുന്നു. പഴയ പാപങ്ങൾ വെറും തഴക്കമെന്നപോലെ പറഞ്ഞാൽ പോരാ. മനസ്താപം ഉണ്ടായിരിക്കണമെന്നുള്ളതു നിർബന്ധമാണു്.

യാതൊരു പുണ്യവും ചെയ്യുന്നതായി തോന്നുന്നില്ലാത്തതിൽ ഭയപ്പെടാനൊന്നുമില്ല. അടുക്കലടുക്കൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നതും കുമ്പസാരിക്കുന്നതുമെല്ലാം വലിയ പുണ്യപ്രവൃത്തികളല്ലേ? അതുപോലെതന്നെ പ്രസാദവരാവസ്ഥയിൽ ഇരുന്നുകൊണ്ടു നല്ല നിയോഗത്തോടുകൂടി നിങ്ങൾ അനുഷ്ഠിക്കുന്ന സകല ദിനചര്യകളും പുണ്യപ്രവൃത്തികൾതന്നെയാണു്. ദൈവതിരുമനസ്സനുസരിച്ചു ഓരോരുത്തനും അവനവന്റെ അന്തസ്സിനടുത്ത കടമകൾ നിർവ്വഹിക്കുമ്പോൾ പ്രസാദവരവും പുണ്യയോഗ്യതയും വർദ്ധിക്കും. അതു വിശ്വാസദൃഷ്ടിക്കു മാത്രമേ ഗോചരീഭവിക്കയുള്ളു.

ഇനി ആത്മശോധനയിൽ

(ശേഷം 8-ാംപേജിൽ)

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ!

പുതിയ ഒരു സ്കൂൾവർഷം ആരംഭിക്കുന്നു. പുതിയ നോട്ടുപുസ്തകങ്ങൾ, പാഠപുസ്തകങ്ങൾ, വസ്ത്രങ്ങൾ—എല്ലാം പുതുതായിരിക്കുന്നു. നിങ്ങളുടെ പെരുമാററങ്ങൾക്കും നിങ്ങളിരിക്കുന്ന ക്ലാസുകൾക്കും പുതുമയുണ്ടായിരിക്കാം. അങ്ങനെ ഒരു നല്ല ആരംഭത്തിനുള്ള ചുററുപാടുകൾ നിങ്ങളുടെ മുമ്പിൽ വന്നുചേർന്നിരിക്കുന്നു.

ഒരു നൂറു രൂപ നിങ്ങളോരോരുത്തരുടേയും കൈയിൽ കിട്ടുന്നു എന്നു വിചാരിക്കുക. ഇഷ്ടംപോലെ അതു ചെലവാക്കാനുള്ള സ്വാതന്ത്ര്യവും നിങ്ങൾക്കു തരുന്നു. നിങ്ങൾ അതെങ്ങിനെ ഉപയോഗിക്കുമെന്നു ചിന്തിച്ചു നോക്കുക. ചില കുട്ടികൾ ഒരു മണിക്കൂർകൊണ്ടു് അതു ചെലവാക്കും. മററു ചിലർ അതങ്ങിനെ പൂഴ്ത്തിവെച്ചേക്കും. വേറെ ചിലർ അതു് അനാവശ്യമായ കാര്യങ്ങൾക്കു് ഉപയോഗിച്ചു അതിൽനിന്നും വേണ്ടത്ര നാശം വരുത്തിവെക്കും. ബുദ്ധിയുള്ള കുട്ടികൾ അതിനെ മിതമായി നല്ല കാര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കും.

ഇതുപോലെതന്നെ, നിങ്ങൾക്കു് ഒരു സ്കൂൾ വർഷം മുഴുവൻ ഇതാ തുറന്നുകിട്ടിയിരിക്കുന്നു. ഈ വർഷം മുഴുവൻ നിങ്ങളെങ്ങിനെയാണു് വിനിയോഗിക്കുവാൻ പോകുന്നതു്. ആദ്യമാദ്യമുള്ള മാസങ്ങളൊക്കെ അലസരായി കഴിഞ്ഞിട്ടു് ഒടുക്കമൊടുക്കമാകുമ്പോൾ തിടുക്കത്തിൽ പോകാമെന്നാണോ വിചാരം. ഏതായാലും ആമയും മുയലുംകൂടി പോയ കഥ നിങ്ങൾക്കറിയാം. ഒരിടത്തും നിൽക്കാതെ ഒരു ദൃഢനിശ്ചയത്തോടെ മുന്നോട്ടുപോയിക്കൊണ്ടിരുന്ന ആമയാണു് ഉറങ്ങുകയും ഓടുകയും ചാടുകയും വീരവാദം മുഴക്കുകയും മററും ചെയ്ത മുയലിനെക്കാൾ നേരത്തെ ഉദ്ദിഷ്ടസ്ഥലത്തു ചെന്നുചേരാൻ സാധിച്ചതു്.

ഒരു നദിയും കുളവും തമ്മിലൊരിക്കൽ ഒരു വാദപ്രതിവാദമുണ്ടായി.

നദി എപ്പോഴും ഒച്ചപ്പാടോടുകൂടി ചാടിത്തകർത്തു് ഓടിപ്പാഞ്ഞൊഴുകുന്നു എന്നും അതു് ഒരിക്കലും നന്നല്ലെന്നും ബുദ്ധിമുട്ടൊന്നുംകൂടാതെ വല്ലിടത്തും അലസമായിക്കിടന്നു സുഖമായി കാലം കഴിക്കയാണു് വേണ്ടതെന്നും കുളം വാദിച്ചു.

അതിനു മറുപടിപറഞ്ഞ നദിയുടെ വാക്കുകൾ നാമറിഞ്ഞിരിക്കേണ്ടതാണു്.


നദിപറഞ്ഞു: "ഹാ അലസമായിക്കഴിയുന്നതു് നല്ലതാണെന്നു വിചാരിക്കുന്ന എൻെറ കുളമെ, നിൻെറ വിചാരം വിചിത്രമായിരിക്കുന്നു. അലസതമൂലം നീ അഴുക്കുകളാൽ നിറഞ്ഞിരിക്കയല്ലേ! നിൻെറ അടിത്തട്ടിൽ എന്നും മാലിന്യം കുന്നുകൂടുകയല്ലേ ചെയ്യുന്നതു്. നിൻെറ വെള്ളം എത്ര അശുദ്ധമാണെന്നു നീ അറിയുന്നുണ്ടോ? ചിന്തിച്ചു നോക്കുക, അന്യനു യാതൊരു ഗുണവും ചെയ്യാതെ കഴിഞ്ഞുകൂടുന്നതിൽ എന്താണു് സുഖം? എൻെറ സ്ഥിതി നീ അറിയുന്നുണ്ടോ? ഞാൻ സദാ ഉന്മേഷത്തോടും പ്രസരിപ്പോടും ഒഴുകിക്കൊണ്ടിരിക്കുന്നു. എന്നിൽ വന്നുചേരുന്ന അഴുക്കുകളെ ഞാൻ അന്നന്നു് നിഷ്കാസനം ചെയ്യുന്നു. എൻെറ ജലം മനുഷ്യർക്കും മൃഗങ്ങൾക്കും സസ്യങ്ങൾക്കും ഒരുപോലെ ഉപകരിക്കുന്നു. അങ്ങിനെ അന്യരെ സഹായിക്കുന്നതിനാൽ എൻെറ ഹൃദയത്തിൽ എപ്പോഴും സന്തോഷം കുടികൊള്ളുന്നു. എൻെറ ജീവിതം തന്നെ വളരെ ആനന്ദപ്രദമായി എനിക്കു തോന്നുന്നു. എൻെറ ജീവിതം ഒരിക്കലും നിഷ്ഫലമല്ല." നദിയുടെ വാക്കുകൾ കേട്ടിട്ടു് കുളം എന്തോ വിചാരിക്കുന്നതുപോലെ അനക്കമില്ലാതെ ഇന്നും കിടക്കുകയാണു്.

പ്രിയപ്പെട്ട കുഞ്ഞുങ്ങൾ എപ്പോഴും ഒരു നദിയുടെ നില സ്വീകരിക്കേണ്ടതാണു്. മടിയാലുണ്ടാകുന്ന മാലിന്യങ്ങൾ നിങ്ങളിൽ അടിഞ്ഞുചേരുന്നതിനു് അനുവദിക്കരുതു. പ്രസരിപ്പോടെ എന്നും ദൈനംദിനകൃത്യങ്ങൾ മുറപ്പടി ചെയ്തു മുന്നോട്ടുപോവുക. കിട്ടിയ നൂറുരൂപ മിതമായി, ഉചിതമായി ചെലവുചെയ്യുന്ന ഒരു നല്ല കുട്ടിയെപ്പോലെ നിങ്ങൾക്കു മുമ്പിലുള്ള സ്കൂൾവർഷത്തെ ഏററവും ബുദ്ധിപൂർവ്വം, കഴിയുന്നിടത്തോളം ഉപയുക്തമാക്കി ചെലവഴിക്കുക.

ലോകത്തിലുള്ള സകലതും സൂര്യനെ ആശ്രയിച്ചാണിരിക്കുന്നതു്. നിങ്ങളെഴുതുന്ന പെൻസിൽകൂടി സൂര്യൻനിമിത്തമുണ്ടായതാണു്. വണ്ടി ഓടുന്നതും, നിങ്ങൾ ഉടുപ്പിടുന്നതും, പത്രമടിക്കുന്നതുമെല്ലാം—സർവ്വവും സൂര്യൻ കാരണമാണു്. പെൻസിലും സൂര്യനും തമ്മിലെന്തുബന്ധമാണെന്നു നിങ്ങൾക്കു സംശയമുണ്ടായിരിക്കും. പെൻസിൽ എന്തുകൊണ്ടുണ്ടാക്കിയിരിക്കുന്നെന്നും, ആ സാധനങ്ങൾ ഉണ്ടാകുവാൻ സൂര്യൻ എങ്ങനെ സഹായിക്കുന്നുവെന്നും ആലോചിച്ചാൽ ആ സംശയം ഉടനെ തീരും. മരങ്ങളില്ലെങ്കിൽ പെൻസിലില്ല. സൂര്യപ്രകാശമില്ലെങ്കിൽ മരങ്ങളില്ല. അതുകൊണ്ടു സൂര്യനില്ലെങ്കിൽ പെൻസിലില്ല. ഇങ്ങനെപോകുന്നു ശാസ്ത്രസത്യങ്ങൾ. അതുപോലെതന്നെ നമ്മുടെ വിജയവും എപ്പോഴും നാം നമ്മുടെ സമയത്തെ എങ്ങനെ വിനിയോഗിക്കുന്നുവെന്നതിനെമാത്രം ആശ്രയിച്ചാണിരിക്കുന്നതു്.

കുഞ്ഞുങ്ങൾ പ്രസരിപ്പോടെ അലസതകളഞ്ഞു് നദിയുടെ നയത്തെ സ്വീകരിക്കുക. വിജയത്തിൽനിന്നും വിജയത്തിലേക്കു മുന്നേറുക.

സ്നേഹപൂർവ്വം നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ



ഒരു നദിയുടെ മാതൃക അവലംബിക്കുക!

വിമർശനവീഥി

# തൊഴിലാളി പ്രേഷിതനായ മോൺസിഞ്ഞോർ കാർഡൈൻ

തൊഴിലാളികളുടെ സംരക്ഷണത്തിനായി ജീവാർപ്പണംചെയ്തിരിക്കുന്ന കത്തോലിക്കാവൈദികവര്യനാണു് മോൺസിഞ്ഞോർ കാർഡൈൻ (Cardign). "യുവക്രിസ്തീയ തൊഴിലാളി" (ജോസിസ്റ്റ്) പ്രസ്ഥാനത്തിൻെറ സ്ഥാപകനും, പ്രചാരകനുമാണു് അദ്ദേഹം ചെറുപ്പംമുതൽ തൊഴിലാളികളുടെ പ്രശ്നങ്ങളെ അവർക്കു ഗുണകരമായവിധം നേരിടുന്നതിനുവേണ്ടി അദ്ദേഹം സർവ്വാത്മനാ പരിശ്രമിച്ചുപോന്നു. ഒന്നാംലോകമഹായുദ്ധകാലത്തു് സഖ്യകക്ഷികളെ സഹായിച്ചു എന്ന സംശയത്തിന്മേൽ ഈ വൈദികനെ ജർമ്മൻ ഗവർമ്മെൻറു് തടവിലാക്കി. വ്യാവസായികനഗരങ്ങളിൽ പലകൊല്ലം ജോലിനോക്കിയിരുന്ന അദ്ദേഹത്തിനു് തൊഴിലാളികളുടെ ജീവിതനിലവാരവും ഫാക്ടറികളിലെ അപകടംനിറഞ്ഞ സ്ഥിതിവൈപരീത്യങ്ങളും ശരിക്കറിയാമായിരുന്നു. ഇടവകസംഘങ്ങളോ, യുവജനസമാജങ്ങളോ തൊഴിലാളികളെ നന്നാക്കുവാൻ പര്യാപ്തമാകയില്ലെന്നും, ഫാക്ടറിക്കകത്തും പുറത്തും തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുവാൻ തൊഴിലാളികളുടെയിടയിൽനിന്നുതന്നെ പ്രേഷിതന്മാരെ കരുപ്പിടിപ്പിച്ചേ മതിയാവൂ എന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. 6 അംഗങ്ങൾമാത്രം ഉൾപ്പെടുത്തി അദ്ദേഹം 1919-ൽ ബെൽജിയത്തിൽ സ്ഥാപിച്ച ചെറിയ തൊഴിലാളിസംഘടനയാണു് ജോസിസം. അപ്രതീക്ഷിതമായ ശീഘ്രതയോടുകൂടി ആ തൊഴിലാളിപ്രസ്ഥാനം ആ രാജ്യത്താകമാനം വ്യാപിച്ചു. 1925-ൽ ബെൽജിയത്തിലെ കത്തോലിക്കാ തൊഴിലാളികളുടെ അംഗീകൃതപൊതുസംഘടനയായി അതു സ്ഥിരീകരിക്കപ്പെട്ടു. 1935 ആയപ്പോഴേക്കും ലക്ഷത്തിനുമേൽ തൊഴിലാളികൾ ജോസിസത്തിൻെറ അണികളിലേക്കു വന്നുചേർന്നു. അചിരേണ ആ രാജ്യസീമയെ കവച്ചുവച്ചു്, പ്രസ്ഥാനം മററു രാജ്യങ്ങളിലേക്കും കടന്നു. ഇപ്പോൾ 60 രാജ്യങ്ങളിൽ അതു വ്യാപിച്ചുകഴിഞ്ഞു. 1,200 000 തൊഴിലാളികൾ അതിൽ അംഗങ്ങളായിട്ടുണ്ടു്. 1952-ൽ മോൺ. കാർഡൈൻ ഇൻഡ്യയിലെത്തി ഇവിടത്തെ തൊഴിലാളികളുടെ സ്ഥിതിഗതികൾ പഠിച്ചു. മദ്രാസിലും മററും സഞ്ചരിക്കുകയും തൊഴിലാളി സംഘടനകളുമായി സമ്പർക്കത്തിലേർപ്പെടുകയും ചെയ്തശേഷം എറണാകുളത്തെ ശതാബ്ദാഘോഷങ്ങളിൽ അദ്ദേഹം സംബന്ധിച്ചു. അതിനിടയിൽ തേവര സേക്രഡ്ഹാർട്ടു് കോളെജിലും, എറണാകുളം സെൻറു് ആൽബർട്ട്സു് ഹൈസ്കൂളിലുംവച്ചു കൂടിയ യോഗങ്ങളിൽ അദ്ദേഹം പ്രസംഗിച്ചു. തദവസരങ്ങളിൽ ഈ തൊഴിലാളിപ്രേഷിതൻ നൽകിയ ഉദ്ബോധനങ്ങൾ കേട്ടാലും:—

## അദ്ദേഹത്തിൻെറ ഉദ്ബോധനങ്ങൾ

വ്യാവസായികപ്രശ്നങ്ങൾക്കു് ക്രൈസ്തവമയമായ പരിഹാരം കാണുകയാണു് ഇന്നത്തെ ഏററവും വലിയ ആവശ്യം. കിഴക്കൻ യൂറോപ്പിൽ കത്തോലിക്കർക്കു് വലിയ പള്ളികളും സർവ്വകലാശാലകളും ഒട്ടേറെ സ്കൂളുകളും മററു സ്ഥാപനങ്ങളും ഉണ്ടു്. പക്ഷെ അവയെല്ലാം കമ്മ്യൂണിസ്റ്റു് അധീനത്തിൽപ്പെട്ടിരിക്കുന്നു. കാരണം എന്തു്? തൊഴിലാളികളെ വിസ്മരിച്ചതുതന്നെ. തൊഴിലാളി ഹൃദയത്തെ വശീകരിക്കാൻ സാധിക്കാതെ, അവരെ നമ്മിലേക്കടുപ്പിക്കാതെ, മൗനമായിരുന്നാൽ ഭാവി ഇരുളടഞ്ഞതായിരിക്കും. കിഴക്കൻ യൂറോപ്പിലെ അനുഭവം ഇവിടെയും ആവർത്തിച്ചെന്നുവരാം.

തൊഴിലാളികളെ മാററിനിറുത്തിക്കൊണ്ടുള്ള സഭ ക്രിസ്തുവിൻെറ സഭയല്ല. അവരെ നാം നേടിയാൽ അവർതന്നെ 'സഭയുടെ ഏററവും വലിയ സംരക്ഷകരായിക്കൊള്ളും. സാമ്പത്തികവും സാമൂഹ്യവുമായ കാര്യങ്ങളിൽ സഭയുടെ പഠനങ്ങളെ അവർക്കു മനസ്സിലാക്കിക്കൊടുക്കയാണു് ആദ്യം ചെയ്യേണ്ടതു്. വേലക്കാരൻെറ മനുഷ്യത്വത്തെ ബഹുമാനിക്കണം. അവൻ വെറും ഒരു യന്ത്രമോ, ആയുധമോ, കളിപ്പാവയോ അല്ല. ഒരു ആദ്ധ്യാത്മികസത്ത അവനിൽ കുടികൊള്ളുന്നുണ്ടു്. വീട്ടിലും നാട്ടിലും സ്കൂളുകളിലും പള്ളികളിലും തൊഴിലാളികൾക്കുള്ള മനുഷ്യത്വത്തിൻെറ അമൂല്യതയെപ്പററിയും അതു ബഹുമാനിക്കേണ്ടതിൻെറ ആവശ്യകതയെപ്പററിയും നിങ്ങൾ ശരിയായി പഠിക്കുകയും പഠിപ്പിക്കുകയുംവേണം. ക്രൈസ്തവതത്വസംഹിതകൾ വേലക്കാരനെ മനസ്സിലാക്കിക്കൊടുക്കുവാൻ വൈദികരും അൽമായരും അങ്ങേയററം പരിശ്രമിക്കണം. കത്തോലിക്കരായ നമുക്കു് ഇനിയും ഉപേക്ഷ വിചാരിക്കുകവയ്യ. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിൻെറ സന്ദേശം ഒരു യാഥാർത്ഥ്യമാക്കി കാണിച്ചുകൊടുക്കണം. അതാണു് ഇന്നത്തെ ചുററുപാടുകളിൽ നിങ്ങൾക്കു ചെയ്യുവാനുള്ളതു്.

## 'തൊഴിലാളികളുടെ മണിക്കൂർ' എന്ന പ്രതിമാസഗ്രന്ഥക്ലബിൻെറ പുസ്തകം വായിക്കുക

കമ്മ്യൂണിസം തൊഴിലാളികളിലും യുവജനങ്ങളിലും വളരെ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന ഒരു വിപത്ഘട്ടമാണല്ലോ ഇതു്. ഈ വിപത്തു് ഒഴിച്ചുവയ്ക്കുവാൻ നാമെല്ലാം വളരെ പരിശ്രമിക്കുന്നുണ്ടു്. എങ്കിലും കമ്മ്യൂണിസം മുന്നേറിക്കൊണ്ടിരിക്കുകയാണു്. ഇതിൻെറ പ്രധാനകാരണം, തൊഴിലാളികളേയും യുവജനങ്ങളേയും ഇന്നു് അലട്ടുന്ന പ്രശ്നങ്ങളെ അവധാനപൂർവ്വം നാം പഠിക്കാത്തതത്രെ. മരുന്നു കുറിക്കുന്നതിനുമുമ്പു് സുഖക്കേടു നല്ലവണ്ണം മനസ്സിലാക്കണമല്ലോ. കമ്മ്യൂണിസത്തിൻെറ വളർച്ചയ്ക്കു് പല കാരണങ്ങളും പലരും പറയാറുണ്ടു്. പക്ഷെ ശാസ്ത്രീയമായ ഒരു പഠനത്തിൻെറ ശേഷമല്ല. അവരവരുടെ ചില അനുഭവങ്ങളെ ആസ്പദമാക്കിയ അനുമാനങ്ങളാണവ. വൈദികർക്കുപോലും ഈ അബദ്ധം പററുന്നുണ്ടു്. തന്മൂലം കമ്മ്യൂണിസത്തിനെതിരായ പരിശ്രമങ്ങൾ വിജയപ്രദമാകാത്തതിൽ ആശ്ചര്യപ്പെടുവാനില്ല.

മോ: കാർഡൈൻ തൊഴിലാളിപ്രശ്നങ്ങളെ ആജീവനാന്തം ശാസ്ത്രീയമായി പഠിച്ചിട്ടുള്ള ആളാണു്. പഠിക്കുന്നതിനായി അദ്ദേഹം പല രാജ്യങ്ങളിലും സഞ്ചരിക്കുകയും അവിടങ്ങളിലെ സ്ഥിതിഗതികൾ അവഗാഢം അന്വേഷിച്ചറിയുകയും ചെയ്തിട്ടുണ്ടു്. ആകയാൽ അദ്ദേഹത്തിൻെറ ഉദ്ബോധനങ്ങൾക്കും നിർദ്ദേശങ്ങൾക്കും വളരെ വിലകല്പിക്കേണ്ടതും, അവയെ പരിതസ്ഥിതിയനുസരിച്ചു് പ്രവൃത്തിയിൽ വരുത്തേണ്ടതും നമ്മുടെ കർത്തവ്യമാണു്. അദ്ദേഹത്തിൻെറ ഉദ്ബോധനങ്ങളും നിർദ്ദേശങ്ങളും അടങ്ങിയിട്ടുള്ള ഒരു ചെറിയ ഗ്രന്ഥം നമുക്കിപ്പോൾ ലഭിച്ചിരിക്കുന്നു. പ്രതിമാസഗ്രന്ഥക്ലബിൽനിന്നും പ്രസിദ്ധീകരിക്കുന്ന "ടിസറാങ്ങ് ഗ്രന്ഥാവലി"യുടെ 2-ാം പുസ്തകമായി പുറത്തുവന്നിട്ടുള്ള "തൊഴിലാളികളുടെ മണിക്കൂർ" ആണതു്. കഴിഞ്ഞലക്കത്തിലെ പ്രസാധകക്കുറിപ്പിൽ ഇതിനെപ്പററി സൂചിപ്പിക്കുകയുണ്ടായി. ഗ്രന്ഥത്തിൻെറ പ്രാധാന്യംനിമിത്തം അല്പംകൂടി വിശദമായി അതിനെപ്പററി ഇവിടെ പറയുകയാണു്. കമ്മ്യൂണിസത്തിൻെറ മുന്നേററം തടയാൻ ആഗ്രഹിക്കുന്ന സകലരും ഗ്രന്ഥം വായിക്കണം. തൊഴിലാളികൾക്കും യുവജനങ്ങൾക്കുമായി നടത്തുന്ന സ്റ്റഡി ക്ലാസുകളിൽ ഒരു പാഠപ്പുസ്തകംപോലെ ഉപയോഗിക്കാൻ ഏററവും പററിയതാണതു്. പഠിച്ചശേഷം അതിൽ കാണുന്ന വീക്ഷണത്തിൽ ഇടവകപ്രശ്നങ്ങളെ നേരിടുന്നപക്ഷം കമ്മ്യൂണിസത്തെ തടഞ്ഞുനിറുത്താൻ തീർച്ചയായും സാധിക്കും. ഒരിടവകയിൽ കമ്മ്യൂണിസമുണ്ടെന്നു പലപ്പോഴും പലരും മനസ്സിലാക്കുന്നതു് അവിടെ ആ ദുഷ്പ്രസ്ഥാനം താവളമുറപ്പിച്ചശേഷമാണു്. അതിനുമുൻപായി പ്രതിരോധനടപടികൾ സ്വീകരിക്കുകയാണു വേണ്ടതു്. ആ നടപടികൾ എന്തൊക്കെയാണെന്നു് ഗ്രന്ഥത്തിൽ വിശദമായി ചൂണ്ടിക്കാണിക്കുന്നുണ്ടു്. മോ: കാർഡൈൻ ഗ്രന്ഥത്തിലും, അദ്ദേഹത്തിൻെറ സാധാരണ പ്രസംഗങ്ങളിലെന്നപോലെ, വളരെ ഊന്നിപ്പറയുന്ന ഒരു സംഗതി പ്രത്യേകം ശ്രദ്ധിക്കണം. ഭാവിയുഗം തൊഴിലാളികളുടേതാണു്, അവരുടെ മാത്രമാണു്, മദ്ധ്യവർഗ്ഗക്കാരുടേതല്ല, എന്ന തത്വമാണതു്. പക്ഷെ ഇതു മനസ്സിലാക്കുവാൻ തക്ക ചരിത്രജ്ഞാനമോ, പരിചയമോ സാമാന്യേന നമുക്കില്ല.

മദ്ധ്യവർഗ്ഗക്കാരുടെ കാലം കഴിഞ്ഞുപോയി. തന്മൂലം ഇന്നത്തെ നമ്മുടെ സമുദായോദ്ധാരണപരങ്ങളായ നടപടികളും, ഭക്തകൃത്യങ്ങളും, പ്രസ്ഥാനങ്ങളുമെല്ലാം പഴയപടി മദ്ധ്യവർഗ്ഗക്കാരെ ഉദ്ദേശിച്ചുള്ളതാകരുതു്. ആയാൽ അവ സഫലങ്ങളാകയില്ല. നമ്മുടെ കമ്മ്യൂണിസ്റ്റു് വിരുദ്ധപ്രസ്ഥാനങ്ങളെല്ലാം തൊഴിലാളിയുഗത്തിനു യോജിച്ചവിധത്തിലും തൊഴിലാളികളെ ലക്ഷ്യംവച്ചും പരിഷ്കരിക്കുകയും, പുനരുദ്ധരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ ആ

(ശേഷം 10-ാംപേജിൽ)

Reg. No. M. 2293

# Sathya Deepam

Vol. 27 Ernakulam, June 16, 1954 No. 41

## —വിവിധവൃത്താന്തങ്ങൾ—

### സന്ദർശകർ വത്തിക്കാനിലേക്ക

മേയ് 16-ാംതീയതി ഞായറാഴ്ച വൈകിട്ട "ഫെയ്ത്ത് ഓഫ് ഔർ ഫാദേഴ്സ്" എന്ന പ്രസിദ്ധ ഇംഗ്ലീഷ്ഗാനം ആലപിക്കുന്ന സ്വരം സെൻറ് പീറേറഴ്സിൻെറ അങ്കണത്തിൽനിന്നും പുറപ്പെട്ടതു പരിശുദ്ധപിതാവിൻെറ പഠനമുറിയിൽ പ്രതിധ്വനിച്ചു. മാർപ്പാപ്പാ ജനാല തുറന്നു നോക്കിയപ്പോൾ പശ്ചിമജർമ്മനിയിൽനിന്നു വന്നിരുന്ന 360 ബ്രിട്ടീഷ് യോദ്ധാക്കൾ അവിടത്തേക്കു ചിയേഴ്സ് വിളിക്കുന്നതാണു കണ്ടതു്. അവിടുന്നു അവരെ ആശീർവ്വദിച്ചു യാത്ര പറഞ്ഞു. ഇപ്പോൾ എല്ലാ ദിവസവും വൈകിട്ട 6 മണിക്കു സെൻറ് പീറേറഴ്സിൻെറ അങ്കണത്തിൽ വന്നുചേരുന്ന തീർത്ഥകർക്കും സന്ദർശകർക്കും പരിശുദ്ധപിതാവു് ആശീർവ്വാദം നൽകിക്കൊണ്ടിരിക്കുന്നു. കൂടാതെ എല്ലാ ദിവസവും തന്നെ ഉച്ചസമയത്തും സന്ദർശകരുടെ സംഖ്യ സീമാതീതമായി വർദ്ധിക്കുന്നതുകൊണ്ടു അപ്പോഴും അവിടുന്നു അവരെ അനുഗ്രഹിച്ചു യാത്രപറഞ്ഞയക്കുന്നുണ്ടു്.

### തൊഴിലാളി പ്രതിനിധികൾക്കു് സ്ഥിരസംവരണം

വത്തിക്കാനിൽ നടക്കുന്ന മാർപ്പാപ്പായുടെ ഔദ്യോഗികകർമ്മങ്ങളിൽ സംബന്ധിക്കുന്ന തൊഴിലാളിപ്രതിനിധികൾക്കു പ്രത്യേകം സീററുകൾ എല്ലായ്പോഴും സംവരണം ചെയ്തിരിക്കണമെന്നു പരിശുദ്ധപിതാവു ആജ്ഞാപിച്ചിരിക്കുന്നു.

### യുവതൊഴിലാളികൾ മരിയ തീർത്ഥത്തിൽ

റഷ്യൻഅധീനതയിലുള്ള വ്യവസായശാലകളിലെ യുവതൊഴിലാളികൾ അവർക്കുണ്ടാകാവുന്ന ഉദ്യോഗനഷ്ടത്തെയോ തടവുശിക്ഷയെയോ വകവയ്ക്കാതെ, ആസ്ത്രിയായിൽ പ്രഖ്യാതമായ മരിയസ്സെൽ എന്ന സ്ഥലത്തുവച്ചു നടത്തപ്പെട്ട യുവകത്തോലിക്കാ തൊഴിലാളി (Y. C. W.) റാലിയിൽ പങ്കെടുത്തിരിക്കുന്നു. ഇരുമ്പുമറയോടു ഏററം സമീപസ്ഥിതമായ മരിയതീർത്ഥമാണു് മരിയസ്സെൽ. യുവകത്തോലിക്കാ തൊഴിലാളിസംഘടനയുടെ സ്ഥാപകനായ മോൺ. കാനൻ കാർഡ്ജിൻ തദവസരത്തിൽ സന്നിഹിതനായിരുന്നു. ആസ്ത്രിയൻഗവർമ്മേണ്ടിൻെറ തലവനായ ചാൻസലർ റാബ്ബ് പ്രസംഗിച്ചു. ക്രൈസ്തവബന്ധത്തിൽനിന്നും തെററിപ്പോയിട്ടുള്ള രാജ്യത്തെ തൊഴിലാളികളെ ക്രിസ്തീയജീവിതത്തിലേക്കു പ്രത്യാഗമിപ്പിക്കുന്നതിനു യുവജനങ്ങൾ അവരുടെ പരിശ്രമങ്ങളെ കൂടുതൽ ഊർജ്ജസ്വലമാക്കണമെന്നു ശക്തിയായി അദ്ദേഹം ഉൽബോധിപ്പിച്ചു. വിയന്നായുടെ തെക്കുപടിഞ്ഞാറായി 50 മൈൽ അകലത്തിൽ പർവ്വതമദ്ധ്യത്തിലാണു് മരിയസ്സെൽ തീർത്ഥസ്ഥലം. 800 കൊല്ലങ്ങൾക്കു മുമ്പു ബെനഡിക്റ്റൈൻ സന്യാസികളാണു് അതു സ്ഥാപിച്ചതു്.

### അവശതയനുഭവിക്കുന്ന വർക്കു മാർപ്പാപ്പായുടെ സഹായം

ഗ്രീസ്സിൽ തെസ്സാലി എന്ന സ്ഥലത്തു 'പിൻറസ്' പർവ്വതങ്ങളിലുണ്ടായ ഭൂചലനംമൂലം ഒരു കൊല്ലത്തിനിടയിൽ രണ്ടുപ്രാവശ്യം സ്ഥലവാസികൾ ക്ലേശിതരും പരിഭ്രാന്തരുമാക്കപ്പെട്ടിരിക്കുന്നു. അനേകായിരങ്ങളുടെ ഭവനങ്ങളും വസ്തുവകകളും നഷ്ടപ്പെട്ടു. നൂറിൽപ്പരം ആളുകൾക്കു പരുക്കും ജീവനാശവും സംഭവിച്ചു. ഈ അനിഷ്ടസംഭവത്തെപ്പററി അറിഞ്ഞയുടനെ പരിശുദ്ധ മാർപ്പാപ്പാ ആതൻസിലെ മെത്രാപ്പോലീത്താവഴി ഒരു വമ്പിച്ച തുകയും അനുശോചനസന്ദേശവും അവർക്കു എത്തിച്ചുകൊടുത്തിരിക്കുന്നു. "ഗ്രീക്കുകാർക്കു രണ്ടാമതും നേരിട്ടിരിക്കുന്ന ഈ പരീക്ഷണത്തെപ്പററി കേട്ട നാം അത്യധികം പരിഭ്രാന്തനായിരിക്കുകയാണു്. നിങ്ങളുടെ രാജ്യത്തിൻെറ ദുരിതങ്ങളിൽ നാം സഹതപിക്കുകയും, അത്യാപത്തിനു വിധേയരായവരുടെ കുടുംബങ്ങൾക്കു ദൈവത്തിൻെറ സമാശ്വാസങ്ങൾ ലഭിക്കുന്നതിനു നാം ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും, ഗ്രീക്കുജനതയോടു നമുക്കുള്ള ചിരംതനമായ സൗമനസ്യത്തെ ഉറപ്പിച്ചു പ്രസ്താവിക്കുകയും ചെയ്തുകൊള്ളുന്നു" എന്നായിരുന്നു തിരുമനസ്സിലെ സന്ദേശം.

### പുതിയ വത്തിക്കാൻ റേഡിയോ നിലയങ്ങൾ

ഇപ്പോൾ വത്തിക്കാൻ പ്രക്ഷേപണങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു 1931-ൽ, റേഡിയോയുടെ ജനയിതാവായ മാർക്കോണിതന്നെ വത്തിക്കാനിൽ മാർപ്പാപ്പാക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ള നിലയത്തിൽനിന്നാണു്; കാലാന്തരത്തിൽ പല പരിഷ്കാരങ്ങൾ അതിനു വരുത്തിയിട്ടുണ്ടെങ്കിലും ലോകം മുഴുവനും 'വ്യക്തമായി കേൾക്കാവുന്ന ഒരൊന്നാംകിട റേഡിയോനിലയമാണതെന്നു പറയാൻ വയ്യ. അതുകൊണ്ടു് ഒരു പുതിയ നിലയം ഉണ്ടാക്കണമെന്നുള്ള അഭിപ്രായം കുറെക്കാലമായി നിലവിലുള്ളതാണു്. ഇക്കൊല്ലം പരിശുദ്ധ പിതാവിൻെറ കിരീടധാരണവാർഷികം ആഘോഷിച്ച അവസരത്തിൽ വത്തിക്കാനിൽ സമ്മേളിച്ച 15 കർദ്ദിനാളന്മാരുടെ ഏകയോഗമായ അഭിപ്രായമനുസരിച്ചു് അതിൻെറ നിർമ്മാണം ഉടനെ ആരംഭിക്കണമെന്നു തീരുമാനിച്ചിരിക്കയാണു്. വത്തിക്കാൻ സംസ്ഥാനത്തിനു വെളിയിലാണു് രണ്ടു നിലയങ്ങൾ പണിയുന്നതിനു നിശ്ചയിച്ചിട്ടുള്ളതു്. ഒന്നു പ്രക്ഷേപണം സ്വീകരിക്കുന്നതിനും മറേറതു് അയക്കുന്നതിനും. ഇവ പണിയുന്നതിനുള്ള സ്ഥലങ്ങളുടെകാര്യത്തിൽ വത്തിക്കാനും ഇററാലിയൻ ഗവർമ്മെൻറുമായി 1951-ൽ വേണ്ട ഉടമ്പടികൾ ചെയ്തുകഴിഞ്ഞിട്ടുള്ളതാണു്. അതുകൊണ്ടു് വിനാവിളംബം ആ പണികൾ പൂർത്തിയാകുമെന്നും ലോകത്തിൻെറ ഏതുഭാഗത്തും വത്തിക്കാനിൽനിന്നുള്ള പ്രക്ഷേപണങ്ങൾ വിശദമായി ശ്രവിക്കുന്നതിനു സാധിക്കുമെന്നും പ്രതീക്ഷിക്കാം.

### ചൈനയിലെ കത്തോലിക്കാ ചലച്ചിത്രതാരം

ചൈനീസ്സ് ചലച്ചിത്രതാരങ്ങളിൽ പ്രഥമസ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ഒരു അനുഗൃഹീത യുവതിയാണു് മിസ്സ് തെരെസ്സാ ലീലിവാ. പരമ്പരാഗതമായ കലാനൈപുണ്യത്തിനു പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ഒരു പെക്കിംഗ് കുടുംബത്തിലെ അംഗമാണവൾ. അവൾ ജനിച്ചതും വളർന്നതും ഷാങ്കേയിലാണെങ്കിലും പെക്കിംഗിൽ നാലുകൊല്ലത്തോളം പരിശീലനം നിർവ്വഹിച്ചിട്ടുണ്ടു്. 17-ാമത്തെ വയസ്സിൽത്തന്നെ അവൾ നടനകലയിൽ അദ്വിതീയസ്ഥാനം കരസ്ഥമാക്കി. അവൾ അഭിനയിക്കുന്ന പടങ്ങൾക്കു ജനതാമദ്ധ്യത്തിൽ പ്രിയംവർദ്ധിച്ചു. പക്ഷെ നിരർത്ഥകമായ സാധാരണ ചിത്രനിർമ്മാണത്തിൽ അവൾക്കു മതിപ്പില്ലാതായിരിക്കുകയാണു്. കമ്മ്യൂണിസ്റ്റാദർശങ്ങളെ ഏതെങ്കിലും തരത്തിൽ ഉള്ളടക്കുന്ന യാതൊരു ചിത്രത്തിലും അവൾ പങ്കെടുത്തിട്ടില്ല. സാധാരണ ചിത്രങ്ങളുടെ നിലവാരത്തിലുള്ള അന്തസ്സാരവിഹീനതകൊണ്ടു് അതൃപ്തയായി അവൾ ഇപ്പോൾ ഒരു ഫിലിംനിർമ്മാണസ്ഥാപനം സ്വന്തമായി തുടങ്ങിയിരിക്കുകയാണു്. ചൈനയുടെ ഒന്നാമത്തെ ചക്രവർത്തിയായ ചിൻഷിഹാങ്ങു നിർമ്മിച്ചതും വളരെ ചരിത്രപ്രാധാന്യമുള്ളതുമായ ചൈനീസ്സ് കോട്ടയുടെ ചരിത്രമാണു് ആ ചിത്രത്തിൻെറ പ്രതിപാദ്യം. മിസ്സ് തെരെസ്സാ ഒരുത്തമ കത്തോലിക്കാ വനിതയാണു്. മതകർമ്മങ്ങളിൽ അതീവഭക്തിപൂർവ്വം പങ്കെടുക്കുന്നു. ഹോങ്കോങ്ങിലെ കൗലൂണിലുള്ള സെൻറ് തെരെസ്സാസ്സ് ദേവാലയത്തിൽ ഞായറാഴ്ചതോറും ദിവ്യകാരുണ്യം സ്വീകരിക്കുന്നവരുടെ കൂട്ടത്തിൽ മിസ്സ് തെരെസ്സാ ലീലിവായെ മുടങ്ങാതെ കാണാൻ സാധിക്കും.

### വി. പത്താംപീയൂസ് നിയമിച്ച വൈദികാദ്ധ്യക്ഷർ

വിശുദ്ധ പത്താംപീയൂസ് കല്പിച്ചുനിയമിച്ച വൈദികാദ്ധ്യക്ഷന്മാരിൽ 41 പേർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. അവരിൽ 4 പേർ ഇപ്പോൾ കർദ്ദിനാളന്മാരാണു്. അന്ത്യോക്യായിലെ സുറിയാനി പാത്രിയാർക്കായ അത്യുന്നത കർദ്ദിനാൾ ടപ്പോണി തിരുമേനിയെ 1912-ൽ അദ്ദേഹത്തിൻെറ 32-ാമത്തെ വയസ്സിൽ ഒരു സ്ഥാനികമെത്രാനായി നിയമിച്ചു. കപിറേറായിലെ മെത്രാപ്പോലീത്തായായ അത്യുന്നത കർദ്ദിനാൾ ഡെല്ലാ ടോറെ തിരുമേനിയെ അദ്ദേഹത്തിനു് 38 വയസ്സായിരിക്കെ ലോജായിലെ മെത്രാനായി നിയമിച്ചു. ഇപ്പോൾ അദ്ദേഹത്തിനു് 80 വയസ്സു പ്രായമുണ്ടു്. സാൻറിയാഗോവിലെ മെത്രാപ്പോലീത്തായായ അത്യുന്നത കർദ്ദിനാൾ കാരോ റൊഡ്റിഗസു തിരുമേനി 1912-ൽ ഒരു സ്ഥാനികമെത്രാനായി നിയമിക്കപ്പെട്ടു. ഇപ്പോൾ അദ്ദേഹത്തിനു് വയസ്സ് 87. ബ്രസീലിൽ ബാഹിയായുടെ മെത്രാപ്പോലീത്തായായ അത്യുന്നത കർദ്ദിനാൾ ദാസിൽവാ തിരുമേനി 1911-ൽ മെത്രാനായി നിയമിതനായി. ഇപ്പോൾ അദ്ദേഹത്തിനു 78 വയസ്സുണ്ടു്. ഇപ്പോൾ 90 വയസ്സുള്ള മെൽബോണിലെ മാനിക്സ് മെത്രാപ്പോലീത്തായും, 83 വയസ്സുള്ള ബ്രിസ്ബേയിനിലെ ഡുഹിഗ്ഗ് മെത്രാപ്പോലീത്തായും, 94 വയസ്സുള്ള കില്ലാലോയിലെ ഫൊഗാർട്ടി മെത്രാനും മററുമാണു് മേല്പറഞ്ഞ വൈദികാദ്ധ്യക്ഷന്മാരിൽ ബാക്കിയുള്ളവർ.

### മാർപ്പാപ്പാ തിരുമേനി ടെലിവിഷനിൽ

ചരിത്രത്തിൽ ഇദംപ്രഥമമായി മാർപ്പാപ്പാ തിരുമേനി ജൂൺ 7-ാംനു ടെലിവിഷനിലൂടെ 8 രാഷ്ട്രങ്ങളിൽപ്പെട്ട 9 കോടി ജനങ്ങൾക്കു ദർശനം നൽകിയിരിക്കുന്നു. രണ്ടു ടെലിക്യാമറാകൾക്കഭിമുഖമായി നിന്നുകൊണ്ടു് 78 വയസ്സായ 12-ാം പീയൂസ് തിരുമേനി 15 മിനിട്ടുനേരം സംസാരിക്കയുണ്ടായി. ഇററാലിയൻ, ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ്, ഡച്ച് എന്നീ ഭാഷകളിലാണു് തിരുമേനി സംസാരിച്ചതു്. തുടന്നു തിരുമേനി ശ്രോതാക്കളെ ആശീർവ്വദിക്കുകയുണ്ടായി. ഉത്തര ഇററലിയിൽനിന്നും സ്വിററ്സർലണ്ടിലേക്കും ഫ്രാൻസിലേക്കും അവിടെനിന്നും ബൽജിയം, ഹോളണ്ട് എന്നീ രാജ്യങ്ങളിലേക്കും അവിടെനിന്നും പശ്ചിമജർമ്മനി, ഡൻമാർക്ക് എന്നിവിടങ്ങളിലേക്കും, അനന്തരം ബ്രിട്ടനിലേക്കുമാണു് ഫിലിം റിലേ ചെയ്യപ്പെട്ടതു്. യൂറോപ്പിൽ നടക്കുന്ന ഓരോ സംഭവവും യൂറോപ്യൻ ഭവനങ്ങളിൽ ദൃശ്യമാകുവാനിടയാകുമാറു് സാങ്കേതികവൈദഗ്ദ്ധ്യത്തിനുണ്ടായ പുരോഗതിയെ മാർപ്പാപ്പാ തിരുമേനി പ്രശംസിച്ചു. യൂറോപ്യൻ ജനതയുടെ മനോവികാരങ്ങൾ മററുള്ളവർക്കു മനസ്സിലാക്കിക്കൊടുക്കുവാനും, പരസ്പരധാരണയ്ക്കും സഹകരണത്തിനുമുള്ള ആഗ്രഹത്തെ ഇതരജനവിഭാഗങ്ങളെ ധരിപ്പിക്കുന്നതിനും, അതിർത്തിവരമ്പുകൾ ഇല്ലാതാക്കാനും, മാനുഷികക്ഷേമത്തിനു പുതുതായ ചിലതൊക്കെ സംഭാവനചെയ്യുവാനും ടെലിവിഷൻ ഏർപ്പാടുമൂലം സാധിക്കുമെന്നും തിരുമേനി പ്രസ്താവിച്ചു.

### ഫ്രാൻസിൽ കമ്മ്യൂണിസം പരാജയപ്പെടുന്നു

ഫ്രാൻസിൽ കമ്മ്യൂണിസ്റ്റുകളുടെ ശക്തി ഏഴുകൊല്ലംകൊണ്ടു് പകുതിയായി ക്ഷയിച്ചിരിക്കുന്നുവെന്നു് പാർട്ടികോൺഗ്രസിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ഔദ്യോഗികകണക്കുകളിൽ നിന്നു വെളിപ്പെട്ടിരിക്കുന്നു.

—o—

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

